
RURAL INFORMATION BUREAU

# ഗ്രാമഭൂമി

ജനുവരി-ഫെബ്രുവരി 2018
പുസ്തകം 41 ലക്കം 01

ദ്വൈമാസിക



# ലോക കേരളസഭയും മലയാളി സമൂഹവും


നമ്മുടെ തന്നെ ആരോഗ്യമാണ്
നാം വലിച്ചെറിയുന്നത്!
SUCHITWA MISSION | Swaraj Bhavan, Base Floor (-1), Nanthencode, Kowdiar PO, Thiruvananthapuram - 695003


“ അഴുകുന്ന മാലിന്യങ്ങൾ
വീട്ടിൽതന്നെ കമ്പോസ്റ്റാക്കാം”
SUCHITWA MISSION


ഡിസ്പോസിബിൾ
വസ്തുക്കളോട്
പറയാം
NO!
SUCHITWA MISSION | Swaraj Bhavan, Base Floor (-1), Nanthencode, Kowdiar PO, Thiruvananthapuram - 695003

റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കേരള സർക്കാർ

ഗ്രാമഭൂമി
ദ്വൈമാസിക
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

2018 ജനുവരി–ഫെബ്രുവരി
പുസ്തകം 41
ലക്കം 1

## എഡിറ്റോറിയൽ

# ലോക കേരളസഭ
# ലോകത്തോളം വളരുന്ന മലയാളിയുടെ സഭ

ലോകം വളരുകയാണ്. അതിനെക്കാൾ വേഗത്തിൽ, രാജ്യങ്ങളുടെയും ഭൂഖണ്ഡങ്ങളുടെയും അതിരുകൾ കടന്ന് മലയാളി വളരുന്നതിന്റെ ചിത്രമാണ് ലോകകേരളസഭ നൽകുന്നത്.

വിശ്വപൗരത്വ സങ്കൽപത്തോട് ഇത്രയധികം കൂറുള്ള ഒരു ജനത മലയാളികളെ പോലെ, വേറെയില്ല. ഭൂമിശാസ്ത്രപരമോ രാഷ്ട്രീയമോ ആയ എല്ലാ സങ്കുചിതത്വങ്ങൾക്കും അപ്പുറമെത്തിയ ലോകപൗരനാണ് ഇന്നത്തെ മലയാളി. കേരളത്തിലും വെളിയിലും പ്രവർത്തിക്കുന്ന മലയാളികളായ സംരംഭകർ, അവരുടെ കാര്യക്ഷമതയും നവീനാശയങ്ങളും കൊണ്ട് മാത്രമല്ല, ഈ ഉന്നതമായ നൈതിക നിലവാരം കൊണ്ടും ശ്രദ്ധേയരാണ് . ലോകത്തിന്റെ തൊഴിൽ സാഹചര്യങ്ങൾ അതിവേഗം മാറുകയാണ്. വിദേശ മലയാളിയുടെ പ്രശ്നങ്ങളും അതിനൊപ്പം മാറിക്കൊണ്ടിരിക്കും. പ്രവാസികളുടെ പ്രശ്നങ്ങൾ പ്രവാസികളെ കൂടി ഉൾപ്പെടുത്തി വിശാലമായ ജനാധിപത്യ വേദിയിൽ ചർച്ച ചെയ്യുക എന്ന വലിയ ദൗത്യമാണ് ലോക കേരള സഭ നിർവഹിച്ചിരിക്കുന്നത്. ലോകപൗരനായി വളർന്ന മലയാളിയുടെ വേദിയാണ് ലോകകേരള സഭ എന്നു പറയാം.

പിറന്ന നാടിന്റെ മഹത്വം മനസ്സിലാക്കാനാവുക മറ്റൊരു നാട്ടിലെത്തുമ്പോൾ ആണെന്ന് പറയാറുണ്ട്. കേരളത്തിന്റെ സംസ്കാരത്തോടും ഈ മണ്ണിന്റെ പാരമ്പര്യത്തോടും ഗൃഹാതുരത്വം വച്ചുപുലർത്തുന്നവരാണ് വിദേശ രാജ്യങ്ങളിൽ പണിയെടുക്കുന്ന മലയാളികൾ. അതിൽ ചെറിയൊരു വിഭാഗം മാത്രമാണ് സമ്പന്നരെന്നു വിളിക്കാവുന്നവർ. കടങ്ങളും ബാധ്യതകളും തീർത്ത് കേരളത്തിൽ തിരിച്ചെത്താനും ഭേദപ്പെട്ട ജീവിതം കരുപ്പിടിപ്പിക്കാനുമുള്ള നിശ്ചയത്തോടെ, പലവിധ പ്രയാസങ്ങൾ നേരിട്ട് എല്ലുമുറിയെ പണിയെടുക്കുന്നവരാണ് പ്രവാസി മലയാളികളിൽ ഭൂരിപക്ഷവും. പിറന്ന നാടിനെക്കുറിച്ചുള്ള ഗൃഹാതുരത്വമാണ് അവരുടെ സങ്കൽപങ്ങളുടെ കരുത്ത്. അതാണ് വിദേശത്തെ പ്രതികൂല സാഹചര്യങ്ങളിൽ ശരാശരി മലയാളിയെ താങ്ങിനിർത്തുന്നത്. ഇന്ന് നാമനുഭവിക്കുന്ന സാമ്പത്തികമായി ഭേദപ്പെട്ട അവസ്ഥയ്ക്ക് പിന്നിൽ ഈ വിദേശമലയാളികളുടെ ത്യാഗത്തിന്റെയും വിയർപ്പിന്റെയും പങ്കുണ്ട്.

ലോക കേരളസഭയിലെ ചർച്ചകൾ പ്രവാസി ക്ഷേമത്തിന്റെ മാത്രം കാര്യമായി കരുതിക്കൂടാ. കേരളവികസനമാണ്, ആത്യന്തികമായി, അതിന്റെ വിഷയം. സംരംഭകർക്ക് പ്രോത്സാഹനം നൽകി, അതിലൂടെ വികസനത്തിന് അനുയോജ്യമായ അന്തരീക്ഷം ഒരുക്കുക എന്നത് വളരെ പ്രധാനമാണ്. നമ്മുടെ സാമൂഹിക വികസന നേട്ടങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാവണം ഈ വികസനമെന്ന് സഭയിൽ പങ്കെടുത്ത കേരളത്തിന്റെ വികസന നായകർ വ്യക്തമാക്കുകയുണ്ടായി. ലോകത്തിന്റെ ഏത് ഭാഗത്തെയും സാധ്യതകൾ കേരളത്തിന്റെ വികസനത്തിനു വേണ്ടി പ്രയോജനപ്പെടുത്താനുള്ള മുഖ്യമന്ത്രി പിണറായി വിജയന്റെ ആഹ്വാനം പ്രതീക്ഷയോടെയാണ് ലോക മലയാളി കേട്ടത്. ഒരർത്ഥത്തിൽ, ഭാവികേരളം എന്തായിരിക്കണമെന്ന രൂപരേഖയാണ് ലോകകേരളസഭയിൽ ചർച്ച ചെയ്യപ്പെട്ടത്. വിദേശ മലയാളികളുടെ സംഭാവന ഒഴിച്ചുനിർത്തിക്കൊണ്ട്, കേരളത്തിന്റെ വികസനത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഇന്നത്തെ അവസ്ഥയിൽ സാധ്യമല്ലല്ലോ.

സമൂഹം വളരും തോറും തുടർന്നുള്ള വളർച്ചയുടെ വെല്ലുവിളികളും ശക്തിപ്പെടും. ആ സമ്മർദ്ദമാണ് കേരളം ഇന്നനുഭവിക്കുന്നത്. പ്രവാസികളുടെ പണം ഭാവനാപരമായും പ്രത്യുൽപാദനപരമായും ഉപയോഗപ്പെടുത്തിയാൽ കേരളത്തിൽ വിസ്മയകരമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയുമെന്ന് സഭയിൽ പങ്കെടുത്തവർ ഒറ്റ സ്വരത്തിൽ പറയുകയുണ്ടായി. ആഗോള പ്രവാസി പണത്തിന്റെ 12 ശതമാനത്തിൽ കൂടുതലാണ് ഇന്ത്യയിലെത്തുന്ന പ്രവാസി പണമെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. അതിൽ ഏറ്റവും വലിയ പങ്ക് മലയാളികളുടേതാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. കേരളത്തിൽ നവംനവങ്ങളായ സംരംഭങ്ങൾ ആരംഭിക്കാനും വികസിപ്പിക്കാനും പ്രവാസി മലയാളികളുടെ അനുഭവങ്ങൾ മുതൽക്കൂട്ടാവണം. വിജയം കൈവരിച്ച സംരംഭകരെ ചുറ്റിപ്പറ്റിയാവരുത് നമ്മുടെ പ്രവാസി നയമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ദുർബലരായ പ്രവാസികളെ സഹായിക്കുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനുമുള്ള സാധ്യതകളും ലോക കേരള സഭയിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. പ്രവാസികൾക്ക് കേരളത്തിന്റെ വ്യവസായ രംഗത്തേക്ക് കൂടുതൽ എളുപ്പത്തിൽ കടന്നുവരാൻ കഴിയുന്ന സാഹചര്യമൊരുക്കാൻ ലോകകേരള സഭ പ്രേരണയാകും എന്ന് കരുതാം. പ്രവാസികളായ സംരംഭകർ വിദേശത്തു കൈവരിക്കുന്ന നേട്ടങ്ങൾ കേരളത്തിന്റെ വ്യാവസായിക വികസനത്തിന് കൂടി സഹായകമാവണം.

ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ കൊണ്ടാണ് എന്നും കേരളം ലോകത്തിനു മാതൃകയായത്. ലോക കേരളസഭ വന്നതോടെ, ഈ ജനാധിപത്യ പ്രക്രിയ വിദേശ മലയാളികളിലേക്കും എത്തിയിരിക്കുന്നു. നമുക്ക് ലോകത്തോളം വളരാം, സ്വന്തം വേരുകൾ മറക്കാതെ.

**അജിതാദാസ്**
ചീഫ് എഡിറ്റർ

**ഉപദേശക സമിതി ചെയർമാൻ:** കെ. രാമചന്ദ്രൻ ഐ.എ.എസ്, ഗ്രാമവികസന കമ്മീഷണർ
**അംഗങ്ങൾ** വി.എസ്. സന്തോഷ്കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-I, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിളാ കിസാൻ സശാക്തീകരൺ പരിയോജന(i/c)
കെ. ഷൗക്കത്താലി, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ PMGSY ● സി.വി. ജോയി, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ RIDF
പി.ജെ. ആന്റണി, ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി ● പി.കെ. മോഹനൻ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ പ്ലാനിംഗ്
സി. മാധവൻ, ഡെപ്യൂട്ടി ഡയറക്ടർ (P&M) ● ദീപ, ഫിനാൻസ് ഓഫീസർ ● എ. അജിത്ദാസ്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ചീഫ് എഡിറ്റർ **അജിതാദാസ്,** ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ എഡിറ്റർ **പി.കെ. ശ്രീവത്സകുമാർ,** കാമ്പയിൻ ഓഫീസർ
അസിസ്റ്റന്റ് എഡിറ്റർമാർ **സി. പ്രശാന്ത്** അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ, **ഷിജു ഏലിയാസ്**
സർക്കുലേഷൻ മാനേജർ **റ്റി. സനൽകുമാർ,** മാനേജർ കവർ & ലേ-ഔട്ട് **രതീഷ് കുമാർ** rash8590070404@gmail.com
ഓഫീസ് **റൂറൽ ഇൻഫർമേഷൻ ബ്യൂറോ,** ആറാം നില, സ്വരാജ് ഭവൻ,നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം - 3. ഫോൺ : 0471 2317262 email : ribkerala@gmail.com

# കത്തുകൾ

## പരിസ്ഥിതിയെപ്പറ്റി കൂടുതൽ രചനകൾ ഉൾപ്പെടുത്തണം

ഗിഫു മേലാറ്റൂരിന്റെ 'സ്നേഹപൂർവം നിള' വിജ്ഞാനപ്രദമായി. നദികളും കായലുകളുമാണ് കേരളത്തെ കേരളമാക്കിയത്. ജലാശയങ്ങളെ സംരക്ഷിക്കാൻ സർക്കാർതലത്തിലും അല്ലാതെയും ശക്തമായ നടപടികൾ ഉണ്ടാവുന്നത് പ്രതീക്ഷ തരുന്നു. പരിസ്ഥിതി സംബന്ധമായ കൂടുതൽ സൃഷ്ടികൾ ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കണം.

**പ്രദീപ് കുമാർ**, കല്ലയം

## മൺപാത്രങ്ങൾ തിരിച്ചു വരട്ടെ!

'മണ്ണാണ് ജീവൻ' എന്ന സ്റ്റോറി ശ്രദ്ധേയമായി. മണ്ണു കൊണ്ട് പാത്രങ്ങളും കലാരൂപങ്ങളും നിർമിക്കുന്നവരുടെ ജീവിതം അടുത്തറിയാനും അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കാനും ഈ അഭിമുഖം സഹായിച്ചു. മനോജിന്റെ വാക്കുകൾ മണ്ണിൽ നിന്നും നാടിന്റെ സംസ്കാരത്തിൽ നിന്നും അകലുന്ന പുതിയ തലമുറയ്ക്കുള്ള താക്കീതായി . മൺപാത്രങ്ങൾ തിരിച്ചു വരട്ടെ. ഒപ്പം, മണ്ണിന്റെ നന്മയും! മനോജിനും ഗ്രാമഭൂമിക്കും അഭിനന്ദനങ്ങൾ!

**പ്രസന്നൻ**, പയ്യന്നൂർ

## ഉണർത്തുപാട്ട്

നാടും നഗരവും മാലിന്യം കൊണ്ട് വീർപ്പുമുട്ടുന്ന ഈ കാലത്ത്, അതിനെതിരെയുള്ള ഉണർത്തുപാട്ടായി മാറി കഴിഞ്ഞ ലക്കം ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിച്ച കുഞ്ഞപ്പ പട്ടാന്നൂരിന്റെ 'മലിനമാക്കല്ലേ' എന്ന കവിത. ബോധവത്ക്കരണവും കാവ്യാത്മകതയും ഒത്തുചേരുന്ന ഇത്തരം കവിതകൾ തുടർന്നും പ്രതീക്ഷിക്കുന്നു.

**അജിത് കുമാർ**, ചടയമംഗലം

## നാടകത്തിലെ നാടോടിത്തനിമ

സാധാരണക്കാരായ ജനങ്ങൾക്കിടയിൽ രൂപപ്പെട്ട കാക്കാരിശ്ശി നാടകമെന്ന നാടോടി കലാരൂപത്തെ സമഗ്രമായിത്തന്നെ പരിചയപ്പെടുത്തിയ ലേഖനമായിരുന്നു ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിച്ച 'കാക്കാരിശ്ശി നാടകം;കഥയും ദേശവും.' അന്യം നിന്നുപോകുന്ന ഇത്തരം കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കാൻ വേണ്ട കൂടുതൽ ഇടപെടലുകൾ ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. ലേഖകനും ഗ്രാമഭൂമിക്കും അഭിനന്ദനങ്ങൾ.

**സന്ധ്യ**, അമ്പലപ്പുഴ






**കവർസ്റ്റോറി**

**6** **ലോക കേരളസഭയും മലയാളി സമൂഹവും**
പിണറായി വിജയൻ


**'ഗ്രാമഭൂമി' ദ്വൈവാർഷിക വരിസംഖ്യ 24 രൂപ**
**തപാലിൽ ലഭിക്കുവാൻ**
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം 695 003 എന്ന വിലാസത്തിൽ
**മണിയോർഡർ അയയ്ക്കുക** email : ribkerala@gmail.com


*ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.*




## അഭിമുഖം

22 കളരിത്തറകൾ ഉണരുമ്പോൾ
ഡോ. പ്രകാശൻ ഗുരുക്കൾ / ഷിജു ഏലിയാസ്





## വികസനം

14 കേരളം വഴി കാട്ടുന്നു
കെ.ടി. ജലീൽ

## കവിത

20 ഒരു നിശ്ചല ഛായാ ചിത്രം
റോസ് മേരി





## ചരിത്രം

30 റവന്യൂഭരണം
ചരിത്രത്തിന്റെ ഏടുകളിലൂടെ
എം. നന്ദകുമാർ ഐ.എ.എസ് (റിട്ട.)







## അനുസ്മരണം

33 സ്വാമി വിവേകാനന്ദൻ
അനശ്വര യുവത്വത്തിന്റെ പ്രതീകം
ചിന്താ ജെറോം

35 വികസന ബ്ലോക്കുകളിലൂടെ
37 വികസനവാർത്തകൾ



ലോക കേരള സഭയിൽ മുഖ്യമന്ത്രി നടത്തിയ ഉദ്ഘാടന പ്രസംഗം

# ലോക കേരളസഭയും മലയാളി സമൂഹവും

**പിണറായി വിജയൻ**
മുഖ്യമന്ത്രി

ലോക കേരളസഭ എന്ന മഹത്തായ സങ്കൽപം യാഥാർത്ഥ്യമാവുകയാണിവിടെ. സഭയുടെ പ്രഥമ സമ്മേളനം നടക്കുകയാണിവിടെ. ഇതിലേക്കു വന്നെത്തിയിട്ടുള്ള മുഴുവൻ പേരെയും സന്തോഷത്തോടെയും അഭിമാനത്തോടെയും ഞാൻ സ്വാഗതം ചെയ്യുന്നു.

'കേരളം വളരുന്നു; പശ്ചിമഘട്ടങ്ങളെ കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ' എന്ന് എത്രയോ പതിറ്റാണ്ടുകൾക്കു മുമ്പേ തന്നെ മലയാളത്തിന്റെ ഒരു മഹാകവി കുറിച്ചുവച്ചു- മഹാകവി പാലാ നാരായണൻനായർ. അന്നും അതിനുശേഷവും ആ വാക്കുകൾ കുടുതൽ കൂടുതൽ സത്യവും യാഥാർത്ഥ്യവുമാവുന്നതാണു നമ്മൾ കണ്ടത്. അതെ, കേരളം വിശ്വചക്രവാളങ്ങളോളം വളരുന്ന കാലമാണു കടന്നുപോയത്. ആ വളർച്ച ഇന്നും തുടരുകയാണ്.

കേരളം ഇന്ന് അതിരുകളാൽ മാത്രം മനസ്സിലാക്കപ്പെടേണ്ട ഒരു ഭൂപ്രദേശമല്ല. അതിരുകളെ അതിലംഘിച്ച് ലോകമെമ്പാടുമായി പടർന്നുനിൽക്കുന്ന മഹത്വമാർജിച്ച ഒരു അന്താരാഷ്ട്ര സമൂഹത്തെയാണ് കേരളീയർ എന്ന വാക്ക് ഇന്ന് അടയാളപ്പെടുത്തുന്നത്.

ഈ വിശാലത നമ്മുടെ മനസ്സിലും പ്രതിഫലിക്കേണ്ടിയിരിക്കുന്നു. ഈ ചിന്തയാണ് ലോക കേരളസഭ എന്ന സങ്കൽപത്തിലേക്കു നമ്മെ നയിച്ചത്. ലോകത്തിന്റെ ഏതു ഭാഗത്തുള്ള ഏതു മലയാളിയുടെയും ഏതു രംഗത്തെ നൈപുണ്യവും വൈദഗ്ധ്യവും നമുക്ക് കേരളത്തിനായി കൂടി പ്രയോജനപ്പെടുത്താൻ കഴിയണം. ലോകത്തിന്റെ ഏതു ഭാഗത്തെ ഏതു തരത്തിലുള്ള സാധ്യതകളും നമ്മുടെ കേരളീയസമൂഹത്തിന്, പ്രത്യേകിച്ച് യുവതലമുറയ്ക്ക് പ്രയോജനപ്പെടുത്താൻ കഴിയണം.

ഇത്തരം ഒരു കൊടുക്കൽ വാങ്ങലിന്റെ പാലം കേരളത്തിൽ കഴിയുന്ന സമൂഹത്തിനും കേരളത്തിനു പുറത്തുള്ള കേരളീയ പ്രവാസി സമൂഹത്തിനും ഇടയിൽ ഉണ്ടാവണം. അത് ഇരുകൂട്ടർക്കും ഒരുപോലെ പ്രയോജനപ്പെടും. അതുണ്ടാവുമ്പോൾ കേരളത്തിലുള്ള കേരളീയർ എന്നും കേരളത്തിനു പുറത്തുള്ള കേരളീയർ എന്നുമുള്ള വേർതിരിവുപോലും പതിയെ അലിഞ്ഞ് ഇല്ലാതാവും. ഒരു ലോക കേരളസമൂഹം പിറവിയെടുക്കും. അത്തരമൊരു മഹത്തായ ലക്ഷ്യം മുൻനിർത്തിയാണ് ലോക കേരളസഭ രൂപീകരിച്ചിട്ടുള്ളത്.

ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നുമുള്ള കേരളീയസമൂഹത്തിന്റെ പ്രാഗൽഭ്യത്തിനും പ്രാവീണ്യത്തിനും ഇതിൽ പ്രാതിനിധ്യമുണ്ടാവണമെന്ന കാര്യത്തിൽ പരമാവധി നിഷ്കർഷ പുലർത്തിയിട്ടുണ്ട്. എങ്കിലും എല്ലാ പ്രഗൽഭരെയും ഉൾക്കൊള്ളാൻ പറ്റി എന്നോ, ഇതിനു പുറത്ത് പ്രഗൽഭരില്ല എന്നോ അർത്ഥമാക്കേണ്ടതില്ല. ഇത് ഒരു തുടക്കമാണ്, പോരായ്മകൾ ഉണ്ടായിട്ടുണ്ടാവാം. എന്നാൽ, അത് പരിഹരിച്ച് മുമ്പോട്ടുപോകാനുള്ള ഘട്ടമാണ് നമ്മുടെ മുമ്പിലുള്ളത്. അത് ആ വിധത്തിൽത്തന്നെ പ്രയോജനപ്പെടുത്തിയാവും നാം തുടർന്നു നീങ്ങുക.



**ഒരു കൊടുക്കൽ വാങ്ങലിന്റെ പാലം കേരളത്തിൽ കഴിയുന്ന സമൂഹത്തിനും കേരളത്തിനു പുറത്തുള്ള കേരളീയ പ്രവാസി സമൂഹത്തിനും ഇടയിൽ ഉണ്ടാവണം. അത് ഇരുകൂട്ടർക്കും ഒരുപോലെ പ്രയോജനപ്പെടും. അതുണ്ടാവുമ്പോൾ കേരളത്തിലുള്ള കേരളീയർ എന്നും കേരളത്തിനു പുറത്തുള്ള കേരളീയർ എന്നുമുള്ള വേർതിരിവു പോലും പതിയെ അലിഞ്ഞ് ഇല്ലാതാവും. ഒരു ലോക കേരളസമൂഹം പിറവിയെടുക്കും.**

ഈ സമ്മേളനത്തിൽ കേരളത്തിലെ എംഎൽഎമാരും എംപിമാരും പങ്കെടുക്കുന്നുണ്ട്. പ്രവാസി പ്രതിനിധികളുടെ ക്രിയാത്മകമായ നിർദേശങ്ങൾ സംസ്ഥാന-കേന്ദ്ര നിയമനിർമാണ സഭകളിൽ ഉയർത്തുക, അതിൻപ്രകാരമുള്ള നയ-നിയമങ്ങൾ രൂപപ്പെടുത്തുന്നതിന്റെ സാധ്യതകൾ ആരായുക എന്നിവയാണ് പ്രധാനമായും അവരുടെ സാന്നിധ്യംകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്.

കേരളത്തിലെ നിയമനിർമാണ സഭാചരിത്രത്തിന് നൂറ്റിമുപ്പതു വയസ്സാവുന്ന ഘട്ടത്തിലാണ് നിയമനിർമാണാധികാരമില്ലാത്തതെങ്കിലും ഉപദേശാധികാരമുള്ള ലോക കേരളസഭ പിറവിയെടുക്കുന്നത്. ഇതു തീർച്ചയായും നമ്മുടെ ജനാധിപത്യത്തിന്റെ വളർച്ചയെയും വൈവിധ്യവൽക്കരണത്തെയുമാണ് അടയാളപ്പെടുത്തുന്നത്. ലോക കേരളസഭ നാളെ ഏതൊക്കെ രൂപത്തിലായി മാറും എന്നതും ഏതൊക്കെ അധികാരമാർജിക്കും എന്നതുമൊക്കെ നാം കാലത്തിനു വിട്ടുകൊടുക്കുക. ഏതായാലും കേരളത്തിന്റെ സമഗ്ര വികസനത്തിൽ നിർണായകമായി ഇടപെടാൻ കഴിയുന്ന ക്രിയാത്മകതയുടേതായ സഭ എന്ന നിലയിലാണ് നാം ഇതിനെ വിഭാവനം ചെയ്തിട്ടുള്ളത്. ഈ സങ്കൽപം യാഥാർത്ഥ്യമാക്കാൻ നമുക്കു കഴിയുമെന്ന പ്രത്യാശ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

ശ്രീമൂലം തിരുനാൾ ആരംഭിച്ച ലജിസ്ളേറ്റീവ് കൗൺസിൽ തൊട്ട് ഇങ്ങോട്ടുള്ള ജനാധിപത്യ ചരിത്രത്തിലെ പുതിയ കണ്ണിയായി ലോക കേരളസഭ മാറുകയാണ്. ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുടെ ചരിത്രത്തിൽ ആദ്യമായി ഒരു ജനാധിപത്യസഭ ഉണ്ടായത് ഇവിടെയാണെന്നതും അതും ഉപദേശക സ്വഭാവത്തിൽ മാത്രമുള്ളതായിരുന്നുവെന്നതും ഓർമിക്കണം.

ആ പശ്ചാത്തലത്തിലാണ് ഉപദേശക സ്വഭാവത്തിലായിരുന്ന ആ സഭയുടെ നേർതുടർച്ചയിലെ പുതു കണ്ണി എന്ന സ്ഥാനം ഉപദേശകസ്വഭാവത്തിൽ തന്നെയുള്ള ലോക കേരളസഭയ്ക്കു ലഭിക്കുന്നത്. ലോക കേരളസഭയ്ക്ക് നിയമനിർമാണ അധികാരം ഇല്ലെന്നിരിക്കെ എന്തിന് ഇവിടെ നിയമസഭാചരിത്രം പറയുന്നുവെന്ന് ആരെങ്കിലും സംശയിച്ചാൽ, ആ സംശയത്തിന് അടിസ്ഥാനമില്ല എന്നു വ്യക്തമാക്കാനാണ് ഞാനിതു വിശദീകരിക്കുന്നത്. 1888 ജനുവരിയിൽ ദിവാൻ ടി രാമറാവു ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ മുമ്പാകെ വെച്ച ഒരു നിർദേശത്തിൽ നിന്നാണ് തുടക്കം. വിദഗ്ധരുടെ ഉപദേശം ദിവാനു ലഭിക്കാനുള്ള ഒരു സംവിധാനം എന്ന നിലയിലാണ് ആ സഭ കരുതപ്പെട്ടത്. അങ്ങനെയാണ് മൂന്നുവർഷ കാലാവധിയിൽ ആറ് ഉദ്യോഗസ്ഥാംഗങ്ങളും രണ്ട് അനുദ്യോഗസ്ഥാംഗങ്ങളുമായി ദിവാന്റെ അധ്യക്ഷതയിൽ സമിതിയുണ്ടാവുന്നത്. 1888 ആഗസ്ത് 23നായിരുന്നു അതിന്റെ ആദ്യ യോഗം. അതായത് ഇന്നേക്ക് 130 വർഷം മുമ്പ്.

സഭ പാസാക്കുന്ന ബില്ലുകൾക്ക് ഉപദേശകസ്വഭാവം മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും ജനാധിപത്യചരിത്രത്തിലെ ധീരമായ ഒരു നടപടിയായി ആ സഭയുടെ രൂപീകരണം. ആ സഭയ്ക്കുതന്നെ ബിൽ പഠിക്കാനും മറ്റുമായി സെലക്ട് കമ്മിറ്റി പോലുള്ള ഉപസമിതികളുണ്ടായി. സഭാകമ്മിറ്റി സമ്പ്രദായത്തിന്റെ തുടക്കം അവിടെയാണ്; ദേശീയതലത്തിൽ പോലും അത് പിൽക്കാലത്തു മാതൃകയായി. ഇന്ന് സംസ്ഥാന നിയമസഭകളിലും പാർലമെന്റിലും പ്രവർത്തിക്കുന്ന വിവിധ കമ്മിറ്റികളുടെ പ്രാഗ്‌രൂപം ആ സഭയിലാണെന്നു കാണുന്നത് കേരളത്തിന് അഭിമാനിക്കാൻ വക നൽകുന്നുണ്ട്.



അതിലെ അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് 1904ൽ ശ്രീമൂലം പ്രജാസഭ എന്ന ഒരു സഭ കൂടി മഹാരാജാവ് സ്ഥാപിച്ചത്. ജനാഭിപ്രായം സർക്കാരിലും സർക്കാരിന്റെ നിലപാടുകൾ ജനങ്ങളിലും എത്തിക്കാനുള്ള ഒരു ഉപാധി എന്ന നിലയിൽ കരുതപ്പെട്ട ആ സഭ പ്രധാനമായും ഭൂവുടമകൾക്കും വ്യാപാരികൾക്കും പ്രാധാന്യമുള്ള ഒന്നായിരുന്നു. നൂറു രൂപയെങ്കിലും നികുതി അടയ്ക്കുന്നവരോ ആറായിരം രൂപയെങ്കിലും വാർഷികവരുമാനമുള്ളവരോ ആയവർക്കേ അതിൽ പ്രാതിനിധ്യമുണ്ടായിരുന്നുള്ളു.

ആ അവസ്ഥയിൽനിന്നാണ് സമ്പൂർണ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലുള്ള ജനാധിപത്യമെന്ന അവസ്ഥയിലേക്ക് നമ്മൾ മാറിയത്. ഇത് ഞാൻ ഇപ്പോൾ ഓർമിപ്പിക്കുന്നത് ഉപദേശക സ്വഭാവമുള്ള സമിതിക്കുപോലും ചരിത്രപരമായ ജനാധിപത്യ വികാസ പ്രക്രിയക്കിടയിൽ ഏതൊക്കെ തലത്തിലേക്കും വളരാനാവും എന്നു സൂചിപ്പിക്കാനാണ്; നമ്മുടെ ജനാധിപത്യം ഏതൊക്കെ വഴിക്കാണ് വികസിച്ചുവന്നത് എന്നു ചൂണ്ടിക്കാട്ടാനാണ്; അതിന്റെയൊക്കെ അടിസ്ഥാനത്തിൽ ലോക കേരളസഭയ്ക്കും വളർച്ചയുടെ വലിയ ഒരു ആകാശം തന്നെ മുമ്പിലുണ്ട് എന്ന് ഓർമിപ്പിക്കാനുമാണ്.

മദ്രാസ് പ്രൊവിൻസിന്റെ ഭാഗമായിരുന്ന മലബാറിന് 1920 മുതൽ മദിരാശി ലജിസ്ലേറ്റീവ് അസംബ്ലിയിൽ പ്രാതിനിധ്യമുണ്ടായിരുന്നു. 1932ഓടെ തിരുവിതാംകൂറിൽ ശ്രീമൂലം സഭ എന്ന അധോസഭയും ശ്രീചിത്തിര സ്റ്റേറ്റ് കൗൺസിൽ എന്ന ഉപരിസഭയും ഉണ്ടായി. സഭയും അധികാരാവകാശങ്ങളും വളർന്നുവന്നു. തിരുവിതാംകൂറിലേതിനു സമാനമായ സംവിധാനങ്ങൾ കൊച്ചിയിലും വികസിച്ചുവന്നു.

സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന് നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ലയിച്ചതും ഉത്തരവാദിത്വഭരണം വന്നതും ആദ്യ ഐക്യകേരള മന്ത്രിസഭയുണ്ടായതും 1948ൽ സാർവത്രിക വോട്ടവകാശമുണ്ടായതും തിരു-കൊച്ചി ലയനം സംഭവിച്ചതും ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനർനിർണയവും ഐക്യകേരളപ്പിറവിയും ഉണ്ടായതും ഇന്നു കാണുന്ന വിധത്തിലുള്ള നിയമസഭ രൂപപ്പെട്ടതുമൊക്കെ ജനാധിപത്യ വികസനത്തിന്റെ നാൾവഴികളിലെ നാഴികക്കല്ലുകളാണ്. ജനാധിപത്യത്തിന്റെ തേരുരുൾച്ചക്ക് അവസാനമില്ല. പുതിയ തലങ്ങളിലേക്ക് അത് കടന്നെത്തിക്കൊണ്ടേയിരിക്കും. അത്തരം ഒരു പുതിയ തലമാണ് ലോക കേരളസഭ എന്ന് ഭാവിചരിത്രം വിലയിരുത്തുകതന്നെ ചെയ്യും.

ജനാധിപത്യമെന്നത് ദൂരെനിന്ന് ആരാധനാപൂർവം നോക്കിത്തൊഴാനുള്ള ശ്രീകോവിലല്ല. മറിച്ച് അകമേ കടന്നുചെന്ന് സാമൂഹ്യമാറ്റത്തിനുവേണ്ടി ഇടപെടേണ്ട പ്രവൃത്തിമണ്ഡലമാണ്. ഇക്കാര്യം ആദ്യഘട്ടത്തിൽ തന്നെ ചൂണ്ടിക്കാട്ടിയ മഹാനാണ് എ കെ ജി. രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അമ്പതുകളിൽ, അന്നത്തെ പ്രതിപക്ഷ ഗ്രൂപ്പിന്റെ നേതാവായിരുന്ന എ കെ ജി ലോക്സഭയിൽ പറഞ്ഞ ഒരു വാചകമുണ്ട്. "രാഷ്ട്രപതിയുടെ പ്രസംഗം ഇന്ത്യൻ ജനതയ്ക്കു നേർക്കുള്ള യുദ്ധപ്രഖ്യാപനമാണ്" എന്നതായിരുന്നു അത്. ആ വാക്കുകൾ കേട്ട് യാഥാസ്ഥിതികത്വം ഞെട്ടിവിറച്ചു.

പാർലമെന്റ് ജനാധിപത്യത്തിന്റെ ശ്രീകോവിലല്ലേ, അവിടെ രാഷ്ട്രപതി ദൈവമല്ലേ. അപ്പോൾ ഇങ്ങനെയൊക്കെ പറയാമോ? ഈ ചോദ്യം ഉന്നയിച്ചുകൊണ്ട് പലരും നെറ്റി ചുളിച്ചു. എന്നാൽ, എ കെ ജിയെ സംബന്ധിച്ചിടത്തോളം, പുറത്ത് ജീവിക്കാൻ വേണ്ടി പോരാടുന്നവരുടെ മനോവികാരം അലയടിക്കേണ്ട സ്ഥലമായിരുന്നു പാർലമെന്റ്. മന്ത്രങ്ങളോ കീർത്തനങ്ങളോ അപദാനങ്ങളോ മുഴക്കേണ്ട ഇടമല്ലായിരുന്നു. എ കെ ജി കാട്ടിയ വഴിയേ തന്നെയാണ് പാർലമെന്റ് പിന്നീട് എന്നും സഞ്ചരിച്ചത്. ജനവികാരം അവിടെ അലയടിച്ചു. അവരുടെ ആശയാഭിലാഷങ്ങൾ പ്രതിഫലിച്ചു. ലോക കേരളസഭയിലും അതുതന്നെയാണുണ്ടാവേണ്ടത്. ലോകത്തെമ്പാടുമുള്ള മലയാളിയുടെ ആശയാഭിലാഷങ്ങളും മാറ്റത്തിനുവേണ്ടിയുള്ള വാഞ്ഛകളുമാവണം ഇവിടെ പ്രതിഫലിക്കേണ്ടത്.

ഇവിടെ നമുക്ക് ചർച്ച ചെയ്യാനുള്ള കരടുരേഖയിലേക്കു കടക്കുംമുമ്പ് ഒരു കാര്യം കൂടി പ്രത്യേകം പറയട്ടെ. പ്രവാസിസമൂഹം തങ്ങളുടെ രാജ്യങ്ങളിൽ നേരിടുന്ന സമസ്ത പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ ഈ വേദികൊണ്ടു സാധിക്കും എന്ന ധാരണ നമുക്കില്ല. കാരണം സ്വതന്ത്ര പരമാധികാര രാജ്യങ്ങളാണവ. അവയുടെ ആഭ്യന്തരകാര്യങ്ങ

ളിൽ ഇടപെടാൻ മറ്റൊരു രാജ്യത്തിനവകാശമില്ല; സംസ്ഥാനത്തിന്റെ കാര്യമാവുമ്പോൾ പറയാനുമില്ല. ഈ വിഷയത്തിൽ ആകെ ചെയ്യാൻ കഴിയുക ശ്രദ്ധയിൽവരുന്ന പ്രശ്നങ്ങൾക്കുള്ള നമ്മുടെ പരിഹാര ഫോർമുലകൾ അവരുടെ ശ്രദ്ധയിൽപ്പെടുത്തുക എന്നതാണ്. അതു ചെയ്യാം. പ്രവാസിസമൂഹത്തിന്റെ പ്രവാസ ജീവിതാനന്തരമുള്ള പുനരധിവാസമെന്ന പ്രശ്നം സമ്പൂർണമായി പരിഹരിക്കുക എന്നതും ഇത്തരമൊരു സംവിധാനം കൊണ്ട് സാധ്യമാവില്ല.

പ്രവാസിസമൂഹം അയയ്ക്കുന്ന വിദേശനാണ്യം കൊണ്ട് വിദേശനാണ്യശേഖരം ശക്തിപ്പെടുത്തുന്ന കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വപരമായ പങ്കാളിത്തത്തോടെയല്ലാതെ ഈ പ്രശ്നം പൂർണമായി പരിഹരിക്കുക സാധ്യമാവില്ല. ചെയ്യാൻ കഴിയുന്നത്, സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും സംയുക്ത പങ്കാളിത്തത്തോടെ ഒരു കൺസോർഷ്യം ഉണ്ടാക്കി പുനരധിവാസപ്രശ്നം പരിഹരിക്കാനുള്ള നിർദേശം മുമ്പോട്ടുവയ്ക്കുക എന്നതാണ്. അതു ചെയ്യാം.

കേരളത്തിലുള്ളവർ, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമുള്ള കേരളീയർ, ഇന്ത്യയ്ക്കു പുറത്തുള്ള കേരളീയർ എന്നിവരുടെ പൊതുവിലുള്ള ഒരു വേദി ഇതുവരെയില്ല. ഈ പോരായ്മ പരിഹരിക്കുകയാണ് നമ്മൾ ലോക കേരളസഭയുടെ രൂപീകരണത്തോടെ ചെയ്യുന്നത്. മുന്നണി മന്ത്രിസഭയടക്കം പല കാര്യങ്ങളിലും ഇന്ത്യയ്ക്കുമുമ്പിൽ മാതൃക വച്ചിട്ടുള്ളവരാണ് കേരളീയർ. ഞാൻ നേരത്തേ സൂചിപ്പിച്ചപോലെ, നിയമസഭാ സമിതികൾ രൂപവൽക്കരിക്കുന്ന കാര്യത്തിൽ പാർലമെന്റിനുപോലും മാതൃക കാട്ടി. സാക്ഷരത, ആരോഗ്യരംഗം, വിദ്യാഭ്യാസരംഗം തുടങ്ങി പിന്നെയും പല കാര്യങ്ങളിലും ഇന്ത്യയ്ക്കു മാതൃക കാട്ടിയ കേരളം ലോക കേരളസഭാ രൂപീകരണത്തിലൂടെ അനുകരണീയമായ മറ്റൊരു മാതൃക കൂടി ഇതര സംസ്ഥാനങ്ങൾക്കും ഇന്ത്യയ്ക്കും മുമ്പിൽ ഉയർത്തിക്കാട്ടുകയാണ്. ഈ മാതൃകയും ഇതര മാതൃകകൾ പോലെ വിപുലമായി സ്വീകരിക്കപ്പെടും എന്ന ബോധ്യമാണ് നമുക്കുള്ളത്.

ലോകത്തിന്റെ ഏതു ഭാഗത്തു ചെന്നു ജീവിക്കുമ്പോഴും അവിടത്തെ സാമൂഹ്യജീവിതത്തിന്റെ മുഖ്യധാരയിലൂടെ ഒഴുകുന്നവരാണ് കേരളീയർ. എന്നാൽ, അതേസമയം തന്നെ നമ്മുടെ നാടിന്റെ, ഭാഷയുടെ, സംസ്കാരത്തിന്റെ തനിമകൾ വിട്ടുകളയാതെ സൂക്ഷിക്കുകയും ചെയ്യും. ഈ പ്രത്യേകത ലോക കേരള സഭയുടെ ലക്ഷ്യപ്രാപ്തിക്ക് വലിയ തോതിൽ ഗുണം ചെയ്യും എന്നാണു നാം കരുതുന്നത്. ചെന്നുപെടുന്ന രാജ്യത്തെയും അന്താരാഷ്ട്ര മണ്ഡലത്തിലെയും സേവന-വിജ്ഞാന രംഗങ്ങൾക്ക് വലിയ തോതിൽ സർഗ്ഗ പ്രതിഭയും പ്രാവീണ്യവും നൈപുണ്യവും കൊണ്ട് സംഭാവന നൽകുന്നവർ കേരളത്തെക്കുറിച്ചും ഇവിടത്തെ ജനങ്ങളെക്കുറിച്ചും മനസ്സിൽ വലിയ ഒരു കരുതൽ സൂക്ഷിക്കുന്നു എന്നാണല്ലോ ഇതിനർത്ഥം. ആ കരുതൽ അവർക്കുള്ളിലുണ്ട് എന്നതുകൊണ്ടുതന്നെ, അവരുടെ പ്രാവീണ്യവും പ്രാഗൽഭ്യവും ഒക്കെ തങ്ങളുടെ നാടിനും നാട്ടുകാർക്കും കൂടി പ്രയോജനപ്പെടുത്തുന്നുവെങ്കിൽ അവർക്ക് അതിൽ സന്തോഷവും അഭിമാനവുമേ ഉണ്ടാവൂ.

എന്നാൽ, നിർഭാഗ്യവശാൽ അവരുടെ കഴിവുകൾ നാടിനു പ്രയോജനപ്പെടുത്താനുതകുന്ന ഒരു സംവിധാനം ഇതുവരെ ദേശീയതലത്തിലോ സംസ്ഥാനതലത്തിലോ ഉണ്ടായിരുന്നില്ല. ആ പോരായ്മ പരിഹരിക്കുകയാണ് ലോക കേരളസഭ. ഇതു പ്രാവർത്തികമാവുന്നതോടെ ആഗോള വിജ്ഞാനഘടനയിലെ തെളിവെളിച്ചങ്ങൾ ഇവിടേയ്ക്കു വരും. ഇവിടത്തെ വിവിധങ്ങളായ വിജ്ഞാനമണ്ഡലങ്ങൾ കൂടുതൽ പ്രകാശപൂർണമാവും. പ്രവാസിയുടെ പണമുപയോഗിക്കാമെന്നല്ലാതെ, വിജ്ഞാനവും നൈപുണ്യവും അനുഭവജ്ഞാനവും ഉപയോഗിക്കാം എന്ന് ഇതുവരെ ആരും കാര്യമായി ചിന്തിച്ചില്ല. ആരും ചിന്തിക്കാതിരുന്ന അക്കാര്യം ലോക കേരളസഭ മുഖ്യലക്ഷ്യങ്ങളിലൊന്നാക്കുകയാണ്.



**വിദേശങ്ങളിൽ കഴിയുന്ന കേരളീയരുടെ പ്രജ്ഞയും ശരീരവും വിയർത്തുണ്ടാക്കുന്ന പണത്തിന്റെ പ്രാധാന്യത്തെയല്ലാതെ, ലോക വിജ്ഞാനത്തിനും വികസനത്തിനും അവർ നൽകുന്ന ബൗദ്ധികമായ സംഭാവനകളെ കേരളം വേണ്ടപോലെ കണ്ടില്ല.**

ആധുനിക കേരളത്തെ രൂപപ്പെടുത്തുന്നതിലും വളർത്തുന്നതിലും പ്രവാസിസമൂഹം വഹിക്കുന്ന പങ്ക് നിർണായക പ്രധാന്യമുള്ളതാണ്. എന്നാൽ, കേരളത്തിന്റെ ഭാവിഭാഗധേയം എങ്ങനെയാവണം എന്നു നിർണയിക്കുന്ന കാര്യത്തിൽ പ്രവാസിസമൂഹത്തിന് അഭിപ്രായം പറയാൻ പോലും വേദിയില്ല. അഭിപ്രായം പറയാനും ജനാധിപത്യത്തിന്റെ പരിധിക്കുള്ളിൽ ആവുന്നത്ര അതു വിലപ്പോവുന്നു എന്നുറപ്പാക്കാനുമുള്ള ഒരു ജനാധിപത്യവേദിയാവും ലോക കേരളസഭ. അതായത്, കേരളത്തിന്റെ ജനാധിപത്യവൽക്കരണ പ്രക്രിയയിലെ ഏറ്റവും പുതിയ അധ്യായമായി ലോക കേരളസഭ ശ്രദ്ധിക്കപ്പെടും. പ്രവാസിക്ഷേമ-സംരക്ഷണ കാര്യങ്ങളിൽ മുതൽ കേരളത്തിന്റെ പൊതുവികസന കാര്യങ്ങളിൽ വരെ ക്രിയാത്മകമായ അഭിപ്രായങ്ങളവതരിപ്പിച്ച് ഇടപെടാൻ പ്രവാസിസമൂഹത്തിനും അത് പ്രയോജനപ്പെടുത്താൻ കേരളത്തിനും ഇതിലൂടെ ഒരു പൊതുവേദിയുണ്ടാവുകയാണ്.

പ്രവാസി സമൂഹത്തിന്റെ മൂലധനം അതിശക്തമായി വളർന്നുവെന്നത് അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെട്ട സത്യമാണ്. അതിസമ്പന്നരായ ഇന്ത്യക്കാരെ ഫോർബ്സ് മാസിക കണ്ടെത്തിയപ്പോൾ അതിൽ പ്രവാസി മലയാളി വ്യവസായപ്രമുഖരുടെ സാന്നിധ്യം വളരെ ശ്രദ്ധേയമായ തോതിലുള്ളതായി കാണാം. ലോകത്തിലെ സമ്പന്നർക്കിടയിൽ ആദ്യത്തെ ആയിരത്തിൽത്തന്നെ രണ്ടുപേർ മലയാളികളാണ്. ആദ്യ രണ്ടായിരത്തിനിടയിൽ അഞ്ചുപേരും മലയാളികളായുണ്ട്. മലയാളിയുടെ മൂലധനത്തിന്റെ വളർച്ചയെയാണിത് പ്രതിഫലിപ്പിക്കുന്നത്.

ഇതിന്റെ ഒരു ഭാഗം തീർച്ചയായും കേരളത്തിന്റെ പല മേഖലകളുടെയും കൂടിയ വളർച്ചയ്ക്ക് ഉപയുക്തമാവും. ഇത് കൂടുതലായി എങ്ങനെ നാടിന്റെ പൊതുവികസനത്തിനും വളർച്ചയ്ക്കും ഉപയുക്തമാവും എന്ന് ആരായുക എന്നതും സഭയ്ക്കു മുമ്പിലുള്ള പ്രധാന വിഷയങ്ങളിലൊന്നാണ്. പ്രവാസികളെ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന്റെ മുഖ്യ പങ്കാളികളും ചാലകശക്തികളുമാക്കി മാറ്റുന്നതിന് അനുരൂപമായ സാഹചര്യം എങ്ങനെ സൃഷ്ടിക്കാം, എന്തൊക്കെ മാറ്റങ്ങൾ വരുത്താം തുടങ്ങിയവ സംബന്ധിച്ച് വ്യക്തത വരുത്താനും ലോക കേരള സഭയ്ക്കു സാധിക്കും.

അന്താരാഷ്ട്രരംഗത്ത് വലിയ സ്വാധീനം ചെലുത്താൻ കഴിയുന്ന പ്രവാസി മലയാളി പ്രമുഖർക്ക് തങ്ങളുടെ രംഗങ്ങളിലെ ഇതര പ്രമുഖരുടെ വിഭവവും നൈപുണ്യവും ഇവിടേക്കാകർഷിക്കാൻ കഴിയുമെങ്കിൽ അതും വലിയ പ്രയോജനം ചെയ്യും.

വിജ്ഞാന വിസ്ഫോടനത്തിന്റെ പ

ശ്ചാത്തലത്തിൽ അനുനിമിഷം മാറിവരുന്ന ശാസ്ത്ര-സാങ്കേതിക അറിവുകൾ ലോക വൈജ്ഞാനിക ഘടനയുടെ സവിശേഷതയായിരിക്കുകയാണ്. ലോക രംഗത്ത് അറിവിന്റെ വിപ്ലവത്തിനു ചാലുകീറുന്നവരുടെ മുൻനിരയിൽത്തന്നെ മലയാളികളായ പ്രവാസി ശാസ്ത്രജ്ഞരും വിദ്യാഭ്യാസ വിചക്ഷണന്മാരും മറ്റുമുണ്ട്. അവരുടെ കേരള സന്ദർശന വേളകളിലെ സേവനം നമ്മുടെ സർവകലാശാലകളിലും കോളേജുകളിലും ഒക്കെ പ്രയോജനപ്പെടുത്താൻ കഴിയുക എന്നതു പ്രധാനമാണ്. അവരുടെ മാർഗനിർദേശം കൂടി ഉൾക്കൊണ്ട് അക്കാദമിക് നവീകരണം സാധ്യമാക്കാനാവണം. അങ്ങനെ വന്നാൽ അന്താരാഷ്ട്ര വിജ്ഞാന ഘടനയിലേക്ക് നമ്മുടെ വിജ്ഞാനഘടനയെ വിളക്കിച്ചേർക്കാനാവും. കൂടുതൽ നൈപുണ്യവും പ്രാവീണ്യവുമുള്ള പ്രതിഭകളെ നമുക്ക് വാർത്തെടുത്ത് ലോകത്തിനു നൽകാനുമാവും. ലോക മത്സരത്തിന്റേതായ പുതുകാലത്തെ തൊഴിൽകമ്പോളങ്ങളിൽ പിടിച്ചുനിൽക്കാൻ പ്രാപ്തരായി നമുക്ക് നമ്മുടെ പുതുതലമുറയെ വാർത്തെടുക്കാനുമാവും. ഇതിനുള്ള സാധ്യതാന്വേഷണ-സമ്പർക്ക വേദിയായി ലോക കേരളസഭയ്ക്കു പ്രവർത്തിക്കാനാവും. ഇങ്ങനെ പല തലങ്ങളിൽ പ്രവാസീസമൂഹം ഉയർത്തുന്ന സാധ്യതകളെ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല എന്ന വലിയ ഒരു പോരായ്മ പരിഹരിക്കാനുള്ള സഫലമായ ഉദ്യമമാണ് ലോക കേരളസഭ.

ലോകത്ത് ഏറ്റവും വലിയ പ്രവാസി സമൂഹമുള്ള രാജ്യങ്ങളുടെ നിരയിലാണ് ഇന്ത്യയുടെ സ്ഥാനം. ഏറ്റവും ഉയർന്ന തോതിൽ പ്രവാസി നിക്ഷേപം വരുന്ന രാജ്യവുമാണ് നമ്മുടേത്. 2015ൽ



ഇന്ത്യയിലേക്ക് എത്തിയ പ്രവാസിപ്പണം അറുപത്തിയെണ്ണായിരത്തി തൊള്ളായിരത്തി പത്ത് മില്ല്യൻ ഡോളറായിരുന്നു. അതായത് ആഗോള പ്രവാസി പണത്തിന്റെ പന്ത്രണ്ടേമുക്കാൽ ശതമാനം. ഇത്ര വലിയ തോതിൽ പണം വരുമ്പോഴും ഭാവനാപൂർണമായി, പ്രത്യുൽപാദനപരമായി അത് നിക്ഷേപിക്കാനും ആ നിക്ഷേപത്തിന്മേൽ നാടിന്റെ വികസനം സാധ്യമാക്കാനുമുള്ള പദ്ധതികളില്ല എന്നതാണ് വലിയ ദൗർഭാഗ്യം. ഈ പോരായ്മ പരിഹരിക്കുക മാത്രമല്ല, തുകയുടെ വിനിയോഗത്തിൽ അതിന്റെ നിക്ഷേപകരുടെ അഭിപ്രായത്തിന് വിലകൽപിക്കുക കൂടി ചെയ്യുന്ന സംവിധാനം രൂപപ്പെടുത്തിയെടുക്കുകയാണ് കേരളം. ഈ സാധ്യതയിലേക്ക് ലോക മലയാളിക്ക് ഒരു ജാലകം തുറന്നുകൊടുക്കാൻ ലോക കേരള സഭയ്ക്ക് കഴിയണം.

വൻ പലിശയ്ക്കെടുക്കുന്ന വിദേശ കടത്തേക്കാൾ എത്രയോ അധികം പ്രയോജനം ചെയ്യുന്നതാണ് പ്രവാസിസമൂഹത്തിന്റെ നിക്ഷേപം. ഇതിലേക്ക് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുക എന്നതും പ്രധാനമാണ്.

പ്രവാസിസമൂഹത്തോട് അവർ അർഹിക്കുന്ന തരത്തിലുള്ള ഒരു കരുതൽ ഉണ്ടായിട്ടില്ല എന്നതാണ് സത്യം. ഇന്ത്യയിൽനിന്നുമുള്ള കുടിയേറ്റത്തിന്റെ കൃത്യമായ കണക്കെടുക്കുന്നതിനു പോലുമുള്ള ഒരു സംവിധാനം ഔദ്യോഗികമായി ദേശീയതലത്തിൽ ഇതുവരെയില്ല എന്നതിൽ ഇത് പ്രതിഫലിക്കുന്നുണ്ട്. ഇക്കാര്യത്തിൽ കേരളം കുറച്ച് മെച്ചപ്പെട്ട നിലയിലാണ്. സിഡിഎസ് പോലെയുള്ള സ്ഥാപനങ്ങൾ സ്ഥിതിവിവര കണക്കുകൾ സമാഹരിക്കുന്നതിൽ ശ്രദ്ധ വച്ചിട്ടുണ്ട്. സാമ്പിൾ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതാണ് എന്ന പരിമിതിയുണ്ട് അതിനും. ചുരുക്കിപ്പറഞ്ഞാൽ ചില മതിപ്പ് കണക്കുകളേ നമ്മുടെ പക്കലുള്ളു. പദ്ധതി രൂപപ്പെടുത്തലുകൾക്ക് കൃത്യമായ കണക്കുകൾ കൂടിയേ തീരൂ.

കേരള മൈഗ്രേഷൻ സർവെ കാണിക്കുന്നത് 24 ലക്ഷം കേരളീയർ പ്രവാസികളായി കഴിയുന്നുണ്ടെന്നാണ്. 12.52 ലക്ഷം പ്രവാസികൾ തിരിച്ചെത്തിയിട്ടുണ്ട്. തിരിച്ചെത്തുന്നവരുടെ കണക്ക് ഉയർന്നുകൊണ്ടേയിരിക്കുകയാണ്. വിദേശത്തുള്ളവരുടെ അമ്പതുശതമാനത്തോളം ആയിട്ടുണ്ട് അത് ഇപ്പോൾ. ആഗോള തൊഴിൽവിപണിയിലെ മാറ്റങ്ങൾ കേരളത്തിൽനിന്നുള്ള കുടിയേറ്റത്തിൽ കൃത്യമായും പ്രതിഫലിക്കുന്നുണ്ട്. അവിദഗ്ധ തൊഴിലാളികൾ മുതൽ പ്രൊഫഷണലുകൾ വരെയുള്ളവരുടെ സാന്നിധ്യം കൊണ്ട് വൈവിധ്യസമൃദ്ധമാണ് നമ്മുടെ പ്രവാസിസമൂഹം. കൂലി കുറഞ്ഞതും വൈദഗ്ധ്യം വേണ്ടതില്ലാത്തതുമായ മേഖലകളിലെ കേരള പ്രവാസി സാന്നിധ്യം കുറഞ്ഞുവരികയുമാണ്.

ഇതുമായി ബന്ധപ്പെട്ട് ലോക കേരളസഭ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഹ്രസ്വകാല കുടിയേറ്റത്തെ സേവനവ്യാപാരമായി ഗാട്ട് കരാർ കണക്കാക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് ഒരു പ്രശ്നം. അന്തർദേശീയ തൊഴിൽ സംഘടനയുടെ പ്രവാസസംബന്ധമായ തൊഴിലവകാശ സംരക്ഷണവുമായി ബന്ധപ്പെട്ടതാണ് രണ്ടാമത്തേത്. ഇതിന്റെ രണ്ടിന്റെയും വിവിധ വശങ്ങളെക്കുറിച്ചുള്ള ചർച്ച ഇവിടെയുണ്ടാകണം. അതിന്റെയടിസ്ഥാനത്തിൽ പാർലമെന്റിലടക്കം പ്രവാസിസമൂഹത്തിന്റെ താൽപര്യങ്ങൾ പ്രകടിപ്പിക്കാൻ ഇവിടെയുള്ള പാർലമെന്റ് അംഗങ്ങൾക്ക് കഴിയണം.

പ്രവാസവും കുടിയേറ്റവും സംബന്ധിച്ച നിരവധി തീരുമാനങ്ങൾ അപ്പോൾ കേന്ദ്രം കൈക്കൊള്ളുന്നുണ്ട്. എന്നാൽ, ഇവയെയാകെ നയിക്കാനുതകുന്ന ഒരു കുടിയേറ്റ പ്രവാസനയം പ്രഖ്യാപിച്ചിട്ടില്ല. ചർച്ചയുടെ അടിസ്ഥാനത്തിൽ പോലുമല്ലാത്ത, സുതാര്യമല്ലാത്ത പല തീരുമാനങ്ങളും ഈ പശ്ചാത്തലത്തിൽ പ്രവാസിസമൂഹത്തിന്റെ താൽപര്യങ്ങളെ ഹനിക്കുന്നുണ്ട്. ഇതും ചർച്ചയ്ക്കു വരേണ്ടതുണ്ട്. പ്രവാസികളുടെ പൗരാവകാശം സംരക്ഷിക്കുന്ന വിധത്തിൽ കുടിയേറ്റ നിയമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ നിർദേശിക്കാൻ കഴിയേണ്ടതുണ്ട്.

കേന്ദ്രത്തിന്റെ നയനിലപാടുകൾ ഉണ്ടാക്കുന്ന നിയന്ത്രണങ്ങൾമൂലം ആതിഥേയ രാജ്യങ്ങൾ മറ്റു രാജ്യങ്ങളിൽനിന്നുമുള്ള തൊഴിലാളികളെ തേടിപ്പോകുന്നതുകൊണ്ട് ഉണ്ടാകുന്ന വൈഷമ്യങ്ങളും പരിഗണനയ്ക്കു വരേണ്ടതുണ്ട്. ഈ പ്രതിസന്ധിയെ എങ്ങനെ മറിച്ചുകടക്കാം എന്നതു സംബന്ധിച്ച നിർദേശങ്ങൾ ഉണ്ടാകണം.



നൈപുണ്യവും വൈദഗ്ധ്യവും കൂടിയ തോതിൽ ആവശ്യമുള്ള തൊഴിൽ മേഖലകളിലാവും ഇനി വരുന്ന ഘട്ടത്തിൽ കൂടുതൽ അവസരങ്ങൾ എന്നതിനാൽ നമ്മുടെ വിദ്യാഭ്യാസഘടനയിൽ അതിനനുസരിച്ചുള്ള മാറ്റങ്ങൾ നിർദേശിക്കേണ്ടതുണ്ട്. വിശ്വാസ്യതയും ഉയർന്ന കാര്യക്ഷമതയുമുള്ള റിക്രൂട്ട്മെന്റ് ഏജൻസികളെ വളർത്തിയെടുക്കാൻ കഴിയേണ്ടതുണ്ട്. പ്രവാസത്തിനു മുമ്പുള്ള ഘട്ടത്തിൽ പ്രവാസജീവിതത്തിലെ ഒരുപാട് കാര്യങ്ങൾ മുൻനിർത്തിയുള്ള വ്യക്തമായ ധാരണകൾ ഉദ്യോഗാർത്ഥികളിൽ ഉണ്ടാക്കിയെടുക്കാനുള്ള ശ്രമം ഉണ്ടാവേണ്ടതുണ്ട്. ചതിക്കപ്പെടുന്ന സാഹചര്യങ്ങൾ ഒഴിവാക്കാൻ ഇതു സഹായകരമാകും.

നിയമസഹായം, സ്ത്രീപ്രവാസികൾ നേരിടുന്ന ചൂഷണത്തിന്റെ സാഹചര്യം ഒഴിവാക്കൽ എന്നിവയുടെ കാര്യത്തിലും കാര്യമായി ശ്രദ്ധിക്കാൻ കഴിയേണ്ടതുണ്ട്. മടങ്ങിയെത്തുന്നവരുടെ സമ്പാദ്യവും സാങ്കേതികവിജ്ഞാനവും തൊഴിൽ നൈപുണ്യവും നാടിന്റെ വികസനത്തിന് ഉപകരിക്കുന്ന വിധത്തിൽ ഇവിടെ ഉപയോഗിക്കാൻ കഴിയുന്ന പുനരധിവാസത്തിന്റെ സാധ്യതകൾ ആരായേണ്ടതുണ്ട്.

സാമ്പത്തികമായി ദുർബലരായ പ്രവാസികൾക്കുവേണ്ടി ക്ഷേമനിധി രൂപീകരിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ ഉണ്ടാവുന്നത് നല്ലതാണ്. വിദേശനാണ്യത്തിലൂടെ പ്രവാസികൾ ദേശീയ ഖജനാവിനെ ശക്തിപ്പെടുത്തുന്ന സാഹചര്യത്തിൽ കേന്ദ്രത്തിന് ഇക്കാര്യത്തിൽ വലിയതോതിലുള്ള ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വ നിർവഹണം ഏതു വിധത്തിലാവണം എന്നതു സംബന്ധിച്ച നിർദേശങ്ങളുണ്ടായാൽ എംപിമാർക്ക് അത് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ പറ്റും. വിദേശനാണ്യ നേട്ടം കേന്ദ്രത്തിനും പ്രവാസത്തിന്റെ സാമൂഹ്യച്ചെലവ് സംസ്ഥാനത്തിനും എന്ന നീതിയില്ലാത്ത നില നീതിയുക്തമായി മാറേണ്ടതുണ്ട്.

പ്രവാസത്തിന്റെ നീണ്ട ചരിത്രമാണ് നമുക്കുള്ളത്. അറബിക്കടലിന്റെ സാമീപ്യം ഒരുപക്ഷെ ഇതിന്റെ കാരണമായിരിക്കാം. ലോകത്തിന്റെ ഇന്ത്യയിലേക്കുള്ള വാതിലായി കേരളം. ആ വാതിലിലൂടെ ധാരാളമായി ഇന്ത്യക്കാർ പുറത്തേക്ക് പോവുകയും ചെയ്തു. മലേഷ്യ, സിങ്കപ്പൂർ, ശ്രീലങ്ക, ബർമ്മ തുടങ്ങിയ രാജ്യങ്ങളിലേയ്ക്കായിരുന്നു ആദ്യഘട്ടത്തിൽ. ഇന്ത്യൻ നഗരങ്ങളിലേക്കു തന്നെയായി രണ്ടാംഘട്ട കുടിയേറ്റം. രണ്ടാം ലോകമഹായുദ്ധത്തോടെ മാറിവന്ന അന്താരാഷ്ട്ര സാഹചര്യം യൂറോപ്പിലേയ്ക്കുള്ള കുടിയേറ്റത്തിന്റെ വാതിൽ തുറന്നു. 70കളിൽ അറേബ്യൻ രാജ്യങ്ങൾ വലിയ തോതിൽ എണ്ണ ഉൽപാദിപ്പിച്ചു തുടങ്ങിയതോടെ അവിടേയ്ക്കായി മുഖ്യ കുടിയേറ്റം. ആ കുടിയേറ്റ പരമ്പരകൾ കേരളത്തെ സാമൂഹികമായും സാമ്പത്തികമായും എത്രമാത്രം ശക്തിപ്പെടുത്തി എന്നത് പഠനഗവേഷണങ്ങളിലൂടെ കണ്ടെത്തുന്നത് ഈ രംഗത്തെ ഭാവിയെ രൂപപ്പെടുത്തുന്നതിന് വലിയ തോതിലുള്ള സംഭാവനകൾ നൽകും.

സ്വദേശീവൽക്കരണം, ഫിലിപ്പൈൻസിൽനിന്നും ബംഗ്ലാദേശിൽനിന്നും മറ്റുമുള്ള കുറഞ്ഞ വേതനക്കാരുടെ മത്സരാധിഷ്ഠിത കുടിയേറ്റം, എണ്ണലഭ്യതയിൽ വരാനിടയുള്ള കുറവ് എന്നിവ കാരണം നാളെ ഗൾഫിന്റെ പ്രലോഭനീയത മങ്ങുന്ന അവസ്ഥയുണ്ടായാൽ പിന്നീടെന്ത് എന്ന നിലയ്ക്കുള്ള ചിന്തയും ഉണ്ടാവണം.

ഇന്നത്തെ കേരളത്തിൽ കാർഷിക, വ്യാവസായിക മേഖലകൾ താരതമ്യേന ദുർബലപ്പെട്ടു നിൽക്കുന്നു. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ രണ്ടാം തലമുറ പ്രശ്നങ്ങൾ ഉയർന്നുവരുന്നു. ഇതുപോലെയുള്ള പ്രശ്നങ്ങളുടെ പരിഹാരത്തിന് എങ്ങനെയൊക്കെ പ്രവാസ സംഭാവനകൾ ഉപയോഗിക്കാം എന്നതു സംബന്ധിച്ച നിർദേശങ്ങൾ ഉണ്ടാവണം. പ്രവാസി സമൂഹങ്ങൾ തമ്മിൽതമ്മിലും കേരള സമൂഹവും പ്രവാസിസമൂഹവും തമ്മിലും ആശയവിനിമയം, വികസനാത്മക സഹകരണം എന്നിവ ഫലപ്രദമാംവിധം ശക്തിപ്പെടുത്തുന്നതിനുള്ള പൊതുവേദിയായി ലോക കേരളസഭ മാറണം. കേരളത്തിന്റെ വികസനപ്രക്രിയയിൽ കാര്യമായ പങ്കുവഹിക്കാൻ പ്രവാസിസമൂഹത്തിന് സാധ്യമാകുന്ന അന്തരീക്ഷമുണ്ടാവണം.

പ്രവാസികൾക്ക് കേരളത്തിൽ വ്യവസായ, ബിസിനസ് രംഗങ്ങളിലേക്ക് കടന്നുവരുന്നതിനുള്ള തടസ്സങ്ങൾ നീക്കാൻ ശ്രദ്ധേയമായ നടപടികളുമായി നീങ്ങുകയാണ് ഗവൺമെന്റ് എന്നറിയിക്കാൻ എനിക്ക് സന്തോഷമുണ്ട്. ലൈസൻസുകളും അനുമതികളും ലഭിക്കുന്നതിന് ഇപ്പോൾ സർക്കാർ ഒരു ഏകജാലക സംവിധാനം ഒരുക്കിക്കൊണ്ടിരിക്കുകയാണ്. അധികാരപ്പെട്ട ഉദ്യോഗസ്ഥർ നിശ്ചിത തീയതിക്കുമുമ്പ് അപേക്ഷയിൽ തീർപ്പുകൽപ്പിച്ചില്ലെങ്കിൽ അനുമതി ലഭിച്ചതായി കണക്കാക്കാം എന്ന പരിഷ്കാരമാണ് ഈ രംഗത്തുവരുന്നത്.

ആഗോള സാമ്പത്തിക പ്രതിസന്ധിയുടെയും ഗൾഫിലെ സ്വദേശിവൽക്കരണത്തിന്റെയും പശ്ചാത്തലത്തിൽ മടങ്ങിവരുന്നവർക്ക് പലിശ കുറഞ്ഞ വായ്പ നൽകാൻ ഇപ്പോൾ കേരളത്തിൽ സംവിധാനമുണ്ട്. പ്രവാസി പുനരധിവാസരംഗത്ത് സഹകരണപ്രസ്ഥാനത്തിനും പ്രാദേശിക ഗവൺമെന്റുകൾക്കും കുറച്ചൊക്കെ ഇടപെടാൻ കഴിയും. പ്രവാസി സംഘടനകളുടെയും കേന്ദ്രത്തിന്റെയും സഹായത്തോടെ ഇതെങ്ങനെ കൂടുതൽ ഫലപ്രദമാക്കാം എന്നത് സർക്കാർ ആലോചിക്കും.

പ്രവാസിക്ഷേമ ബോർഡിനുള്ള ധനസഹായം ഉയർത്താൻ ശ്രമിക്കും. സാമ്പത്തികശേഷിയുള്ള പ്രവാസികളിൽനി



ന്ന് ഉദാരമായ സംഭാവനകൾ സ്വീകരിച്ചുകൊണ്ട് ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം ആലോചിക്കും. കേരളത്തിലെ ഭൂബന്ധങ്ങളിൽ വന്ന അടിസ്ഥാനപരമായ മാറ്റമാണ് പല സാമൂഹിക പരിവർത്തനങ്ങൾക്കും അടിസ്ഥാനമായത് എന്നതു മറന്നുകൂടാ. 1957ലെ ഇ എം എസ് ഗവൺമെന്റ് കാർഷികബന്ധങ്ങളിലും ഭൂബന്ധങ്ങളിലും വരുത്തിയ ചരിത്രപരവും വിപ്ലവകരവുമായ മാറ്റങ്ങളാണ് അതുവരെ താഴ്ത്തപ്പെട്ട നിലയിലായിരുന്ന വലിയൊരു വിഭാഗത്തിന് തലയുയർത്തി നിൽക്കാൻ കഴിയുന്ന അവസ്ഥയുണ്ടാക്കിയത്. ആ മാറ്റമാണ് കർഷകത്തൊഴിലാളികളുടെയും കയർത്തൊഴിലാളികളുടെയും ഒക്കെ മക്കൾക്ക് പത്താംക്ലാസ് വരെയെങ്കിലും പഠിക്കാമെന്ന നില കേരളത്തിലുണ്ടാക്കിയത്. ആ അവസ്ഥ ഉണ്ടായതുകൊണ്ടാണ് ആയിരക്കണക്കിന് ആളുകൾക്ക് ഗൾഫിലേക്ക് തൊഴിൽതേടി പോകാമെന്ന അവസ്ഥയുണ്ടായത്. സാമൂഹ്യമാറ്റങ്ങളും കുടിയേറ്റത്തിലെ വർധനവും തമ്മിലുള്ള ബന്ധത്തിന്റെ ഈ ചരിത്രമൊന്നും മറന്നുകൂടാ. ഈ ചരിത്രത്തിലൂടെയാണ് കേരളം ഇന്നുകാണുന്ന അവസ്ഥയിലേക്ക് എത്തിയത് എന്നതും മറന്നുകൂടാ.

പ്രവാസികളുടെ പണം കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റുന്നതിൽ വലിയ പങ്കുവഹിച്ചു. ബാങ്കിങ്, ഇൻഷുറൻസ്, വ്യാപാരം, വാണിജ്യം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സേവനമേഖലകളിൽ വലിയ നേട്ടമുണ്ടാക്കാൻ സഹായിച്ചു. എങ്കിലും നിക്ഷേപത്തിലെ വലിയൊരു ഭാഗം ഭൂമിയിലും കെട്ടിടനിർമാണത്തിലുമായി ഒതുങ്ങിപ്പോയി. അതുകൊണ്ടുതന്നെ പ്രത്യുൽപാദനപരം അല്ലാതെയായിപ്പോയി.

ചിന്നിച്ചിതറി കിടക്കുന്ന നിക്ഷേപങ്ങളെ ഒരുമിച്ചുകൂട്ടുന്നതിനും അതിനെ പ്രത്യുൽപാദനപരമായ മേഖലകളിൽ മൂലധനമാക്കി മാറ്റുന്നതിനും വേണ്ടത്ര ശ്രദ്ധ സർക്കാരിൽനിന്നുണ്ടായില്ല. സേവന മേഖലകളെ അർഹമാംവിധം പരിഗണിച്ചുകൊണ്ടുതന്നെ ഈ പോരായ്മ പരിഹരിക്കേണ്ടതുണ്ട്. നിക്ഷേപങ്ങളുടെ ഏകോപനം സാധ്യമാക്കേണ്ടതുണ്ട്. ഈ കാര്യത്തിൽ സർക്കാരിനും ലോക കേരള സഭയ്ക്കും ചിന്തകൾ പങ്കുവച്ചുകൊണ്ട് മുമ്പോട്ടുപോകാനാകും.

പ്രവാസം മസ്തിഷ്ക ചോർച്ച (brain drain)യ്ക്കു വഴിവെക്കുന്നു എന്നൊരു വിമർശനമുണ്ടായിരുന്നു. എന്നാൽ, ഈ ചോർച്ചയെ നേട്ടമാക്കാം എന്ന കാര്യം, brain drain\ brain gain ആക്കി മാറ്റാം എന്ന കാര്യം വേണ്ടപോലെ ആലോചനാവിഷയമായിട്ടില്ല. ലോക വൈജ്ഞാനിക മേഖലകളിലേക്ക് എത്തുന്ന പ്രവാസി മലയാളി അവിടത്തെ അനുഭവങ്ങൾ കൂടി സ്വാംശീകരിച്ചുകൊണ്ട് ബൗദ്ധികമായി വളരുമ്പോൾ ആ ബൗദ്ധികത കേരളത്തിനുകൂടി പ്രയോജനപ്പെടുത്തണം. അതിനുള്ള അന്തരീക്ഷം ഒരുക്കിക്കൊണ്ട് brain drain\ brain gain ആക്കി മാറ്റാൻ ലോക കേരളസഭയുടെ പ്രവർത്തനങ്ങൾ കൊണ്ട് സാധിക്കും.

ജന്മനാടിന്റെ നവീകരണത്തിനും ശാക്തീകരണത്തിനും തങ്ങളുടെ പ്രതിഭ പ്രയോജനപ്പെടുന്നതിൽ സന്തോഷിക്കുന്നവരും അഭിമാനിക്കുന്നവരുമാണ് പ്രവാസി ബുദ്ധിജീവി വിഭാഗം. അവരുടെ മനസ്സിന്റെ സന്നദ്ധതയെ നമുക്ക് പൂർണമായും പ്രയോജനപ്പെടുത്താനാവണം.

പ്രവാസി സമൂഹത്തിൽ ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിൽനിന്നും ഉള്ളവരുണ്ട്. ഇവരുടെയാകെ ക്ഷേമ പുനരധിവാസ കാര്യങ്ങൾക്കായി ദേശീയതലത്തിൽ തന്നെ ഒരു പദ്ധതി രൂപപ്പെടേണ്ടതുണ്ട്. ചൈനയും ഫിലിപ്പൈൻസുമൊക്കെ രൂപപ്പെടുത്തിയ മാതൃകയിലുള്ള അത്തരമൊരു പദ്ധതി ഇവിടെയും ഉണ്ടാക്കാൻ കഴിയണം. അതിനുവേണ്ട നിർദേശങ്ങൾ കേന്ദ്രത്തിനു മുമ്പിൽ വയ്ക്കാനും ലോക കേരളസഭയ്ക്ക് കഴിയേണ്ടതുണ്ട്.

പശ്ചാത്തല മേഖലയിലും അടിസ്ഥാന സൗകര്യ വികസന മേഖലയിലും പ്രവാസികൾക്ക് തങ്ങളുടെ താൽപര്യങ്ങൾ മുൻനിർത്തിത്തന്നെ നിക്ഷേപം നടത്താൻ കഴിയുന്ന ഒരു സംവിധാനം ഇപ്പോൾ കേരളത്തിലുണ്ട്. പരമ്പരാഗത ധനസമാഹരണ രീതി വിട്ട് ഈ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള പുതിയ സമ്പ്രദായം അതിനവസരം ഒരുക്കുന്നു. അത് ഉപയോഗിക്കുമ്പോൾ തന്നെ, മാന്യമായ ലാഭവിഹിതം ഉറപ്പുനൽകിക്കൊണ്ട് ക്രൗഡ് ഫണ്ടിങ് മാതൃകയിൽ എങ്ങനെ പ്രവാസി നിക്ഷേപം സമാഹരിക്കാം എന്നതു സംബന്ധിച്ച നിർദേശങ്ങൾക്ക് ലോക കേരളസഭ രൂപം നൽകണം.

നാലുമേഖലകളിൽ സർക്കാർ വികസന മിഷനുകൾ ആരംഭിച്ചിട്ടുള്ളത് അറിയാമല്ലോ. ജലസമ്പത്തിന്റെ സംരക്ഷണം, ശുദ്ധീകരണം, മാലിന്യനശീകരണം, വിദ്യാഭ്യാസത്തിന്റെ നവീകരണം, ആരോഗ്യ ചികിത്സാരംഗത്തിന്റെ കാര്യക്ഷമതാവൽക്കരണം, സമഗ്ര പാർപ്പിട-ഉപജീവന സൗകര്യമൊരുക്കൽ എന്നിവയ്ക്കായുള്ള മിഷനുകളാണിവ. ഈ മേഖലകളിൽ പ്രവാസി സഹകരണം ഉറപ്പാക്കുന്നതിന്റെ സാധ്യതകൾ ലോക കേരളസഭയ്ക്ക് ആരായാവുന്നതാണ്. ആരോഗ്യ മേഖലയിൽ കുടുംബഡോക്ടർ സംവിധാനം മുതൽ വൃദ്ധജന പരിപാലനം വരെ നടപ്പാവുകയാണ്. വിദ്യാഭ്യാസ മേഖലയിൽ ആഗോളവിജ്ഞാന നിലവാരം ഇവിടെ ഉറപ്പാക്കാൻ പോവുകയാണ്. ഭവനനിർമാണരംഗത്ത് അഞ്ചേമുക്കാൽ ലക്ഷം കുടുംബങ്ങൾക്ക് കിടപ്പാടമുണ്ടാകാൻ പോവുകയാണ്. ദൂരവ്യാപകമായ സാമൂഹിക ചലനങ്ങൾ ഉണ്ടാക്കുന്ന ഈ പദ്ധതികളിൽ പ്രവാസിസമൂഹത്തിന്റെ ഇടപെടൽ ആശാവഹമായ മാറ്റങ്ങൾ ഉണ്ടാക്കും.

നിക്ഷേപങ്ങൾക്ക് സംരക്ഷണം നൽകുക എന്നത് പ്രവാസികളുടെ ദീർഘകാലത്തെ ആവശ്യമാണ്. ഗവൺമെന്റ് സെക്യൂരിറ്റി അടക്കം ഉറപ്പുനൽകിക്കൊണ്ട് ധനസമാഹരണം നടത്തുന്ന പദ്ധതികളുമായി സർക്കാർ മുമ്പോട്ടുപോകുന്ന കാര്യം നിങ്ങൾക്ക് അറിയാം എന്നു ഞാൻ കരുതുന്നു. നിക്ഷേപസുരക്ഷ ഉറപ്പാക്കുന്ന സിയാൽ-കണ്ണൂർ എയർപോർ

ട്ട് മാതൃകകൾ പ്രവാസിസമൂഹത്തിന് ഏറെ ആകർഷകമാകും എന്നു കരുതുന്നു.

സാങ്കേതികവിദ്യാ നയവും വ്യവസായനയവും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കാര്യം അറിയാമല്ലോ. Ease of doing business - ബിസിനസ് നടത്തുന്നത് ലളിതമാക്കൽ - ഉറപ്പാക്കാൻ വേണ്ട നിയമനിർമാണവും നടത്തിയിട്ടുണ്ട്. ഇന്നവേഷൻ കൗൺസിൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ ചെയർമാനും പ്ലാനിങ് ബോർഡ് ഉപാധ്യക്ഷനും ഒഴികെയുള്ളവരെല്ലാം പ്രവാസികളാണ്. കേരളത്തിലെ ഈ മാറിയ സാഹചര്യങ്ങളുടെ സാധ്യത പരമാവധി ഉപയോഗപ്പെടുത്താനുള്ള നിർദേശങ്ങൾ ഉണ്ടാവണം.

ഭാഷ, കല, സംസ്കാരം എന്നിവ നമ്മുടെ സമൂഹത്തിന്റെ ചൈതന്യസത്തയാണ്. അവയെ പരിരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുവാനുള്ള വഴികൾ ഈ സഭ ആരായണം. കേരളീയൻ എന്ന വിലാസമില്ലെങ്കിൽ പ്രവാസി സമൂഹത്തിന് അന്താരാഷ്ട്ര രംഗത്ത് വ്യക്തിത്വമില്ലാതായിപ്പോവും. ഒഴുകിനടക്കുന്നതും വേരുകളില്ലാത്തതുമായ ഒരു സമൂഹമായി പുതിയ തലമുറ മാറും. അത്തരം സമൂഹങ്ങളിലാണ് ക്രിമിനലുകൾ തഴച്ചുവളരുക. ആ ആപത്തുണ്ടാകുന്നില്ല എന്നുറപ്പുവരുത്താൻ കലാസാംസ്കാര ഭാഷാ പരിരക്ഷയുടെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടുള്ള നിർദേശങ്ങൾ ഈ വേദിയിൽ ഉണ്ടാകണം. ഭാഷയെയും സംസ്കാരത്തെയും കുറിച്ചുള്ള അഭിമാനം ഏതുതരത്തിലുള്ള സാമ്രാജ്യത്വ അധിനിവേശത്തെയും ചെറുക്കാനുള്ള വലിയ ഒരു നിലപാടുതറയാവും. ഈ ബോധത്തോടെയുള്ളതാവണം സാംസ്കാരികരംഗത്തോടുള്ള നമ്മുടെ സമീപനം.

കേരളീയ പ്രാക്തന കലാരൂപങ്ങളായ തെയ്യം, പടയണി തുടങ്ങിയവ മുതൽ ക്ലാസിക് കലാരൂപങ്ങളായ കഥകളി, മോഹിനിയാട്ടം തുടങ്ങിയവ വരെ ദേശാന്തരശ്രദ്ധയിലേക്ക് കൂടുതലായി കൊണ്ടുവരാൻ ലോക കേരളസഭയ്ക്ക് അവസരമൊരുക്കാൻ കഴിയും. നമ്മുടെ കലാരൂപങ്ങളെ ഡിജിറ്റൽ വിപണനരംഗത്തേക്ക് എത്തിച്ച് സാർവദേശീയ ശ്രദ്ധയാകർഷിക്കാനും അതിലൂടെയുണ്ടാകുന്ന വരവ് കലയുടെയും കലാകാരന്മാരുടെയും ആവശ്യങ്ങൾക്കായി വിനിയോഗിക്കാനും കഴിയണം. നമ്മുടെ സാംസ്കാരിക പൈതൃകങ്ങളിലേക്കും വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കും ആയുർവേദ കേന്ദ്രങ്ങളിലേക്കും വാസ്തുവിദ്യാ രംഗത്തേക്കും ഒക്കെ ലോകശ്രദ്ധ ആകർഷിക്കുവാനും ഇതൊക്കെയുമായി ബന്ധപ്പെട്ട നൂതന സവിശേഷതകളെ ലോകത്തിനുമുമ്പിൽ ഷോകേസ് ചെയ്യാനും കഴിയണം.

ഇങ്ങനെ വിപുലമായ സാധ്യതയുടെ ഒരു ലോകമാണ് ലോക കേരളസഭയുടെ മുമ്പിൽ തുറന്നുകിടക്കുന്നത്. ആ സാധ്യതകളെ പരമാവധി നാടിനും നാട്ടുകാർക്കും വേണ്ടി പ്രയോജനപ്പെടുത്തുവാനുള്ള വേദിയായി ലോക കേരളസഭ മാറട്ടെ.

കേരളത്തിന്റെ സാഹിത്യ സാംസ്കാരികാദി പൈതൃകങ്ങൾ ലോകത്തിന്റെ എല്ലാ ഭാഗത്തിനും ആസ്വദിക്കാൻ കഴിയുന്ന അവസ്ഥയുണ്ടാകട്ടെ. ലോകത്തിന്റെ നാനാ കോണുകളിലെ കലയും സാഹിത്യ സവിശേഷതകളും ഇവിടെയുള്ളവർക്ക് ആസ്വദിക്കാൻ കഴിയട്ടെ. ലോക വിജ്ഞാനശേഖരത്തിൽ നിന്നുള്ള പുതുപുത്തൻ അറിവുകൾ നമ്മുടെ പുതുതലമുറകളിലേക്ക് എത്തിച്ചേരാനുള്ള വഴി തുറക്കട്ടെ. ലോകത്തിന്റെ ഏതു ഭാഗത്തുള്ള ഏതു വൈജ്ഞാനിക സമൂഹത്തിനുമൊപ്പം നിന്നുകൊണ്ട് പുതിയ ഒരു കാലത്തെ വരവേൽക്കാൻ നമ്മുടെ കേരളീയ സമൂഹത്തിന് സാധ്യമാകട്ടെ.

ലോകമേ തറവാട് എന്നു പറഞ്ഞ് ശീലിച്ച ഒരു സംസ്കാരമാണ് നമ്മുടേത്. 'വസുധൈവ കുടുംബകം' എന്നും 'യത്ര വിശ്വം ഭവത്യേക നീഡം' എന്നും ഒക്കെ പണ്ടേ പറഞ്ഞിട്ടുള്ള ഒരു ജനതയാണിത്. ലോകമാകെ ഒരു കുടുംബമാണെന്ന് കരുതിപ്പോന്ന സമൂഹം. ആ കരുതലിനും സങ്കൽപത്തിനും നിരക്കുന്ന വിധത്തിലുള്ള ആധുനിക കാലത്തിന്റെ സംവിധാനം കൂടിയാണ് ലോക കേരളസഭ. ലോകത്തിന്റെ ഏതു ഭാഗത്തുള്ള മലയാളിക്കും ആത്യന്തികമായി നോക്കിയാൽ ഉള്ള വീട് കേരളം തന്നെയാണ്. സ്വന്തം കുടുംബത്തിലേക്കെത്തിയ പ്രതീതിയാവും ഏത് ലോക മലയാളിക്കും ഇവിടെയെത്തുമ്പോൾ ഉണ്ടാകുന്നത്. ഈ വികാരത്തെ കൂടുതൽ ശക്തിപ്പെടുത്താൻ ലോക കേരളസഭ ഉപകരിക്കും.

'ഏതു വിദേശത്തുപോയി വസിച്ചാലും ഏകാംബ പുത്രരാം കേരളീയർ' എന്ന് എഴുതിയത് മഹാകവി വള്ളത്തോളാണ്. ലോകത്തിന്റെ ഏതു കോണിലുമായിക്കൊള്ളട്ടെ മലയാളി, ആ മലയാളിസമൂഹമാകെ ഒരമ്മയുടെ മക്കളാണ്. ഇതാണ് വള്ളത്തോൾ മുമ്പോട്ടുവെച്ച ചിന്ത. അതേ ചിന്തതന്നെയാണ് ലോക കേരളസഭാ രൂപീകരണത്തിൽ ഞങ്ങളെ നയിച്ചത്. ലോകത്തിന്റെ പലപാടുമായുള്ള മക്കളെല്ലാം അമ്മയുടെ സവിധത്തിൽ ഒത്തുചേരുന്ന ഒരനുഭവമാണ് ലോക കേരളസഭാ സമ്മേളനം പ്രദാനം ചെയ്യുന്നത്.

> **പശ്ചാത്തല മേഖലയിലും അടിസ്ഥാന സൗകര്യ വികസന മേഖലയിലും പ്രവാസികൾക്ക് തങ്ങളുടെ താൽപര്യങ്ങൾ മുൻനിർത്തിത്തന്നെ നിക്ഷേപം നടത്താൻ കഴിയുന്ന ഒരു സംവിധാനം ഇപ്പോൾ കേരളത്തിലുണ്ട്.**

One who is not a nationalist cannot be an internationalist; One who is not an internationalist cannot be a humanist എന്ന് ഒരു ചൊല്ലുണ്ട്. അതായത് മാനവികതാവാദിയാവാൻ ആദ്യം സാർവദേശീയ വാദിയാവണമെന്നും സാർവദേശീയതാവാദിയാവാൻ ആദ്യം സ്വന്തം നാടിനെക്കുറിച്ച് സ്നേഹമുള്ളവരാകണമെന്നും അർത്ഥം. സ്വന്തം നാടിനെക്കുറിച്ചുള്ള ആ സ്നേഹമാണ് നമ്മെയെല്ലാം ഇവിടെ ഒരുമിപ്പിക്കുന്നത്. നാടിനെയും ഭാഷയെയും സംസ്കാരത്തെയും സ്നേഹിക്കാത്ത ഒരു ജനതയുണ്ടായാൽ ആ രാഷ്ട്രവും സംസ്കാരവും അധികകാലം അതിജീവിക്കില്ല. സോക്രട്ടീസിനെയും ഹെറാക്ലീറ്റസിനെയും പോലെയുള്ള മഹാമനീഷികൾ കാവൽ നിന്ന അതിമഹത്തായ സംസ്കാരങ്ങൾ പോലും തകർന്നടിയുന്നത് നാം കണ്ടു. അത്തരം സംസ്കാരനാശത്തിന് ഇടവരാതിരിക്കണമെങ്കിൽ ഭാഷയുടെ പേരിൽ, സംസ്കാരത്തിന്റെ പേരിൽ, നാടിന്റെ പേരിൽ ഇതുപോലെയുള്ള ഒരുമിക്കൽ ഉണ്ടായേ തീരൂ. ആ നിലയ്ക്കുള്ള ചരിത്രപരമായ ഒരു നിയോഗം ഏറ്റെടുക്കുകയാണ് ലോക കേരളസഭയിലൂടെ നാമിന്നു ചെയ്യുന്നത്. ആ ബോധത്തിന്റെ വെളിച്ചം വരുംകാലത്ത് ഈ സഭയെയും ഇതിലെ അംഗങ്ങളെയും നയിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട് ലോകത്തിന് മാതൃകയാകുന്ന ഈ മഹത്തായ സംരംഭം ഉദ്ഘാടനം ചെയ്തതായി ഞാൻ അറിയിക്കുന്നു.

നമ്മുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഒരു വാചകം കൂടി ഉദ്ധരിച്ചുകൊണ്ട് ഉപസംഹരിക്കട്ടെ:

'Democracy and Socialism are means to an end, not the end itself'.●



# കേരളം വഴികാട്ടുന്നു

**കെ.ടി. ജലീൽ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

**വികസന വെല്ലുവിളികളെ ജനങ്ങളെ അണിനിരത്തി നേരിടാൻ നമുക്കാവും. അതിന്റെ ഏറ്റവും ഒടുവിലത്തെ ദൃഷ്ടാന്തമാണ് നവകേരള മിഷനുകൾ. അതെ, കേരളം രാജ്യത്തിനു വഴികാട്ടുകയാണ്.**

വികസനവും രാഷ്ട്രീയ പ്രബുദ്ധതയും ഒരുമിച്ചു പോകില്ല എന്നാണ് നമ്മുടെ നാട്ടിലെ വലതുപക്ഷ മാധ്യമങ്ങൾ പറഞ്ഞു പോരുന്നത്. ഈ അഭിപ്രായം ബലപ്പെടുത്തുന്ന ഒരു സംഭവമോ പ്രസ്താവമോ ഉണ്ടായാൽ അതിനവർ വലിയ വാർത്താപ്രാധാന്യം നൽകും. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് അവർക്ക് ചെറിയ വാർത്തയും അതിനെതിരായ ഹർത്താലിൽ ജനങ്ങൾക്കുണ്ടാവുന്ന പ്രയാസങ്ങൾ അതിന്റെ പത്തിരട്ടി വലിയ വാർത്തയുമാണ്.

രാഷ്ട്രീയം വികസനത്തിന് തടസ്സമാണെന്ന വാദം നിഷ്ക്കളങ്കമായ ഒന്നല്ല. കേരളത്തിന്റെ വികസന നേട്ടങ്ങളെ ഇകഴ്ത്തി കാണിക്കാൻ പലരും ഈ രീതിയാണ് ഉപയോഗിച്ചുവരുന്നത്. കേരളത്തിന്റെ വികസനത്തിന് തടസ്സമായി നിൽക്കുന്നത് ഇവിടത്തെ സംഘടിത പ്രസ്ഥാനങ്ങളും തൊഴിലാളി സംഘടനകളുമാണ് എന്ന് തെളിയിക്കാനുള്ള വെമ്പലിലാണ് പലരും ഇത്തരം വാദങ്ങൾ നിരത്തുന്നത്. കേരളത്തിന്റെ ചരിത്രമറിയുന്ന ആർക്കും ഇത് പച്ചക്കള്ളമാണെന്ന് മനസ്സിലാക്കാനാവും. വാസ്തവത്തിൽ, കേരളം ഇതുവരെ നേടിയ എല്ലാ വികസന നേട്ടങ്ങൾക്കു പിന്നിലും കേരളത്തിന്റെ രാഷ്ട്രീയ പ്രബുദ്ധതയും സംഘടിത പ്രസ്ഥാനങ്ങളുടെ ചെറുതല്ലാത്ത പങ്കും കാണാനാവും. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായ ഉയർന്ന സാമൂഹിക വികസന സൂചികകൾ എത്തിപ്പിടിക്കാൻ കേരളത്തിന് കഴിഞ്ഞത് നമ്മുടെ രാഷ്ട്രീയ പ്രബുദ്ധത വികസനത്തിന് മുതൽക്കൂട്ടായതു കൊണ്ടാണ്. താരതമ്യേന കുറഞ്ഞ പ്രതിശീർഷ വരുമാനം വച്ചു കൊണ്ട്, വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന മനുഷ്യ വിഭവ വികസന നിലവാരം ആർജിക്കാൻ നമുക്ക് കഴിഞ്ഞു. ഇതിനെയാണ് ലോകം അത്ഭുതാദരങ്ങളോടെ, കേരള വികസന മാതൃക എന്നു വിളിച്ചത്. ഈ വിശേഷണം കേരള വികസനത്തിന്റെ വക്താക്കളോ പ്രയോക്താക്കളോ സ്വയം എടുത്തണിഞ്ഞതല്ല ; ലോകം നമ്മുടെ വികസനപാതയ്ക്ക് ചാർത്തിത്തന്നതാണ്. കേരളത്തേക്കാൾ ഉയർന്ന സാമ്പത്തിക



## സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഭൂപരിഷ്ക്കരണ നടപടികൾ ഉണ്ടായി. എന്നാൽ കേരളത്തിൽ ഉണ്ടായത് പോലെയുള്ള വിപ്ലവകരമായ ഭൂബന്ധപരിഷ്കരണം മറ്റു സ്ഥലങ്ങളിൽ നടന്നില്ല.

വളർച്ചാനിരക്ക് സ്വന്തമായിരുന്ന സംസ്ഥാനങ്ങൾ, വിശേഷിച്ച് പടിഞ്ഞാറേ ഇന്ത്യൻ സംസ്ഥാനങ്ങൾ, സാമൂഹികവികസന സൂചികകളുടെ കാര്യത്തിൽ കേരളത്തെ അപേക്ഷിച്ച് എത്രയോ പിന്നിലായിരുന്നു. ഇപ്പോഴും ഈ അവസ്ഥയ്ക്ക് മാറ്റം വന്നിട്ടില്ല. കേരളത്തിന്റെ ഈ മികവിന് കാരണം, ആരൊക്കെ എത്രതന്നെ പറഞ്ഞാലും, ഉയർന്ന സാക്ഷരതാ നിലവാരവും സാമൂഹ്യ പ്രബുദ്ധതയും ശരിയായ വികസന കാഴ്ചപ്പാടുള്ള സംഘടിത രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ കരുത്തും തന്നെയാണ്. എത്രയെങ്കിലും വസ്തുതകൾ നിരത്തി ഇത് സ്ഥാപിക്കാവുന്നതേയുള്ളൂ. സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഭൂപരിഷ്ക്കരണ നടപടികൾ ഉണ്ടായി. എന്നാൽ കേരളത്തിൽ ഉണ്ടായത് പോലെയുള്ള വിപ്ലവകരമായ ഭൂബന്ധപരിഷ്കരണം മറ്റു സ്ഥലങ്ങളിൽ നടന്നില്ല. ഈ കാലയളവിൽ, ഇന്ത്യയിലെ ഏതാണ്ടെല്ലാ സംസ്ഥാനങ്ങളും വിദ്യാഭ്യാസ രംഗത്ത് പുരോഗതി നേടി. എന്നാൽ, അവയെ ബഹുദൂരം പിന്നിലാക്കി കേരളം ഈ രംഗത്ത് ഒരു കുതിച്ചു ചാട്ടം തന്നെ നടത്തി. ആരോഗ്യരക്ഷയുടെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. സാക്ഷരതയുടെ കാര്യമെടുത്താലും സമാനമായ ചിത്രം കാണാനാവും.

ഉത്തർപ്രദേശിൽ അടുത്ത കാലത്തുണ്ടായ ശിശുമരണങ്ങൾ അവിടുത്തെ ആരോഗ്യരക്ഷാ സംവിധാനങ്ങൾ എത്രമാത്രം ദുർബലമാണെന്ന് ലോകത്തിനു മുന്നിൽ തുറന്നു കാട്ടി. ഇതിനെ കേരളത്തിലെ സാഹചര്യവുമായി താരതമ്യം ചെയ്യാൻ പോലും സാധിക്കില്ല. സമ്പന്ന വികസിത രാജ്യങ്ങളോടു കിടപിടിക്കുന്നതാണ് നമ്മുടെ മാനവ വികസന സൂചികകൾ. സാമ്പത്തിക വളർച്ച താഴേത്തട്ടിലുള്ള ജനങ്ങളുടെ ജീവിതത്തിലേക്ക് തനിയെ കിനിഞ്ഞിറങ്ങുമെന്ന സിദ്ധാന്തം പൊള്ളയാണെന്ന് മഹാരാഷ്ട്രയുടെയും ഗുജറാത്തിന്റെയും അനുഭവങ്ങൾ തെളിയിച്ചു. കേരളത്തെ അപേക്ഷിച്ച് ഉയർന്ന വളർച്ചയുള്ള ഈ സംസ്ഥാനങ്ങളിൽ ഇപ്പോഴും പട്ടിണിയും സാമ്പത്തിക അരക്ഷിതത്വവും കൊടികുത്തി വാഴുകയാണ്. സാമുദായിക വേർതിരിവുകളും വർഗീയ അതിക്രമങ്ങളും കൂടിയാവുമ്പോൾ അവയുടെ സ്ഥിതി പറയുകയേ വേണ്ട. തൊഴിലാളികളുടെയും കർഷകരുടെയും ചെറുകിട സംരംഭകരുടെയും താൽപര്യങ്ങളോട് പ്രധാന രാഷ്ട്രീയ കക്ഷികൾ പുറംതിരിഞ്ഞു നിൽക്കുന്നതാണ് ഈ സംസ്ഥാനങ്ങളുടെ സാമൂഹിക പിന്നോക്കാവസ്ഥയ്ക്ക് കാരണം. ദരിദ്രർക്കും ദുർബല വിഭാഗങ്ങൾക്കും അനുകൂലമായി വികസനത്തിന്റെ മുൻഗണനകൾ മാറണമെന്ന ചിന്ത അവർക്കില്ല. ഈ സംസ്ഥാനങ്ങളുടെ ഭേദപ്പെട്ട സാമ്പത്തിക വളർച്ചാ നിരക്കിന്റെ പേരിൽ പോലും ഈ കക്ഷികൾ



ക്ക് അഭിമാനത്തിന് വകയില്ല. വാസ്തവം പറഞ്ഞാൽ, രാഷ്ട്രീയ നേതൃത്വത്തിന്റെ നയങ്ങളല്ല, ഭൂമിശാസ്ത്രപരമായ കാരണങ്ങളാണ് മെച്ചപ്പെട്ട സാമ്പത്തിക വളർച്ച നേടാൻ ഈ സംസ്ഥാനങ്ങളെ സഹായിക്കുന്നത്. വളർച്ചയുടെ വിഹിതം അതിന്റെ യഥാർത്ഥ അവകാശികളായ ജനങ്ങൾക്ക് കിട്ടാതെ പോകുന്നതിന്റെ കാരണമാകട്ടെ, ഇവരുടെ നയങ്ങളാണ് താനും.

ജാതിക്കും ചൂഷണത്തിനുമെതിരായ സമരങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി മുതൽ കേരളത്തിൽ സജീവമായി. പിന്നീട്, പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ശക്തി പ്രാപിച്ചതോടെ, ജാതിവിരുദ്ധ സമരങ്ങൾ ജന്മിത്വത്തിനും എല്ലാ തരം അസമത്വങ്ങൾക്കും എതിരായ പ്രക്ഷോഭങ്ങളായി വികസിച്ചു. ഈ സമരങ്ങളിലൂടെ വികസിച്ചു വന്ന സാമൂഹിക അവബോധമാണ് കേരളത്തിന്റെ വികസന കാഴ്ച്ചപ്പാടിന് അടിത്തറയിട്ടത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി, സാമ്പത്തിക അസമത്വം തിൻമയായി കണക്കാക്കുന്ന ഇടതുപക്ഷ- പുരോഗമന പ്രസ്ഥാനങ്ങൾക്ക് കേരളം ഭരിക്കാൻ അവസരവും കിട്ടി. സാമൂഹികമായും സാമ്പത്തികമായും പിന്നണിയിൽ നിന്ന വിഭാഗങ്ങളെ സമൂഹത്തിന്റെ മുൻപന്തിയിലേക്ക് കൊണ്ടുവരാൻ പുരോഗമന സർക്കാരുകൾ പ്രത്യേക താൽപര്യമെടുത്തു. സാമൂഹ്യ അസമത്വങ്ങളെ താങ്ങിനിർത്തിയ ജന്മി-കുടിയാൻ ബന്ധങ്ങളെ കേരളം തച്ചുടച്ചു. എല്ലാവർക്കും വിദ്യാഭ്യാസം ലഭ്യമാക്കി. സംസ്ഥാനത്തിന്റെ മുക്കിലും മൂലയിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചു. സാമ്പത്തിക വളർച്ചയും വികസനവും ഒന്നല്ലെന്ന ബോധ്യം കേരളത്തിലെ ഇടതുപക്ഷ സർക്കാരുകൾക്ക് ഉണ്ടായിരുന്നു. സാമ്പത്തികവളർച്ച ജനങ്ങളുടെ ജീവിത നിലവാരത്തിൽ പ്രതിഫലിക്കുമ്പോൾ മാത്രമേ അത് വികസനമായി മാറുന്നുള്ളൂ. ഈ കാഴ്ചപ്പാടിലേക്ക് നീങ്ങാൻ കേരളത്തിന് കഴിഞ്ഞത് നമ്മുടെ രാഷ്ട്രീയ അവബോധത്തെ വികസന സങ്കല്പവുമായി കൂട്ടിയിണക്കിയാണ്. 1994-ൽ സംഘടിപ്പിച്ച ആദ്യത്തെ കേരളപഠന കോൺഗ്രസ്സിൽ യശഃശരീരനായ ഇഎംഎസ് നമ്പൂതിരിപ്പാട് ഈ പ്രമേയം വിശദീകരിക്കുകയുണ്ടായി. രാഷ്ട്രീയം വികസനത്തിന് തടസ്സമാണെന്ന വാദത്തെ അദ്ദേഹം ഖണ്ഡിച്ചു. രാഷ്ട്രീയപ്രബുദ്ധത വികസനത്തിന് മുതൽക്കൂട്ടാണെന്ന് അദ്ദേഹം സ്പഷ്ടമായി പറഞ്ഞു. വികസനം ആർക്കുവേണ്ടിയാവണം, അതിന്റെ മുൻഗണനകൾ എന്തൊക്കെയാവണം, സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലേക്ക് അതിന്റെ ഗുണഫലങ്ങൾ എത്തിക്കാൻ എന്തു ചെയ്യണം, വികസനത്തിനുള്ള മുൻകൈ പ്രവർത്തനങ്ങളിൽ ജനങ്ങളെ പങ്കെടുപ്പിക്കേണ്ടത് എങ്ങനെ മുതലായ ചോദ്യങ്ങൾക്ക് ഉത്തരം നൽകുമ്പോൾ മാത്രമേ ഒരു രാജ്യത്തിന്റെ/ സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാട് പൂർണ്ണമാവുകയുള്ളൂ.

സ്വാതന്ത്ര്യ സമരകാലം മുതൽക്കുള്ള ത്യാഗഭരിതമായ രാഷ്ട്രീയ പ്രവർത്തനത്തിന്റെ അനുഭവത്തിൽ നിന്നാണ് കേരളം അതിന്റെ വികസന കാഴ്ചപ്പാട് കരുപ്പിടിപ്പിച്ചത്. രാഷ്ട്രീയ വിരോധികളുടെ തടസ്സവാദത്തെ ഖണ്ഡിക്കാനും, ഒരു പടി കൂടി കടന്ന്, രാഷ്ട്രീയ പ്രബുദ്ധതയെ വികസനത്തിനുള്ള ഇന്ധനമാക്കി മാറ്റാൻ കഴിയുമെന്ന് സ്ഥാപിക്കാനും അദ്ദേഹം തയ്യാറായി. അദ്ദേഹത്തിന്റെ ചിന്തയിൽനിന്നാണ് ജനകീയാസൂത്രണം എന്ന വികസന സമീപനം ആവിഷ്കരിക്കപ്പെട്ടത്. വികസന പ്രവർത്തനങ്ങളിൽ ജനങ്ങളെ പങ്കാളികളാക്കുക എന്നതാണ് അദ്ദേഹം മുന്നോട്ടുവച്ച ആശയം. രാഷ്ട്രീയവും സാംസ്കാരികവുമായ പ്രബുദ്ധത കൊണ്ടു മാത്രമേ വികസനത്തിന്റെ ജനകീയ സംഘാടനം സാധ്യമാവൂ. പഞ്ചായത്തീരാജ് നഗരപാലിക നിയമങ്ങൾ നിലവിൽ വന്ന സാഹചര്യം ഈ ലക്ഷ്യത്തോടെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി നിർദ്ദേശിച്ചു.

1996-ൽ അധികാരത്തിലെത്തിയ ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള സർക്കാർ ഇത് നടപ്പിൽ വരുത്തി കാണിക്കുകയും ചെയ്തു. അങ്ങനെയാണ് കേരളത്തിന്റെ അഭിമാനമുയർത്തിയ ജനകീയാസൂത്രണം യാഥാർത്ഥ്യമായത്. പഞ്ചായത്തീരാജ് - നഗരപാലികാ നിയമങ്ങൾ രാജ്യമൊട്ടുക്കും നടപ്പിലായി; എന്നാൽ, ജനകീയാസൂത്രണം കേരളത്തിന്റെ വേറിട്ട മാതൃകയായി, പുകൾപെറ്റ കേരള വികസന മാതൃകയുടെ തുടർച്ചയായി, രാജ്യത്തിനകത്തും പുറത്തും മനസ്സിലാക്കപ്പെട്ടു.

ജനങ്ങൾക്ക് ഭരണത്തിൽ നേരിട്ട് പങ്കാളികളാവാൻ അവസരമൊരുക്കുന്നത് ഗ്രാമസഭകളാണ്. എന്നാൽ, ശരിയായ ബോധവൽക്കരണവും രാഷ്ട്രീയ മുൻകൈയുമില്ലാത്ത ഗ്രാമസഭകളെ ഈ നിലയിലേക്ക് ഉയർത്താനാവില്ല. പഞ്ചായത്തീരാജ് - നഗരപാലികാ നിയമങ്ങൾ നടപ്പിലായി രണ്ട് പതിറ്റാണ്ടിന് ശേഷവും, ഇടതുപക്ഷ - പുരോഗമന പ്രസ്ഥാനങ്ങൾ ദുർബലമായ പല സംസ്ഥാനങ്ങളിലും ജാതി പഞ്ചായത്തുകൾ ഇല്ലാതായിട്ടില്ല. മിശ്രവിവാഹിതർക്കും ജാതി നിയമങ്ങൾ ലം





ഏ ി
ക്കുന്ന ദ
ളിതുകൾക്കു
മെതിരെ ഈ ജാ
തി പഞ്ചായത്തുകൾ
മനുഷ്യത്വഹീനമായ ശി
ക്ഷകൾ വിധിച്ച് നടപ്പാക്കു
ന്നു. കേരളത്തിന്റെ വികസന സ
മീപനത്തെ കണ്ണിലെ കൃഷ്ണമണി
പോലെ സംരക്ഷിക്കാൻ നമുക്ക്
ബാധ്യതയുണ്ട്. പലരും പറയുന്ന
തുപോലെ വടക്കുനിന്ന് പഠിക്കേ
ണ്ട കാര്യം കേരളത്തിനില്ല. നമ്മു
ടെ വികസന ചിത്രം രാജ്യത്തിന്
മുന്നിൽ ശോഭയോടെ നിൽക്കുക
യാണ്. കേരളത്തിലെ ജനകീയാ
സൂത്രണം ഈ നേട്ടങ്ങൾക്ക് മകു
ടം ചാർത്തുന്നു. നമുക്ക് പോരാ
യ്മകൾ ഇല്ലെന്നല്ല. കഴമ്പുള്ള ചർ
ച്ചകൾ ഈ വിഷയത്തിൽ ആവശ്യം
തന്നെയാണ്. എന്നാൽ, നമ്മുടെ
ജനകീയ വികസന സമീപനം ജന
ഹൃദയങ്ങളിൽ വേരുറച്ചതാണ്.
അതിനെ മാറ്റി മറിക്കാൻ കേര
ളത്തിലെ ജനങ്ങൾ അനുവ
ദിക്കുമെന്ന് വിമർശകർ
പ്രതീക്ഷിക്കേണ്ടതില്ല.

എല്ലാ വിഭാഗത്തിലും
പെട്ട ജനങ്ങളുടെ പങ്കാളി
ത്തം ഉറപ്പു വരുത്തിയാണ് ഇ.
കെ. നായനാരുടെ നേതൃത്വത്തി
ലുള്ള അന്നത്തെ സർക്കാർ ജന
കീയാസൂത്രണത്തിന്റെ ഒന്നാം ഘ
ട്ടം വിജയത്തിലെത്തിച്ചത്. വോട്ടർ
മാരിൽ പകുതിയോ അതിലധിക
മോ പങ്കെടുത്ത ഗ്രാമസഭകൾ അ
ന്ന് സാധാരണമായിരുന്നു. പല
സംസ്ഥാനങ്ങളിലെയും ഉൾനാടൻ
ഗ്രാമങ്ങളിലെ വോട്ടിങ് ശതമാനം
ഇതിലും കുറവായിരുന്നു എ
ന്നോർക്കണം. ജനങ്ങൾ ഈ പുതി
യ സംവിധാനത്തെ പ്രതീക്ഷയോ
ടെ കണ്ടു. രാജ്യത്തിന്റെ വികസ
ന ചിത്രം മാറ്റിമറിക്കാൻ ജനങ്ങളു
ടെ പങ്കാളിത്തത്തോടെയുള്ള പ്രാ
ദേശികതല ആസൂത്രണം സഹാ
യിക്കുമെന്ന് അവർ വിശ്വസിച്ചു. ജ
നകീയാസൂത്രണം കേരളത്തിന്
സംഭാവന ചെയ്ത നേട്ടങ്ങൾ ചെ
റുതല്ല. നിർഭാഗ്യകരമെന്ന് പറയ

െട്ട ,
തുടക്ക
ത്തി ലുണ്ടായ
ജനപങ്കാളിത്തവും ഉത്സാഹവും
പിന്നീടുള്ള വർഷങ്ങളിൽ കണ്ടില്ല.
തുടക്കത്തിൽ, വിഭാവന ചെയ്യപ്പെ
ട്ട അതേ ഗൗരവത്തോടെ വാർ
ഡ്/ഗ്രാമസഭക ളെ കാണു
ന്നതിൽ പി ന്നീട് വീഴ്
ചയുണ്ടാ

**കേരളത്തിന്റെ വികസന സമീപനത്തെ കണ്ണിലെ കൃഷ്ണമണി പോലെ സംരക്ഷിക്കാൻ നമുക്ക് ബാധ്യതയുണ്ട്. പലരും പറയുന്നതുപോലെ വടക്കുനിന്ന് പഠിക്കേണ്ട കാര്യം കേരളത്തിനില്ല.**

യോ എ
ന്ന ആത്മ പ രിശോധ
ന നല്ലതാണ്.

കുറവുകളുണ്ടെങ്കിൽ തിരു
ത്തുകയും വേണം. ജനങ്ങളുടെ
കൈയ്യിലാണ് വാർഡ്/ഗ്രാമസഭ
യുടെ പ്രവർത്തനം. വോട്ടർമാർ
ആഗ്രഹിക്കുന്ന വഴിയിലൂടെ ഗ്രാ
മസഭകളെ കൊണ്ടുപോകാൻ ക
ഴിയും. അതേ സമയം ഭൂരിപക്ഷ
ത്തിന്റെ അഭിപ്രായം മറ്റുള്ളവർ
ക്കു മേൽ അടിച്ചേൽപ്പിക്കാനുള്ള
വേദിയായി വാർഡ്/ഗ്രാമസഭയെ
കാണാനും പാടില്ല. മികച്ച നേട്ട
ങ്ങൾ കൈവരിച്ച തദ്ദേശസ്വയംഭ
രണ സ്ഥാപനങ്ങളെ നോക്കി

യാൽ
മികച്ച
ജന പ
ങ്കാളിത്ത
മുള്ള വാർ
ഡ്/ഗ്രാമസഭക
ളാണ് അവയെ
നിയന്ത്രിക്കുന്നതെ
ന്ന് കാണാം. പൊതു
കാര്യങ്ങൾക്കു വേണ്ടി
സമയം മാറ്റി വയ്ക്കാനും
നാടിനു വേണ്ടി പ്രവർത്തി
ക്കാനും തയ്യാറുള്ള ജനങ്ങളാ
ണ് ഈ ജനകീയ സഭകളുടെ വി
ജയത്തിനു പിന്നിൽ. സാമൂഹ്യ പ്ര
ബുദ്ധതയും നിസ്വാർത്ഥമായ
പൊതുപ്രവർത്തനത്തിന്റെ അനു
ഭവവുമില്ലാതെ ഈ സംസ്കാരം
ഉണ്ടാവുകയില്ല.

തദ്ദേശസ്വയംഭരണ സ്ഥാപന
ത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ
അറിയാനും തീരുമാനങ്ങൾ എടു
ക്കുന്നതിൽ പങ്കാളിത്തം വഹിക്കാ
നും വാർഡ്/ഗ്രാമസഭകൾ ജന
ങ്ങൾക്ക് നേരിട്ട് അവസരം നൽ
കും. ഈ പങ്കും പങ്കാളിത്തവും
വാർഡ്/ഗ്രാമസഭകൾക്കുള്ളിൽ ഒ
തുക്കാതെ, തദ്ദേശ സ്വയംഭരണ
സ്ഥാപനത്തിന്റെ മൊത്തം
പ്രവർത്തനത്തിലേക്കും
എത്തിക്കുന്നതാണ് ജ
നകീയാസൂത്രണം.
ഗ്രാമ /വാർഡ് സഭകൾ
രാജ്യം മുഴുവനുമുണ്ട്; എ
ന്നാൽ, ജനകീയാസൂത്രണ
വും അതു മുന്നോട്ടുവയ്ക്കുന്ന
വികസന സംസ്കാരവും കേരള
ത്തിൽ മാത്രമേയുള്ളൂ. അത് പെ
ട്ടെന്ന് ഉണ്ടായതല്ല; കേരളത്തെ
രാഷ്ട്രീയ പ്രബുദ്ധതയിലേക്ക് നയി
ച്ച സമരങ്ങളുടെയും വികസനാ
നുഭവങ്ങളുടെയും തുടർച്ചയിലാ
ണ് അത് സാധ്യമായത്. കേരള
ത്തിലെ ഗ്രാമ /വാർഡ് സഭകളിൽ
കേരളത്തെ കാണാം. കേരളത്തി
ന്റെ നന്മകളും ഒരു വികസ്വര സ
മൂഹമെന്ന നിലയിലുള്ള അതിന്റെ
പോരായ്മകളും ഇവിടുത്തെ
വാർഡ്/ ഗ്രാമസഭകൾക്കുണ്ട്.

ഏറ്റവും മികച്ചതിനെയാണ് മാ
തൃകയെന്ന് വിളിക്കുന്നത്. മികച്ചതാ
യി തുടരാൻ നമുക്കാവണം. അതി
ന് സ്വയം നവീകരിക്കണം. ഇന്നോ
ളം നാം സ്വീകരിച്ചത് ഈ രീതിയാ
ണ്. അത് ഇനിയും തുടരണം. പ്ര

ശ്നങ്ങളെ ആഴത്തിൽ പഠിക്കാനും പരിഹാരം കണ്ടെത്താനും നമുക്കാവണം. കാടടച്ചുള്ള വിമർശനങ്ങൾ കൊണ്ടോ അന്ധമായ പ്രശംസകൾ കൊണ്ടോ കാര്യമില്ല. ആത്മവിമർശനത്തിന്റെയും സ്വയം നവീകരണത്തിന്റെയും കാര്യത്തിലും നമ്മൾ മാതൃകയാവണം.

ജനകീയ പുരോഗമന നയങ്ങളുടെ തുടർച്ചയാണ് നമുക്ക് വേണ്ടത്. കേരളത്തിന്റെ വികസന നേട്ടങ്ങൾ ദീർഘനാളത്തെ പരിശ്രമത്തിലൂടെ പടിപടിയായി കെട്ടിപ്പടുത്തതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന് മുന്തിയ പരിഗണനയും പ്രാധാന്യവുമാണ് ഈ സർക്കാർ നൽകുന്നത്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് എന്ന കാഴ്ചപ്പാട് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് തുടക്കം മുതലേ ഉണ്ടായിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണത്തിനുള്ള നടപടികൾ അതിവേഗം പുരോഗമിക്കുകയാണ്. പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും അവയ്ക്ക് അംഗീകാരം നൽകുന്നതിലും നിർവ്വഹണം നടത്തുന്ന വേളയിലും ആരുടെ താൽപര്യങ്ങളാണ് അതിൽ പ്രതിഫലിക്കുന്നതെന്ന ചോദ്യം പ്രധാനമാണ്. വൈദഗ്ധ്യവും സാങ്കേതികമായ അറിവും, നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച ഗ്രാഹ്യവും ഉദ്യോഗസ്ഥന് ഉണ്ടായിരിക്കണം. എന്നാൽ, ഉദ്യോഗസ്ഥൻ ജനങ്ങളെ പ്രതിനിധീകരിക്കുന്ന ആളല്ല. ഉദ്യോഗസ്ഥരുടെ അറിവും കഴിവും വൈദഗ്ധ്യവും ശരിയായ തീരുമാനമെടുക്കാൻ ഭരണസമിതികളെ സഹായിക്കണം.

തദ്ദേശ ഭരണത്തിലെ ജനകീയ പിന്തുണാസംവിധാനങ്ങളെ ദുർബലമാക്കാൻ അനുവദിക്കരുത്. ഉദ്യോഗസ്ഥന്മാരിൽ അധികാരങ്ങൾ കേന്ദ്രീകരിക്കുന്നത് ഭരണത്തിന്റെ ജനകീയ സ്വഭാവം ഇല്ലാതാക്കും. അത് ഉദ്യോഗസ്ഥമേധാവിത്വത്തിലേക്ക് നയിക്കും. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ നഷ്ടപ്രതാപം തിരിച്ചുകൊണ്ടുവരാനുള്ള ശ്രമമാണ് അധികാരമേറ്റ അന്നു മുതൽ ഈ സർക്കാർ നടത്തിയത്. പദ്ധതി പ്രവർത്തനങ്ങളിൽ സമയക്ലിപ്തത ഉറപ്പുവരുത്താനും, ഉദ്യോഗസ്ഥ സംവിധാനത്തിലുള്ള അധികാരത്തിന്റെ കേന്ദ്രീകരണം കുറച്ച് ജനകീയ സംവിധാനങ്ങൾക്ക് വികസന പ്രവർത്തനങ്ങളിൽ കൂടുതൽ പങ്കാളിത്തം നൽകാനും ഈ കാലയളവിൽ സർക്കാരിനായി. അതിനനുസരിച്ചുള്ള മാറ്റങ്ങളും ഉൾപ്പെടുത്തലുകളും തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതി രൂപീകരണ മാർഗരേഖയിൽ ഉണ്ടായി. ഉൽപ്പാദന മേഖലയ്ക്ക്, വിശേഷിച്ച് കൃഷി,



മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയ മേഖലകൾക്ക്, മുന്തിയ പരിഗണന നൽകുക എന്നതാണ് ഈ സർക്കാരിന്റെ സമീപനം. ഈ ലക്ഷ്യത്തോടെയാണ് പദ്ധതി വിഹിതത്തിന്റെ ഗണ്യമായ ഭാഗം ഉൽപ്പാദന മേഖലയ്ക്ക് വേണ്ടി മാറ്റി വയ്ക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. ഭരണമാറ്റത്തിന്റെ ഇടവേളകളിൽ ഈ സമീപനം ദുർബലമായപ്പോഴെല്ലാം അതിന്റെ നഷ്ടം കേരളം അനുഭവിച്ചു. റോഡുകളും പാലങ്ങളും കലുങ്കുകളും ഉണ്ടാക്കുന്നത് മാത്രമാണ് വികസനമെന്ന ധാരണയെ ഇത് ശക്തിപ്പെടുത്തി. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, മത്സ്യസംസ്കരണം, കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിൽ ആഗ്രഹിച്ച പുരോഗതിയുണ്ടാക്കുന്നതിന് നയത്തിലെ ഇടർച്ച തടസ്സമായിത്തീർന്നു. എന്നാൽ, ഈ പരിമിതികൾ കേരളത്തിന്റെ വികസന നേട്ടങ്ങളുടെ തിളക്കം ഒട്ടും കുറച്ചിട്ടില്ല. എന്നാൽ, ഇതുകൊണ്ട് തൃപ്തിപ്പെടാൻ നമ്മൾ തയ്യാറായിരുന്നില്ല. വെല്ലുവിളികളെ മറികടന്ന് ജനകീയ വികസന സമീപനവുമായി മുന്നോട്ടു പോകാൻ നമുക്കായി.

1990-കളിൽ രാജ്യത്തിന്റെ സാമ്പത്തിക രംഗത്ത് വലിയ മാറ്റങ്ങളുണ്ടായി. വിപണിയെ പ്രോത്സാഹിപ്പിക്കുന്ന പുതിയ നയം കേന്ദ്രസർക്കാർ സ്വീകരിച്ചു. സമ്പദ്വ്യവസ്ഥയുടെ മുരടിപ്പ് മാറ്റാനും വളർച്ച ത്വരിതപ്പെടുത്താനും ഈ നയം സഹായിക്കും എന്നായിരുന്നു കേന്ദ്ര സർക്കാരിന്റെ അവകാശവാദം. സാമൂഹ്യ സുരക്ഷ സർക്കാരിന് വലിയ ബാധ്യതയാണെന്നും അതിന്റെ ഭാരം കുറച്ചു കൊണ്ടുവരണമെന്നും ഈ നയത്തിന്റെ വക്താക്കൾ കരുതി. മാറിയ സാമ്പത്തിക നയം നിലവിൽ വന്നതിനു ശേഷംഅതിന്റെ ചട്ടക്കൂടിനുള്ളിൽ മാത്രമേ സംസ്ഥാന സർക്കാരുകൾക്ക് പ്രവർത്തിക്കാൻ കഴിയുമായിരുന്നുള്ളൂ.

തൊണ്ണൂറുകളിൽ കേരളം മികച്ച സാമ്പത്തിക വളർച്ച നേടി. ഇത് പതിറ്റാണ്ടുകൾ നീണ്ട വളർച്ചാ മാന്ദ്യത്തിന് അവസാനം കുറിച്ചതായി കണക്കാക്കപ്പെട്ടു. തൊണ്ണൂറുകളിൽ കേരളം നേടിയ മികച്ച സാമ്പത്തികവളർച്ചയ്ക്ക് കാരണം രാജ്യത്തിന്റെ പുതിയ സാമ്പത്തിക നയമാണെന്ന വാദത്തിന് ആയുസുണ്ടായില്ല. വിദേശ രാജ്യങ്ങളിൽനിന്ന് കേരളത്തിലേക്ക് അയക്കുന്ന പണത്തിന്റെ അളവ് കൂടിയതാണ് വളർച്ചയ്ക്ക് കാരണമെന്ന് ശരിയായി ചൂണ്ടിക്കാണി

ക്കപ്പെട്ടു. വിദേശപ്പണത്തെ ആശ്രയിച്ചു നിൽക്കുന്ന സമ്പദ്‌വ്യവസ്ഥയെന്ന ചീത്തപ്പേര് കേരളത്തിന് സ്വന്തമാവുകയും ചെയ്തു. കേരളത്തെ മണിയോർഡർ സമ്പദ്‌വ്യവസ്ഥയെന്ന് വിളിച്ച് ആക്ഷേപിക്കാൻ പോലും പണ്ഡിതൻമാർ തയ്യാറായി. വിദേശത്ത് ജോലി ചെയ്ത് പണം സമ്പാദിക്കുന്നതിനും അത് നാട്ടിലെത്തിച്ച് വികസനത്തിന് മുതൽക്കൂട്ടുന്നതിനും മലയാളിക്ക് കഴിഞ്ഞത് കേരളം മനുഷ്യശേഷിയിൽ കൈവരിച്ച മികച്ച നേട്ടങ്ങളുടെ പശ്ചാത്തലത്തിലാണ്. ഉയർന്ന സാക്ഷരതയും മികച്ച ആരോഗ്യ പരിരക്ഷയും ഉന്നത വിദ്യാഭ്യാസ രംഗത്തെ മികവും, അതിലെല്ലാമുപരി, ലോകത്തെ തറവാടായി കാണുന്ന ഉന്നതമായ കാഴ്ചപ്പാടും വിദേശരാജ്യങ്ങളിലെ തൊഴിലവസരങ്ങൾ എത്തിപ്പിടിക്കാൻ മലയാളിയെ പ്രാപ്തനാക്കി. 'മണിയോർഡർ' വന്നത് വെറുതെയല്ല എന്നർത്ഥം. തൊഴിൽ വിപണിയിൽ മറ്റു രാജ്യക്കാരെ പിന്നിലാക്കിയാണ് കേരളം പിടിച്ചു നിന്നത്. അതിന് മലയാളിയെ പ്രാപ്തനാക്കിയത്, നവോത്ഥാന പ്രസ്ഥാനങ്ങളും ഇടതുപക്ഷ രാഷ്ട്രീയവും ഉഴുതുമറിച്ച കേരളത്തിന്റെ മണ്ണാണ്.

ഒന്നാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് കേരളത്തിന്റെ വികസന സ്ഥിതിവിശേഷം വിശദമായി പരിശോധിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ സാമൂഹിക വികസന നേട്ടങ്ങൾ സ്ഥായിയായി നിലനിർത്താൻ ഉൽപാദനരംഗത്ത് വളർച്ച നേടേണ്ടത് ആവശ്യമാണെന്ന് ഇഎംഎസ് നമ്പൂതിരിപ്പാട് അടക്കമുള്ള പണ്ഡിതന്മാർ ഊന്നിപ്പറഞ്ഞു. കേരളത്തിന്റെ രാഷ്ട്രീയ പ്രബുദ്ധതയും സംഘടന അനുഭവവും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും വികസനത്തിനും വേണ്ടി ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുമെന്ന് ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങൾ കരുതി. ജനകീയാസൂത്രണത്തിന്റെ വിജയം ഈ സമീപനം ശരിയാണെന്ന് തെളിയുക്കുകയും ചെയ്തു. സാമൂഹിക നേട്ടങ്ങൾ സംരക്ഷിച്ചു കൊണ്ട് ഉൽപാദന രംഗത്ത് വളർച്ച നേടാൻ എന്തു ചെയ്യണമെന്ന് ഇവിടെ ഗൗരവത്തിൽ ചർച്ച ചെയ്യപ്പെട്ടു.

ആഗോളവൽക്കരണത്തിന്റെ കാലത്തെ വികസന വെല്ലുവിളികളെ കേരളം ധീരമായി ഏറ്റെടുത്തു. സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ മുൻനിര സംസ്ഥാനങ്ങളിൽ പലതിനെയും കവച്ചു വയ്ക്കാൻ കഴിയുമെന്ന് നമ്മൾ തെളിയിച്ചു. എന്നാൽ, വളർച്ചയിൽ മാത്രമായിരുന്നില്ല നമ്മുടെ ശ്രദ്ധ. ദാരിദ്ര്യ ലഘൂകരണത്തിനുള്ള വലിയ പദ്ധതികൾ നമുക്കുണ്ടായി. സ്ത്രീകളെ പൊതു രംഗത്തേക്ക് കൊണ്ടുവന്ന കുടുംബശ്രീ അതിന്റെ ഒരു പതിറ്റാണ്ടു കാലത്തെ പ്രവർത്തനം കൊണ്ട് ലോകശ്രദ്ധ നേടി. ആശ്രയ മുതലായ പദ്ധതികളിലൂടെ, ആരോരുമില്ലാത്തവർക്ക്

**ഹരിത കേരളം, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് എന്നീ വികസന ദൗത്യങ്ങൾ കേരളത്തിന്റെ ജനകീയ വികസന കാഴ്ചപ്പാടിന് അടിവരയിടുന്നു.**

കുടുംബശ്രീ തുണയായി. ഇഎംഎസ് ഭവന പദ്ധതി ഒന്നരലക്ഷത്തിലേറെ പാവപ്പെട്ട കുടുംബങ്ങൾക്ക് പാർപ്പിടം നൽകി. മാനദണ്ഡങ്ങൾ ഉദാരമാക്കിയതിലൂടെ, സംസ്ഥാനത്തെ പകുതിയോളം കുടുംബങ്ങളെ സാമൂഹ്യസുരക്ഷാ പെൻഷനുകൾക്ക് കീഴിൽ കൊണ്ടുവന്നു. തൊണ്ണൂറുകളുടെ തുടക്കം മുതൽക്ക് കൂണുകൾ പോലെ മുളച്ചു പൊന്തിയ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിലെ പൊതു വിദ്യാലയങ്ങൾക്ക് വെല്ലുവിളിയുയർത്തി. ഇടതുപക്ഷ സർക്കാരുകൾ നമ്മുടെ പൊതു വിദ്യാഭ്യാസ രംഗത്തെ കണ്ണിലെ കൃഷ്ണമണി പോലെ കാത്തു. പ്രബുദ്ധരായ ജനങ്ങളെ രംഗത്തിറക്കി, പൊതു വിദ്യാലയങ്ങളെ സംരക്ഷിച്ചു.

കച്ചവടക്കണ്ണോടെ ആരോഗ്യ മേഖലയിൽ ഇടപെട്ട സ്വകാര്യ ലോബികൾ സംസ്ഥാനത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ ശൃംഖലയെ തകർക്കാൻ ശ്രമിച്ചു. സാധാരണക്കാർക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തിയത് സംസ്ഥാനത്തിന്റെ മുക്കിലും മൂലയിലും വരെ വ്യാപിച്ചു കിടക്കുന്ന പ്രാഥമിക - സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളുടെ ശൃംഖലയാണ്. ഇവയെ മോശമെന്നു വരുത്താനും ധർമാശുപത്രികൾ എന്നു വിളിച്ച് അധിക്ഷേപിക്കാനും സ്വകാര്യ മേഖലയുടെ വക്താക്കൾ ശ്രമിച്ചു. പാവപ്പെട്ടവർക്ക് അത്താണിയായ ഈ സ്ഥാപനങ്ങളെ തകർച്ചയിൽ നിന്ന് രക്ഷിക്കാൻ കേരളത്തിലെ ജനകീയ സർക്കാരുകൾക്കായി.

വയലുകൾ നികത്തിയും തണ്ണീർത്തടങ്ങൾ നശിപ്പിച്ചും പാരിസ്ഥിതിക നാശത്തിലേക്ക് നീങ്ങുകയായിരുന്ന കേരളത്തെ സുസ്ഥിര വികസനത്തിന്റെ പാതയിലേക്ക് തിരിച്ചു കൊണ്ടുവരാനും സർക്കാരിനു കഴിഞ്ഞു. മണ്ണും ജലവും സംരക്ഷിക്കുന്നതിനുള്ള ഇത്രകണ്ട് വിപുലമായ ബോധവൽക്കരണം ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും നടക്കുന്നില്ല. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ സർക്കാരിനു കീഴിൽ കേരളം സമ്പൂർണ പാർപ്പിട സുരക്ഷയിലേക്ക് നീങ്ങുകയാണ്. നോട്ടു പിൻവലിക്കലും ജിഎസ്ടിയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ ബുദ്ധിമുട്ടിലാക്കിയപ്പോൾ, സുചിന്തിതമായ നയങ്ങളുടെയും കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റിന്റെയും കരുത്തിൽ കേരള സർക്കാർ അതിന്റെ ക്ഷേമനടപടികളുമായി മുന്നോട്ടു പോവുകയാണ്. ഹരിതകേരളം, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ് എന്നീ വികസന ദൗത്യങ്ങൾ കേരളത്തിന്റെ ജനകീയ വികസന കാഴ്ചപ്പാടിന് അടിവരയിടുന്നു.

വികസന വെല്ലുവിളികളെ ജനങ്ങളെ അണിനിരത്തി നേരിടാൻ നമുക്കാവും. അതിന്റെ ഏറ്റവും ഒടുവിലത്തെ ദൃഷ്ടാന്തമാണ് നവകേരള മിഷനുകൾ. അതെ, കേരളം രാജ്യത്തിനു വഴികാട്ടുകയാണ്.●

കവിത



# ഒരു നിശ്ചല ഛായാചിത്രം

റോസ് മേരി



വെയിലിന്റെ വെട്ടിത്തിളക്കം
മങ്ങിത്തുടങ്ങിയ മദ്ധ്യാഹ്നങ്ങളിലൊന്നിൽ
ലാജവന്തി
തന്റെ ഇരിപ്പുമുറിയുടെ തല്പത്തിൽ
മിഴി പാതി പൂട്ടി.
അലസം ചാഞ്ഞുകിടന്നു.
അവളുടെ ഈറൻ മുടിത്തുമ്പിൽ നിന്നും
ജലകണങ്ങളടർന്ന്
ചെന്നിറമാർന്ന തറയിൽ
വീണു ചിതറി.
ജലക്രീഡയുടെ കുളിര്.
അപ്പോഴും
ഉടലിൽ തങ്ങി നിൽപ്പുണ്ട്.
ലാജവന്തിയുടെ
മൃദുലമായ അടിവയറിൽ മുഖം പൂഴ്ത്തി,
അവളുടെ അരുമയാം പൂച്ചക്കുഞ്ഞ്.
സ്വാസ്ഥ്യത്തിന്റെ ഭദ്രതയാൽ.
അവൻ, ഗാഢഗാഢമാമൊരുറക്കത്തിൽ,
ആണ്ടുമുഴുകിപ്പോയ്.
ജാലകത്തിലൂടെ കടന്നുവന്ന
പോക്കു വെയിൽത്തട്ടി
അവളുടെ കൈത്തണ്ടയിലെ
നേർത്ത രോമരാജികളും
കാലിലണിഞ്ഞ പാദസരങ്ങളും
തിളങ്ങുന്നുണ്ടായിരുന്നു.
നടവാതിൽക്കൽ പടർന്നുകയറിയ
ആന്റിഗൺ പൂകുലകളുടെ
ഇളകുന്ന ഛായകൾ,
അവൾക്കു ചുറ്റിനും
നിഴൽ നർത്തനമാടി.
പുറത്ത്,
കാട്ടു പിച്ചിപ്പടർപ്പുകളെ
കുഴച്ചു മറിയ്ക്കുന്ന കാറ്റ്.....
ഒച്ചയുണ്ടാക്കാതെ അടർന്നു പതിയ്ക്കുന്ന
മെല്ലിച്ച ധവള പുഷ്പങ്ങൾ.
കാറ്റിന്റെ ഓരോ പാഞ്ഞുവരവിലും
അടി തെറ്റിപ്പാറുന്ന
പുള്ളിപ്പൂമ്പാറ്റകൾ....
ലാജവന്തിക്കു ചുറ്റും
വീണുകിടന്നിളകുന്ന
നിഴലുകളുടെ കളമെഴുത്ത്.
പുറത്ത്,
ആസന്നമായ അസ്തമയത്തെ
വിളംബരം ചെയ്തും കൊണ്ട്
പോക്കുവെയിലിന്റെ തീയാട്ട്!
ഉടലൊടു പറ്റിച്ചേർന്ന്
അവളുടെ ജീവന്റെ ജീവനാം
പൂച്ചക്കുഞ്ഞ്...
സർവ്വം നിശ്ശബ്ദ നിശ്ചലമായ
ആ മായിക വേളയിൽ
അവൾ തന്നോടുതന്നെ മന്ത്രിച്ചു:
'ഹാ, ഈ ലോകത്തിലെ ഏറ്റം
ആനന്ദമനുഭവിയ്ക്കുന്ന ആത്മാവ്,
ഞാനാണ് !"
ആ വഴി കടന്നു പോവുന്ന കാറ്റ്
അവളുടെ കാതിൽ പറഞ്ഞു:
'ഈ ഭൂമിയിലെ ഏറ്റം
ആഹ്ലാദവതിയായ സ്ത്രീയേ,
നിന്റെ പടിവാതിൽക്കലെ
സന്ദർശക മണിയൊച്ച
ഇനി മുഴങ്ങാതിരിക്കട്ടെ!
ടെലിഫോൺ നാദം ഇനി മേൽ
നിന്നെ അലോസരപ്പെടുത്താതിരിക്കട്ടെ!
ലാജവന്തി.
ഒന്നുമേ, അറിയുന്നുണ്ടായിരുന്നില്ല.
കാറ്റ്.
മെല്ലെ ഉലയ്ക്കുന്ന മുടിയിഴകളുമായ്.
തന്റെ ഉയിരിനുമുയിരാം
പൂച്ചക്കുറിഞ്ഞ്യാർക്കൊപ്പം
പാതിമിഴി പൂട്ടി.
ഉറക്കത്തിനും ഉണർവ്വിനും മദ്ധ്യേ.
നിശ്ചലയായങ്ങനെ...



ഡോ. പ്രകാശൻ ഗുരുക്കൾ / ഷിജു ഏലിയാസ്

അവഗണനയുടെ നാളുകളെ അതിജീവിച്ച് പരമ്പരാഗത ആയോധന കലകൾ തിരിച്ചു വരുന്ന കാലമാണിത്. അതിന്ന് ആക്രമണത്തിന്റെയും പ്രത്യാക്രമണത്തിന്റെയും കാര്യമല്ല; സംസ്കാരത്തിന്റെയും ആരോഗ്യകരമായ ജീവിത ശൈലിയുടെയും ഭാഗമാണ്. നൂറ്റാണ്ടുകളുടെ പഠനവും മനനവും അഭ്യാസവും കൊണ്ട് വളർത്തിയെടുത്ത ശാസ്ത്രീയ ആയോധന മുറയാണ് കളരിപ്പയറ്റ്. കളരിയഭ്യാസം ഒരു വ്യക്തിക്ക് ആരോഗ്യമുള്ള ശരീരവും പക്വതയുള്ള മനസും സമ്മാനിക്കുന്നു. അതയാളെ ഉയർന്ന ജീവിത മൂല്യങ്ങളിലേക്ക് നയിക്കുന്നു. കളരി പാരമ്പര്യത്തിന്റെ ഭാഗമായ മർമ്മ ചികിൽസ മുതലായ സമ്പ്രദായങ്ങളുടെ പ്രാധാന്യവും ഇന്ന് പുതിയ രൂപത്തിൽ തിരിച്ചു വന്നിരിക്കുന്നു.

ഹൃദ്യമായ ഗുരു ശിഷ്യബന്ധങ്ങളി



**കളരിയഭ്യാസം ഒരു വ്യക്തിക്ക് ആരോഗ്യമുള്ള ശരീരവും പക്വതയുള്ള മനസും സമ്മാനിക്കുന്നു. അതയാളെ ഉയർന്ന ജീവിത മൂല്യങ്ങളിലേക്ക് നയിക്കുന്നു.**

ലൂടെയാണ് കളരികളിലെ അറിവുകൾ പരമ്പരയായി കൈമാറി വന്നത്. എതൊരു കളരിയിലും ഗുരുവിന്റെ പക്കൽ ചില രഹസ്യ മുറകൾ ഉണ്ടാകും. ഏറ്റവും വിശ്വസ്തരായ ശിഷ്യന്മാരിലൂടെ ഈ വിലപ്പെട്ട അറിവുകളും കൈമാറിപ്പോരുന്നു. കളരി പരമ്പരകൾ ഇല്ലാതായതോടെ, ഇത്തരം അറിവുകൾ പലതും നഷ്ടപ്പെട്ടു. എന്നിരുന്നാലും, കളരിപ്പയറ്റിനെ ഉപാസനയായി കരുതുന്ന ധാരാളം ഗുരുക്കന്മാർ ഇന്നുമുണ്ട്. ആയോധന കലകളുടെ മാതാവായ കളരിയുടെ മഹത്വം ഇവരിലൂടെ ഇന്നും കൈമാറി വരുന്നു. കളരിയുടെ വിസ്മയകരമായ സിദ്ധികൾ ലോകത്തിനു മുന്നിൽ വെളിപ്പെടുത്തിയ കളരിയഭ്യാസിയും മർമ്മശാസ്ത്ര ഗവേഷകനുമായ ഡോ. പ്രകാശൻ ഗുരുക്കൾ കളരി പരമ്പരയിലെ പുതു മുറക്കാർക്ക് ഒരു വിസ്മയമാണ്. നോക്കുമർമ്മം, ചൂണ്ടുമർമ്മം തുടങ്ങിയ അനിതര സാധാരണമായ സിദ്ധികളുടെ പേരിൽ ലോകപ്രസിദ്ധനാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡിലെ ഈ റിട്ടയേഡ് ഉദ്യോഗസ്ഥൻ. കൊല്ലം ജില്ലയിലെ കല്ലുംതാഴം എന്ന സ്ഥലത്ത് അദ്ദേഹം സ്ഥാപിച്ച മർമ്മാശ്രമത്തിൽ സംസ്ഥാനത്തിന് പുറത്തു നിന്നു പോലും രോഗികളെത്തുന്നു. വർഷങ്ങളോളം ചികിൽസിച്ച് സുഖപ്പെടാത്ത രോഗങ്ങളുമായി വന്ന പലരും നിമിഷ നേരത്തെ പ്രയോഗം കൊണ്ട് സൗഖ്യം നേടി തിരിച്ചു പോകുന്നു. ഇതിന്റെ രഹസ്യമെന്തെന്ന് ചോദിക്കുമ്പോൾ, അറിവിന്റെ ഔന്നത്യത്തിൽ നിന്നുകൊണ്ട് അദ്ദേഹം വിനയാന്വിതനാവുന്നു. മർമകലയുടെയും അഗസ്ത്യമുനിയുടെ പാരമ്പര്യത്തിന്റെയും മഹത്വത്തെ കുറിച്ച് ഗുരുക്കൾ വാചാലനാവുമ്പോൾ, വിസ്മയത്തോടെയേ അത് കേട്ടു നിൽക്കാനാവൂ. ഡോ. പ്രകാശൻ ഗുരുക്കൾ ഷിജു ഏലിയാസിനു നൽകിയ അഭിമുഖത്തിലെ പ്രസക്ത ഭാഗങ്ങൾ:

**കളരിയെക്കുറിച്ച് കാര്യമായ അറിവില്ലാത്ത ഒരു സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം, കായികാഭ്യാസം പരിശീലിപ്പിക്കുന്ന ഒരു പരമ്പരാഗത രീതിയാണത്. ഈ നിരീക്ഷണം എത്രകണ്ട് അപൂർണമാണ്. കളരിയെക്കുറിച്ചുള്ള ഗുരുക്കളുടെ കാഴ്ചപ്പാട് എന്താണ് ?**

കളരി കായികാഭ്യാസം മാത്രം പഠിപ്പിക്കുന്ന ഏർപ്പാടല്ല. തീർച്ചയായും കായികാഭ്യാസത്തിന് ഇതിൽ വലിയ പ്രാധാന്യമുണ്ട്; എന്നാൽ അതു മാത്രമല്ല. പഴയ കാലത്ത് സകലകലാ വല്ലഭൻമാരായ ഗുരുക്കന്മാരുടെ ആശ്രമങ്ങളിലാണ് കളരികൾ പ്രവർത്തിച്ചിരുന്നത്. അപൂർവ്വങ്ങളായ അറിവുകളുടെ കേന്ദ്രങ്ങളായിരുന്നു കളരികൾ. വ്യക്തികളുടെ ശാരീരികവും മാനസികവും ആത്മീയവുമായ വളർച്ചയ്ക്ക് അവ സഹായകമായി. അന്നത്തെ രാജാക്കന്മാരും നാടുവാഴികളും കളരി പാരമ്പര്യങ്ങളെ പ്രോൽസാഹിപ്പിച്ചു. അന്ന് കളരി ചികിത്സയ്ക്കും വലിയ പ്രചാരം ഉണ്ടായിരുന്നു. പിന്നീട്, ബ്രിട്ടീഷ് ഭരണകാലത്ത് കളരി നിരോധിക്കപ്പെട്ടു. ആയിരക്കണക്കിന് വർഷത്തെ പാരമ്പര്യമുള്ള ഈ ആയോധന കലയുടെ പ്രഭയ്ക്ക് അതോടെ മങ്ങലേറ്റു. എന്നാൽ മറ്റു രാജ്യങ്ങൾ അവരുടെ സ്വന്തം ആയോധന കലകളിലെ പഠനവും ഗവേഷണവും പരിശീലനവും മുന്നോട്ടു കൊണ്ടുപോയി. അവരതിൽ വലിയ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു. എന്നാൽ അവയേക്കാൾ പഴക്കം ചെന്ന നമ്മുടെ സ്വന്തം ആയോധന കലയായ കളരി അവഗണന നേരിട്ടു. അത് നമ്മുടെ സംസ്കാരത്തിനും പാരമ്പര്യത്തിനും തിരിച്ചടിയുണ്ടാക്കി. സ്വാതന്ത്ര്യത്തിനു ശേഷവും കളരി പാരമ്പര്യത്തോടുള്ള നമ്മുടെ അവഗണന തുടർന്നു. ടൂറിസം വികസിച്ചതോടെ, മറ്റ് പരമ്പരാഗത അറിവുകൾ പോലെ ഇതും പ്രദർശിപ്പിക്കാനും പണമുണ്ടാക്കാനുമുള്ള ഒന്നായി ചിലർ കണ്ടു. ടൂറിസ്റ്റുകൾക്ക് മുന്നിൽ അവതരിപ്പിച്ച് പണമുണ്ടാക്കാൻ മറ്റു പരമ്പരാഗത കലകൾ പോലെ കളരിയും ഉപയോഗിക്കപ്പെട്ടു.

കളരി പഠിക്കണം; അറിവുള്ള ഗുരുവിന്റെ കീഴിൽ അതിന്റെ ചിട്ടകൾ അനുസരിച്ചു തന്നെ പഠിക്കണം. മുന്നൂറിലധികം ആയോധന കലകൾ നമ്മുടെ നാട്ടിൽ പ്രചാരത്തിലുണ്ട്. ഇതിൽ നമ്മുടെ തനത് പാരമ്പര്യം കളരിയുടേതാണെന്നും കളരിക്ക് ശരിയായ ശാസ്ത്രീയ അടിത്തറയുണ്ടെന്നും എല്ലാവർക്കും അറിയില്ല. കളരിയിൽ മാനസികവും ആത്മീയവുമായ അറിവുകൾ, അച്ചടക്കം, കൃത്യനിഷ്ഠ, മറ്റുള്ളവരോടുള്ള സഹാനുഭൂതി, സംസ്കാരത്തോടുള്ള ആഭിമുഖ്യം, നല്ല പെരുമാറ്റം തുടങ്ങിയവയ്ക്കെല്ലാം കായികാഭ്യാസം പോലെ തന്നെ പ്രാധാന്യമുണ്ട്. ഇത് മറ്റ് ആയോധന കലകൾക്ക് ഇല്ലാത്ത ഒരു പ്രത്യേകതയാണ്.



*കളരി പഠിക്കണം; അറിവുള്ള ഗുരുവിന്റെ കീഴിൽ അതിന്റെ ചിട്ടകൾ അനുസരിച്ചു തന്നെ പഠിക്കണം.*

**എതു പ്രായത്തിലാണ് കളരിപഠനം തുടങ്ങേണ്ടത്? എവിടെ പഠിക്കണം. എന്താണ് അങ്ങയുടെ ഉപദേശം?**

കുട്ടികളെ അവരുടെ ചെറുപ്രായം മുതൽ കളരി അഭ്യസിപ്പിക്കുന്നതാണ് ഏറ്റവും നല്ലത്. അതവരുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് സഹായകമാകും. ആരോഗ്യമുള്ള ശരീരവും ആരോഗ്യമുള്ള മനസ്സും നാടിന്റെ സംസ്കാരത്തോടും പാരമ്പര്യത്തോടും ആഭിമുഖ്യവുമുള്ള നല്ല പൗരൻമാരായി അവരെ വളർത്തും. ഇന്നത്തെ രക്ഷിതാക്കൾക്ക് കുട്ടികളുടെ കാര്യങ്ങൾ വേണ്ടതു പോലെ ശ്രദ്ധിക്കാൻ സമയം കിട്ടുന്നില്ല

**ആത്മരക്ഷയ്ക്കു വേണ്ടി പെൺകുട്ടികളെ കരാട്ടെ പഠിപ്പിക്കാൻ ഇന്ന് പല സ്ഥാപനങ്ങളും മുന്നോട്ടു വരുന്നുണ്ട്. ചില തദ്ദേശ ഭരണ സ്ഥാപനങ്ങളും ഈ രീതിയിൽ ചിന്തിച്ചു തുടങ്ങിയതായി വാർത്തകളിൽ കാണുന്നു. എന്തു തോന്നുന്നു?**

സ്വയരക്ഷയ്ക്ക് ആയോധനകലയിൽ അറിവുണ്ടാകുന്നത് തീർച്ചയായും നല്ലതാണ്. എന്നാൽ, അതിന് ശരിയായ സമീപനം വേണം. 1970-കൾ മുതൽക്ക് പെൺകുട്ടികൾക്ക് മർമ്മ കലയിലെ അറിവുകൾ പറഞ്ഞു കൊടുക്കുന്ന ഒരാളാണ് ഞാൻ. പെൺകുട്ടികളെ സ്വയരക്ഷ

സാധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല. കായികശക്തി കൂടിയ ആളെ കുറഞ്ഞ ശക്തി കൊണ്ട് കീഴ്പ്പെടുത്താനുള്ള മാർഗം മർമ്മവിദ്യയാണ്. മർമ്മകല പഠിച്ചയാൾക്ക് കരുത്തനായ ഒരാളെ ബോധം കെടുത്താൻ ഒരു വിരൽത്തുമ്പിന്റെ ശക്തി പോലും ആവശ്യമില്ല. മർമ്മകല ശരിയായി പഠിച്ചു കഴിഞ്ഞാൽ, അതിന്റെ ആത്മവിശ്വാസം തന്നെ ആത്മരക്ഷയ്ക്ക് ധാരാളമാണ്. പഠിച്ച അറിവുകൾ പ്രയോഗിക്കേണ്ട ആവശ്യം തന്നെ വരണമെന്നില്ല. കളരിയിൽ പതിനെട്ട് അടവുകൾ പ്രധാനമാണ്. കയ്യും മെയ്യും കണ്ണും മനസ്സും ഇതിൽ ഒത്തു പ്രവർത്തിക്കു



എന്നതാണ് വാസ്തവം. കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ കണ്ടറിഞ്ഞ് വളർത്തിയെടുക്കാൻ കൂടുതൽ സമയം ചെലവഴിക്കുന്നത് ഒരു നഷ്ടമായാണ് അവരിൽ പലരും കാണുന്നത്.

നല്ലൊരു ഗുരുവിന്റെ കീഴിൽ വേണം കളരി അഭ്യസിക്കാൻ. കളരിയിൽ, ശിഷ്യൻമാർക്കു മേൽ ഗുരുവിനുള്ള സ്വാധീനം വളരെ വലുതാണ്. ഇന്ന് ധാരാളം പേർ ആയോധന കലകളിൽ താല്പര്യം കാണിക്കുന്നുണ്ട്. നിർഭാഗ്യവശാൽ, വിദേശ കലകളാണ് യഥാർത്ഥമെന്ന തോന്നൽ ഇവരിൽ പലർക്കുമുണ്ട്. വ്യക്തിത്വ രൂപീകരണത്തിന് കളരിയിൽ നൽകുന്ന പ്രാധാന്യം വിദേശ ആയോധന കലകളിൽ അത്ര തന്നെയില്ല. കുട്ടികളെ ആയോധന കലകൾ പഠിപ്പിക്കാൻ ആഗ്രഹിക്കുന്ന രക്ഷിതാക്കൾ ഇത് മനസ്സിലാക്കണം.

യ്ക്കു വേണ്ടി പഠിപ്പിക്കുന്നത് അവർക്ക് ഉപകരിക്കണം. ശക്തനായ പുരുഷനെ അയാളെക്കാൾ കൂടിയ ശക്തി കൊണ്ട് നേരിട്ട് സ്ത്രീക്ക് സ്വന്തം സുരക്ഷ ഉറപ്പുവരുത്താൻ കഴിയും എന്നുള്ളത് വ്യാമോഹം മാത്രമാണ്. കളരിയാണ് അതിന് ഏറ്റവും അനുയോജ്യം. കളരി പരിശീലനത്തിലൂടെ സ്ത്രീ സുരക്ഷ അടക്കമുള്ള കാര്യങ്ങളിൽ വലിയ മാറ്റം കൊണ്ടു വരാൻ കഴിയും. കുറച്ച് മർമ്മ വിദ്യ അറിയുന്ന ഒരാൾക്ക്, അത് സ്ത്രീയോ പുരുഷനോ ആവട്ടെ, സ്വന്തം സുരക്ഷയ്ക്ക് വലിയ കായിക ബലം പ്രയോഗിക്കേണ്ടി വരുന്നില്ല. വിരൽത്തുമ്പ് കൊണ്ട് തന്നെ അത് ഉറപ്പു വരുത്താൻ കഴിയും. അതാണ് മർമ്മ കലയുടെ പ്രത്യേകത. ഇന്ന് പോലീസ് ട്രെയിനിങ്ങിൽ പോലും മർമ്മ കലയുടെ

ന്നു. മർമ്മകല പോലുള്ള ശാസ്ത്രങ്ങളെ അന്ധവിശ്വാസങ്ങളെന്ന് കരുതി അവഗണിക്കുന്നത് സമൂഹത്തിന്റെ നന്മയ്ക്ക് ഗുണകരമല്ല.

**ചൂണ്ടു മർമ്മം, നോക്കു മർമ്മം തുടങ്ങിയ അപൂർവ്വങ്ങളായ സിദ്ധികളുടെ പേരിൽ കൂടി അറിയപ്പെടുന്ന ഒരാളാണല്ലോ താങ്കൾ. ഇത്തരം അറിവുകൾക്ക് ഒരു രഹസ്യസ്വഭാവം ഉണ്ടല്ലോ.**

തീർച്ചയായും മർമ്മകലയ്ക്ക് അതിന്റെ രഹസ്യ സ്വഭാവം പ്രധാനമാണ്. ജീവൻ രക്ഷിക്കാനും ജീവനെടുക്കാനും ഒരേ വിദ്യ മതി. അറിവുള്ള ആളുടെ കൈയിലാണ് രക്ഷയും ശിക്ഷയും. ശരീരത്തിൽ തൊടാതെ കീഴ്പ്പെടുത്തുന്ന രീതിയാണ് മെയ് തീണ്ടാക്കാലം. നീണ്ട കാല



ൈ ത്ത
സാധനയിലൂടെയാണ് ഇത്തരം അപൂർവ്വങ്ങളായ അറിവുകൾ സ്വായത്തമാക്കുന്നത്. അറിവ് എന്തിനു വേണ്ടി ഉപയോഗിക്കുന്നു എന്നത് ആ അറിവ് സ്വന്തമാക്കിയ വ്യക്തിയുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു. വിദ്യയ്ക്കു വേണ്ടി തന്നെ സമീപിക്കുന്നയാളുടെ സ്വഭാവവും പ്രത്യേകതകളും അയാളുടെ ഉദ്ദേശ്യവും മനസ്സിലാക്കിയതിനു ശേഷം മാത്രമേ അറിവുള്ള ഗുരുക്കന്മാർ അയാൾക്ക് വിദ്യകൾ നൽകൂ. ഇതായിരുന്നു ഗുരുകുല വിദ്യാഭ്യാസ കാലത്തെ രീതി. ഗുരു ആദ്യം ശിഷ്യനെ പഠിക്കും. ശിഷ്യന് ഉൾക്കൊള്ളാൻ കഴിയുന്ന അറിവുകൾ മാത്രമേ യഥാർത്ഥ ഗുരു അയാൾക്ക് നൽകുകയുള്ളൂ. ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ള സൂക്ഷ്മങ്ങളായ അറിവുകൾ അവ സുരക്ഷിതങ്ങളാണെന്ന് ഉറപ്പു വരുത്തിയിട്ടേ ഗുരുക്കന്മാർ കൈമാറുകയുള്ളൂ. ഈ അറിവുകൾ മനുഷ്യന്റെ നന്മയ്ക്ക് വേണ്ടി വേണം ഉപയോഗപ്പെടുത്താൻ. അതാണ് ആദി ഗുരുവിന്റെ കൽപ്പന. മറ്റുള്ളവരെ ഉപദ്രവിക്കുന്ന സ്വഭാവമുള്ള ഒരാളുടെ കയ്യിൽ മർമ്മ വിദ്യയിലെ ഏറ്റവും പ്രധാനപ്പെട്ട പല അറിവുകളും സുരക്ഷിതമല്ല. ഇത്തരം അറിവുകളുടെ രഹസ്യ സ്വഭാവം നിലനിർത്തിയേ പറ്റൂ. ആത്മരക്ഷ ഉറപ്പുവരുത്താനും എതിരാളിയെ വീഴ്ത്താനും മാത്രം ശിഷ്യൻമാരെ പഠിപ്പിച്ചാൽ പോരാ, അതോടൊപ്പം ശരിയായ ആത്മതത്ത്വം അവർക്ക് പറഞ്ഞു കൊടുക്കുകയും വേണം. താനും തനിക്ക് നേരിടേണ്ട വ്യക്തിയും ഒരേ തത്ത്വത്തിന്റെ ഭാഗങ്ങൾ തന്നെയാണെന്ന് ഒരാൾ മനസ്സിലാക്കുന്നതോടെ തന്റെ അറിവുകൾ കൊണ്ട് മറ്റുള്ളവരെ ഉപദ്രവിക്കണമെന്ന ചിന്ത ഇല്ലാതാവും. അഭയത്തിന് ആധാരം രണ്ടെന്ന തോന്നൽ ഇല്ലാതാവും. ഞാൻ തന്നെയാണ് എന്റെ ചുറ്റുമുള്ള സർവതും എന്ന തോന്നൽ ദൃഢമായാൽ പിന്നെ ആരെയാണ് ഭയക്കേണ്ടത്? നല്ല ഗുരുവിന്റെ ശിക്ഷണത്തിലൂടെ ശിഷ്യൻ സാംസ്കാരിക മായ അവബോധത്തിലേക്ക് ഉയരും. അയാൾ ഒരു നല്ല പൗരനായി മാറും. സാമ്പത്തിക നേട്ടങ്ങളെക്കാൾ വലുതാണ് താൻ ജീവിക്കുന്ന സമൂഹത്തോടുള്ള തന്റെ കടമയെന്ന തിരിച്ചറിവിലേക്ക് അയാൾ എത്തും. എന്നാൽ ഇത് പറയുന്നതു പോലെ എളുപ്പമല്ല. ഇന്നത്തെ വിദ്യാഭ്യാസം എല്ലാം പഠിപ്പിക്കുന്നുണ്ട്. എങ്ങനെ ജീവിക്കണം എന്നതു മാത്രം അത് പഠിപ്പിക്കുന്നില്ല. അറിവു മാത്രമാണ് ഇന്നത്തെ വിദ്യാഭ്യാസത്തിൽ ഉള്ളത്. ഇന്ന് ഒരു വിധം എല്ലാവർക്കും കംപ്യൂട്ടർ അറിയാം; അനേക വിഷയങ്ങൾ അറിയാം; ജീവിതത്തിനു വേണ്ട കാര്യങ്ങൾ പലതും അവർക്ക് അറിയുകയുമില്ല.

**ആധുനിക വിദ്യാഭ്യാസം സ്വഭാവ രൂപീകരണത്തിലും പൗരബോധം വളർത്തുന്നതിലും വേണ്ടത്ര ശ്രദ്ധ നൽകുന്നില്ലെന്ന ആക്ഷേപം നിലവിലുണ്ടല്ലോ? കളരിപഠനം ഈ കുറവു നികത്താൻ എത്ര കണ്ട് സഹായിക്കുമെന്നാണ് താങ്കൾ കരുതുന്നത്?**

ശിഷ്യൻമാരായാലും ഗുരുക്കൻമാരായാലും ഓരോരുത്തരിലും വ്യക്തിപരമായ ഗുണഗണങ്ങൾ വ്യത്യസ്തമായിരിക്കും. ചിലരിൽ സത്വഗുണമായിരിക്കും പ്രധാനം; വേറെ ചിലരിൽ രജോഗുണം; ഇനിയും വേറെ ചിലരിൽ തമോഗുണം. തമോഗുണം അജ്ഞാനം തന്നെയാണ്. രജോഗുണ പ്രധാനികൾ വലിയ ആക്രമണ വാസന കാണിക്കും. അഹംഭാവമാണ് ഈ ഗുണത്തിന്റെ പ്രത്യേകത. ശത്രുവായി മുന്നിൽ നിൽക്കുന്നയാളും താനും ഒന്നു തന്നെയാണെന്ന ബോധത്തിലേക്കെത്താൻ വ്യക്തിക്കു കഴിയണമെങ്കിൽ അയാളിലെ സത്വഗുണം ഉണരണം. കളരി പരിശീലനത്തിൽ ശരീരം അടിത്തറയായി മാത്രമാണ് പ്രവർത്തിക്കുന്നത്. മനസിനുണ്ടാകുന്ന മാറ്റമാണ് അതിന്റെ കൂടുതൽ ഉയർന്ന തലം. കളരി ശരീരത്തെയും മനസ്സിനെയും ശക്തമാക്കുന്നു. മനസ്സ് കാന്തം പോലെയാണ്. നന്മയെ ആകർഷിക്കാനും തിന്മയെ വികർഷണഭാവം കൊണ്ട് അകറ്റി നിർത്താനും കളരി മനസ്സിനെ പ്രാപ്തമാക്കുന്നു. മനസ്സ് വിശാലമായാൽ പ്രപഞ്ചം മുഴുവൻ കാണാം എന്നാണ് തത്ത്വം. ധ്യാനിക്കുന്ന ബിന്ദുവിൽ നിന്നു കൊണ്ട് ലോകത്തെ ശരിയായി കാണാൻ മുനിമാർക്ക് കഴിഞ്ഞത് ഈ തത്ത്വത്തിലൂടെയാണ്.

ഇന്ന് അറിവുനേടാൻ വളരെ എളുപ്പമാണ്. എവിടെയുള്ള ഏതു കാര്യവും നിമിഷങ്ങൾ കൊണ്ട് അറിയാൻ കഴിയുന്ന രീതിയിൽ ലോകം മാറിയിരിക്കുന്നു. ഈ സൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് മനുഷ്യൻ ആഴത്തിലുള്ള ജ്ഞാനം നേടിയത്



*കുട്ടികളെ അവരുടെ ചെറുപ്രായം മുതൽ കളരി അഭ്യസിപ്പിക്കുന്നതാണ് ഏറ്റവും നല്ലത്. അതവരുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് സഹായകമാകും. ആരോഗ്യമുള്ള ശരീരവും ആരോഗ്യമുള്ള മനസ്സും നാടിന്റെ സംസ്കാരത്തോടും പാരമ്പര്യത്തോടും ആഭിമുഖ്യവുമുള്ള നല്ല പൗരൻമാരായി അവരെ വളർത്തും.*

മനഃശക്തി കൊണ്ടാണ്. അതിന് പരിശീലനം ആവശ്യമാണ്. ഇന്ദ്രിയങ്ങളെ നിയന്ത്രിക്കാൻ ശീലിക്കണം. അതിലൂടെ മനസ്സിന്റെ ഏകാഗ്രത വർധിപ്പിക്കണം. അപ്പോൾ മനസ്സിന്റെ അത്ഭുതകരമായ ശക്തി പ്രവർത്തിക്കാൻ തുടങ്ങും. അതിനെയാണ് ചിലർ മൂന്നാം കണ്ണ്, ആറാമിന്ദ്രിയം എന്നൊക്കെ പറയുന്നത്. ചിലർക്കിത് എളുപ്പത്തിൽ സാധിക്കും. വേറെ ചിലർക്ക് കൂടുതൽ ശ്രമം വേണ്ടിവരും. ഒരാളുടെ പഞ്ചഭൂത മാത്രകൾ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായിരിക്കും. ബുദ്ധിയും മനോനിലയും കഴിവുകളും അതിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും. വ്യക്തികളുടെ സ്വാഭാവത്തിലെ പ്രത്യേകതകൾ മനസ്സിലാക്കി വിദ്യ അഭ്യസിപ്പിച്ചാലേ അത് ഉദ്ദേശിച്ച ഫലം നൽകൂ. അഭ്യാസത്തിൽ ഒരു കഴിവും പുറമേ നിന്ന് നൽകുന്നില്ല. ഉള്ളിലുള്ള കഴിവുകളെ ഉണർത്തുക മാത്രമേ ചെയ്യുന്നുള്ളൂ. ജന്മസിദ്ധമായ കഴിവുകൾ വളർത്തിയെടുക്കുന്നതാണ് കാര്യം. അതാണ് കളരി ചെയ്യുന്നത്.

**ഈ തത്ത്വങ്ങൾ മനസ്സിലാക്കിയല്ലല്ലോ ഒരാൾ കളരി പരിശീലിക്കാൻ എത്തുന്നത്. അയാളുടെ ഉദ്ദേശ്യം നല്ലതായിരിക്കണമെന്നില്ല. മറ്റുള്ളവരെ ദ്രോഹിക്കണമെന്ന ഉദ്ദേശ്യത്തോടെ വരുന്നവർ അവർക്ക് ആവശ്യമുള്ളത് പഠിക്കാനാണല്ലോ ശ്രമിക്കുക. ഗുരുവിന്റെ സാരോപദേശങ്ങൾ അവരുടെ മനസ്സ് മാറ്റണമെന്നില്ല.**

ശിഷ്യന്റെ ഉള്ളിലെ സത്വഗുണം ഉണർത്താൻ ഗുരുവിനു കഴിയും; എന്നാൽ, ബോധപൂർവം നീച ചിന്തയോടെ വരുന്നവരെ എളുപ്പത്തിൽ മാറ്റാനാവില്ല. എന്നാൽ, അവരെ മനസ്സിലാക്കാനാവും.യഥാർഥ ശിഷ്യനെ കണ്ടെത്താനുള്ള മാർഗങ്ങൾ അഗസ്ത്യമുനി അരുൾ ചെയ്തിട്ടുണ്ട്.

**ഗുരുക്കൾ കളരി പഠിപ്പിക്കാൻ തുടങ്ങിയത് എപ്പോഴാണ്? എങ്ങനെയായിരുന്നു ആ കാലം? ഇപ്പോഴത്തെ രീതിക്ക് അതിൽ നിന്ന് എന്തെങ്കിലും മാറ്റമുണ്ടോ?**

1968- ലാണ് കളരി പരിശീലിപ്പിക്കാൻ തുടങ്ങിയത്. പല തരക്കാരായ ആളുകൾ പല താൽപര്യത്തോടെ കളരി പഠിക്കാനെത്തിയിരുന്ന കാര്യം പറഞ്ഞുവല്ലോ. ശിഷ്യൻമാരെ ശരിയായി മനസ്സിലാക്കിയതിനു ശേഷമേ നല്ല ഗുരുക്കൻമാർ അവർക്കു വേണ്ട വിദ്യ പകർന്നു നൽകൂ. ഗുരുകുല വിദ്യാഭ്യാസ കാലത്ത് ഗുരുവിനൊപ്പം താമസിച്ചായിരുന്നു അഭ്യാസം. പിന്നീട് ആ സമ്പ്രദായം മാറി. അതിനനുസരിച്ച് അഭ്യാസത്തിലും അതിന്റെ ഗുണത്തിലും മാറ്റം വന്നു. ആളുകൾക്ക് ക്ഷമ കുറഞ്ഞു. എന്റെ പഠനം പത്താം വയസ്സിൽ തുടങ്ങി. എഴുപത്തിയഞ്ചാം വയസ്സിലും ഞാനൊരു വിദ്യാർഥിയാണ്. എത്ര പഠിച്ചാലും പിന്നെയും പഠിക്കാൻ ബാക്കിയുണ്ടാവും. ഒരു പുൽക്കൊടിയെപ്പറ്റി പോലും ഒരായുസ്സു മുഴുവൻ പഠിക്കാനുണ്ട്. എല്ലാ പഠനവും ഒടുവിൽ, ഒരേ തത്ത്വത്തിൽ എത്തിച്ചേരും. പലരിൽ കാണുന്ന ജീവൻ ഒന്നു തന്നെയാണ് എന്നതാണ് ആ തത്ത്വം. അത് ഗ്രഹിക്കുമ്പോഴാണ് ഒരാൾ ജ്ഞാനിയാവുന്നത്. അവനവനെ അവനവൻ തന്നെ തിരിച്ചറിയണം; അതാണ് ശരിക്കുള്ള ആത്മീയത. ഇന്നത് ഏറെ തെറ്റിദ്ധരിക്കപ്പെടുന്ന വിഷയമാണ്. 'പ്രപഞ്ചം മുഴുവൻ ഞാനാണ് ' എന്ന തിരിച്ചറിവാണത്. അതിന് പൂജയും ക്ഷേത്രവും ഒന്നും നിർബന്ധമല്ല. ശരീരം തന്നെ ദേവാലയമാണ്. വ്യക്തിയിലെ സത്വഗുണം വളർത്താനും തമോഗുണം അടക്കാനും പഠനം ഉതകണം. ഇന്നത്തെ പഠനത്തിൽ അതിന് എത്രമാത്രം പ്രാധാന്യമുണ്ടെന്ന് അന്വേഷിക്കണം.

**വാസ്തവത്തിൽ, കളരിയെന്നത് ഒരൊറ്റ അഭ്യാസമുറയാണെന്ന് പറയാനാവുമോ? അതിന്റെ ശൈലീ ഭേദങ്ങളെപ്പറ്റി?**

കളരിയിൽ വ്യത്യസ്ത സമ്പ്രദായങ്ങളുണ്ട്. വടക്കൻ മുറയും തെക്കൻ മുറയുമാണ് അതിൽ പ്രധാ

നം. വടക്കൻ കളരിയ്ക്ക് അതിന്റേതായ പ്രത്യേകതകളുണ്ട്. കേരളത്തിന്റെ തെക്കും തമിഴ്നാട്ടിലും തെക്കൻ കളരിക്കാണ് കൂടുതൽ പ്രധാനം. ഇതിൽ നിന്ന് മാറി, ഒരു മധ്യകേരള ശൈലി വികസിപ്പിക്കാനും കുറേ ശ്രമങ്ങൾ നടന്നു. ഇടനാടൻ, തുളുനാടൻ ശൈലികൾ പിന്നീട് ഇല്ലാതായി. ജ്ഞാനികളായ ഗുരുക്കൻമാരുടെ ഗവേഷണത്തിലൂടെയാണ് ഈ വ്യത്യസ്ത സമ്പ്രദായങ്ങൾ വളർന്നത്. ബ്രിട്ടീഷ് ഭരണകാലത്തെ നടപടികൾ ഈ ഗവേഷണങ്ങളെ ക്ഷീണിപ്പിച്ചു. ഇന്ന് ഞാനടക്കമുള്ള ആളുകൾ അവരവരുടെ കഴിവനുസരിച്ച് ഈ ഗവേഷണങ്ങളുമായി മുന്നോട്ടു പോകുന്നു.

**എന്താണ് ആത്മരക്ഷാ തന്ത്ര?**



**അതു കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?**

ഗുരുകുല കാലം മുതൽ കളരിയിലെ അറിവുകൾ വികസിപ്പിക്കാൻ ഗുരുക്കൻമാർ ശ്രമിച്ചിട്ടുണ്ട്. ആ പരമ്പരയുടെ തുടർച്ചയിൽ പകർന്നു കിട്ടിയ അറിവുകളിൽ എന്റേതായ പഠനവും ഗവേഷണവും ചേർത്ത് വികസിപ്പിച്ചതാണ് ആത്മരക്ഷാ തന്ത്ര. ആത്മരക്ഷയ്ക്കുള്ള മാർഗങ്ങളാണ് ഇതിലുള്ളത്. ശക്തനായ എതിരാളിയെ കായികശക്തി കൊണ്ട് എതിരിടുന്നതിനു പകരം, ജീവൽ മർമ്മസ്ഥാനങ്ങളിൽ ചെറിയ പ്രഹരമേൽപ്പിച്ചാൽ മതിയാകും. ശരിയായ പഠനമുണ്ടെങ്കിൽ, എത്ര ശക്തനായ ആളെയും ഒരു വിരലിന്റെ ശക്തി കൊണ്ട് ബോധം കെടുത്താനാവും. അമൃതനിലയുടെ അറിവും മർമ്മശാസ്ത്രവും നാഡീസൂത്രവും എല്ലാം അറിയേണ്ട വിഷയങ്ങളാണ്. സ്വയരക്ഷയ്ക്കു വേണ്ടിയുള്ള അറിവാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ അറിവുകൾ എതിരാളിയ്ക്കുമേൽ മാനസികമായ മേൽക്കൈ നൽകും. സുരക്ഷയ്ക്ക് അതു തന്നെ മതിയാകും. ഭയം തോന്നിയെന്നു കണ്ടാലേ ദുഷ്ടജനങ്ങൾ അതിക്രമങ്ങൾക്കു മുതിരൂ. ആയുധമെടുക്കുന്നവൻ ഭീരുവാണ്. ഭയം അകറ്റിയാലേ അഭയം കൈവരൂ. അറിവ് അഹങ്കാരം മാറ്റുകയും ആത്മവിശ്വാസം നൽകുകയും ചെയ്യും. തിന്മയിൽ നിന്ന് വ്യതിചലിച്ചു പോകാനും ഈ ആത്മവിശ്വാസം സഹായിക്കും. യുദ്ധം ചെയ്യാതെ ജയിക്കാമെങ്കിൽ യുദ്ധം വേണ്ടല്ലോ. ഇവിടെ ശത്രുവിനെ നശിപ്പിക്കുന്നില്ല; കീഴ്പ്പെടുത്തുന്നതേയുള്ളൂ. അഭ്യാസം മത്സരങ്ങളിലേക്ക് ചുരുങ്ങിപ്പോകുന്നതാണ് ഇന്നു നാം കാണുന്നത്. യഥാർത്ഥ ആശയങ്ങളിൽ നിന്ന് പലരും വ്യതിചലിക്കുന്നു. കായികലകളിലേക്കും ബിസിനസ് താൽപര്യങ്ങൾ കടന്നു വരുന്നു. ആയിരക്കണക്കിനു പേരെ ഞാൻ അഭ്യാസം പഠിപ്പിച്ചിട്ടുണ്ട്. അതിൽ ഒരാളും ഒരു പൊലീസ് കേസിലും പെട്ടിട്ടില്ല. ഗുരുക്കൻമാർ പഠിപ്പിച്ച ക്ഷമയുടെ പാഠമാണ് എന്റെ ശിഷ്യൻമാർക്ക് ഞാനും പകർന്നു നൽകുന്നത്.

**മർമ ചികിൽസാ രംഗത്തും അങ്ങയുടെ പേര് പ്രസിദ്ധമാണല്ലോ? എന്താണ് ഇതിന്റെ പ്രത്യേകത? ആധുനിക വൈദ്യശാസ്ത്രം ഇത്രയധികം പുരോഗമിച്ച കാലത്ത് മർമ്മചികിൽസയ്ക്ക് പ്രാധാന്യമുണ്ടോ?**

പുരാതന കാലം മുതൽക്കേ നമ്മുടെ രാജ്യത്ത് മർമ്മചികിൽസ പ്രചാരത്തിലുണ്ട്. ഔഷധം കൊണ്ട് രോഗം മാറ്റുന്നതാണല്ലോ നമുക്ക് പരിചയമുള്ള രീതി. ഗുരുതരങ്ങളെന്നു തോന്നുന്ന പല പരിക്കുകളും ഔഷധങ്ങളില്ലാതെ സുഖപ്പെടുത്താൻ കഴിയും. പാർശ്വഫലങ്ങളില്ലാതെയും ശരീരത്തിനു ദോഷമുണ്ടാകാതെയും ചെലവു കുറഞ്ഞ രീതിയിലും ആരോഗ്യം വീണ്ടെടുക്കാൻ കഴിയണം. ഔഷധങ്ങൾ ഉപയോഗിക്കാതെ തന്നെ രോഗം മാറ്റാൻ കഴിയുന്ന മാർഗങ്ങളുണ്ട്. അത് വികസിപ്പിക്കുകയാണ് വേണ്ടത്. ശരീരത്തിലെ മർമ്മങ്ങളെ ഉത്തേജിപ്പിക്കുകയാണ് ചില രോഗങ്ങൾ മാറ്റാനുള്ള ശരിയായ മാർഗം. അതിനെ പ്രോൽസാഹിപ്പിക്കുകയാണ് വിവേകമുള്ളവർ ചെയ്യേണ്ടത്. കായബലം ശക്തമാക്കാനുള്ള പല രീതികളും ഇന്ന് കൂടുതൽ വ്യാപകമായിട്ടുണ്ട്. ശരീരത്തിലെ നെർവ് സിസ്റ്റത്തിന്റെയും മസ്കുലാർ സിസ്റ്റത്തിന്റെയും ബാലൻസ് തെറ്റിക്കുന്ന മുറകൾ ഒഴിവാക്കേണ്ടതാണ്. ദുർബലങ്ങളായ പേശികളെ ഉത്തേജിപ്പിച്ചെടുക്കുന്നതിൽ തെറ്റില്ല. മനസ്സിനെക്കൂടി അതിൽ പരിഗണിക്കുകയും വേണം. എന്നാൽ, അതല്ല പലപ്പോഴും നടക്കുന്നത്.

**കുട്ടിക്കാലത്തെ അനുഭവങ്ങളാണോ കളരിയിലേക്കും ചികിൽസാ രംഗത്തേക്കും ആകർഷിച്ചത്? മാതാപിതാക്കൾക്ക് ഇതിലൊക്കെ താൽപര്യമുണ്ടായിരുന്നോ?**

അമ്മയ്ക്ക് വിഷ വൈദ്യം, സിദ്ധ, വിഷചികിത്സ, നാട്ടുവൈദ്യം ഇവയിലൊക്കെ ആഴത്തിലുള്ള അറിവുണ്ടായിരുന്നു. അമ്മയുടെ സിദ്ധികൾ കണ്ടാണ് ഞാൻ വളർന്നത്. നാട്ടു മരുന്നുകളെ കുറിച്ച് കുറേ കാര്യങ്ങൾ കുട്ടിക്കാലത്തു തന്നെ മനസ്സിലാക്കാൻ കഴിഞ്ഞു - ഈ ഔഷധസസ്യങ്ങൾ പലതും ഇന്ന് കണ്ടു കിട്ടാൻ പ്രയാസമാണ്. പിതാവ് കെ.പി. നാണു സ്വാതന്ത്ര്യ സമര സേനാനിയാണ്. പി കൃഷ്ണപിള്ളയും എംകെ കേളുവും അദ്ദേഹവും

ഒരുമിച്ച് ജയിലിൽ കിടന്നിട്ടുണ്ട്. കേളുഏട്ടൻ ഒരു കളരിയഭ്യാസി കൂടിയായിരുന്നു. അവർ ഒരുമിച്ച് അഭ്യാസം പരിശീലിച്ചിട്ടുണ്ട്. ഏക മകനായ ഞാൻ അഭ്യാസവും വൈദ്യവും പഠിക്കണമെന്ന് അമ്മ ആഗ്രഹിച്ചു. എന്റെ കളരിയഭ്യാസം പത്താം വയസ്സിൽ തുടങ്ങി. അഞ്ചു ഗുരുക്കൻമാർക്കു കീഴിൽ പഠിച്ചു. സ്കൂളിലും, പിന്നീട്, കൊല്ലം എസ് എൻ കോളേജിലെ പഠന കാലത്തും കളരി വിട്ടില്ല. ഔദ്യോഗിക ജീവിതത്തിൽ പ്രവേശിച്ചതിനു ശേഷവും കളരിയും ചികിത്സയും തുടർന്നു. വിരമിച്ചതിനു ശേഷം അതിൽ മാത്രമായി ശ്രദ്ധ. ആൾട്ടർനേറ്റീവ് മെഡിസിനിൽ എംഡിയും പിഎച്ച്ഡിയും നേടി. മർമ്മചികിൽസയുടെയും കളരിയുടെയും പ്രചാരണത്തിനായി സിങ്കപ്പൂർ, മലേഷ്യ, ചൈന എന്നീ രാജ്യങ്ങളും ഗൾഫ് രാജ്യങ്ങളും, ക്ഷണമനുസരിച്ച് സന്ദർശിച്ചിട്ടുണ്ട്. തിരുവിതാംകൂർ മഹാരാജാവ് അടക്കമുള്ളവരെ ചികിൽസിക്കാൻ അവസരം കിട്ടി.



പുരാതന കാലം മുതൽക്കേ നമ്മുടെ രാജ്യത്ത്
മർമ്മ ചികിൽസ പ്രചാരത്തിലുണ്ട്. ഔഷധം കൊണ്ട്
രോഗം മാറ്റുന്നതാണല്ലോ നമുക്ക് പരിചയമുള്ള രീതി.
ഗുരുതരങ്ങളെന്നു തോന്നുന്ന പല പരിക്കുകളും
ഔഷധങ്ങളില്ലാതെ സുഖപ്പെടുത്താൻ
മർമ്മചികിത്സയ്ക്ക് കഴിയും.

**കളരിയഭ്യാസത്തിന് പ്രായം ഒരു പ്രശ്നമല്ലെന്ന് കേട്ടിട്ടുണ്ട്. എന്തു തോന്നുന്നു?**

അതാണ് ശാസ്ത്രീയമായ അഭ്യാസത്തിന്റെ പ്രത്യേകത. ചില അഭ്യാസ രീതികൾ ശരീരത്തിന് കരുത്തുള്ള പ്രായം വരെയേ നടക്കൂ. കളരിയുടെയും മർമ്മകലയുടെയും കാര്യം അതല്ല. വാസ്തവം പറഞ്ഞാൽ, റിട്ടയർമെന്റിനു ശേഷമാണ് ഞാൻ ഈ വിഷയങ്ങളിൽ കൂടുതൽ ഊർജസ്വലനായത്.

അപകടത്തിൽ കാലിന് പരിക്കേറ്റ ഒരാൾ ചികിത്സയ്ക്കായി കാണാൻ കാത്തു നിൽക്കുന്നുണ്ടെന്ന് ശിഷ്യനും എൻജിനീയറുമായ ദീപക് അറിയിച്ചു. പറഞ്ഞു തുടങ്ങിയ കാര്യം ചെയ്തു കാണിക്കാനെന്ന പോലെ, ഗുരുക്കൾ ഞങ്ങളെ വിളിച്ചു. കടുത്ത വേദന അനുഭവിക്കുന്ന അയാളെ ഒരു മേശയിൽ കിടത്തി. ചുരുങ്ങിയ വാക്കുകളിൽ അയാളോട് കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കി. വേദനയുടെ സ്ഥാനവും സ്വഭാവവും മനസ്സിലാക്കി. കൈയിൽ നിന്ന് എക്സ്റേ ഫിലിം വാങ്ങി നോക്കി. സ്ഥാനം തെറ്റിയിരിക്കുന്ന അസ്ഥിയുടെ ഇമേജ് ഞങ്ങളെ കാണിച്ചു തന്നു. ഒരു മിനിട്ടിന്റെ കൈക്രിയ കൊണ്ട് ഗുരുക്കൾ അയാളുടെ വേദന മാറ്റി. കഴിച്ചു കൊണ്ടിരിക്കുന്ന മരുന്നിന്റെ കോഴ്സ് പൂർത്തിയാക്കാനും കാലിലെ നീർവീക്കം മാറുന്നതു വരെ കൂടുതൽ നടക്കരുതെന്നും അയാളെ ഉപദേശിച്ചു. കണ്ണൂരിൽ നിന്നു വന്ന ഒരു ചെറുപ്പക്കാരന്റെ ഊഴമായിരുന്നു അടുത്തത്. കടുത്ത ശരീര അസ്വസ്ഥതകൾ അനുഭവിക്കുന്നുണ്ടെന്ന് അയാളെ കണ്ടപ്പോൾ മനസ്സിലായി. ഗുരുക്കൾ അയാളെ തറയിൽ കമിഴ്ത്തി കിടത്തി. കാലുകൊണ്ട് ശ്രദ്ധാപൂർവം പ്രഹരമേൽപ്പിച്ചപ്പോൾ നടുവിന്റെ വേദന മാറി. കൈകൾ പ്രത്യേക രീതിയിൽ ചുഴറ്റിച്ച് തോളെല്ലിന്റെ വേദന മാറ്റി. താടിയെല്ലിൽ പിടിച്ച് തല പ്രത്യേക രീതിയിൽ വെട്ടിച്ചപ്പോൾ കഴുത്തിന്റെ വേദനയും മാറി. ഒന്നോ രണ്ടോ മിനിട്ടേ വേണ്ടിവന്നുള്ളൂ. അയാൾ പൂർണ്ണ സുഖത്തോടെ തിരിച്ചു പോയി. പോകാൻ നേരം ഗുരുക്കളുടെ ഉപദേശവും, 'ജിമ്മിൽ വെയിറ്റെടുക്കുമ്പോൾ ശ്രദ്ധ വേണം, രണ്ടു കൈയും ഒരുപോലെ ഉയർത്തണം'. പല വിധ പ്രയാസങ്ങളുമായി ആളുകൾ ഗുരുക്കളെ കാത്തിരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം ഓരോരുത്തരുടെയും ആവശ്യങ്ങൾ കേട്ട് പ്രതിവിധികൾ നിർദ്ദേശിച്ചു. ആയുർവേദ ഡോക്ടറായ ലക്ഷ്മിയും സിദ്ധ ഡോക്ടറായ ഹരികൃഷ്ണനും പ്രകൃതി ചികിത്സാ ഡോക്ടറായ ആനിയും എല്ലാം ശ്രദ്ധിച്ചു കേട്ട് ഹൃദിസ്ഥമാക്കുന്നുണ്ടായിരുന്നു.

പരമ്പരാഗതങ്ങളായ അറിവുകൾക്ക് കൂടുതൽ അംഗീകാരവും പ്രോൽസാഹനവും കിട്ടുന്ന കാലം വരുമെന്ന പ്രതീക്ഷ പങ്കുവച്ച്, ഗുരുക്കളോട് യാത്ര പറഞ്ഞിറങ്ങുമ്പോൾ ജ്ഞാനിയായ ഒരാളുടെ സൗഹൃദം തന്ന സംതൃപ്തി മനസ്സിൽ നിറഞ്ഞിരുന്നു.



# റവന്യൂ ഭരണം
## ചരിത്രത്തിന്റെ ഏടുകളിലൂടെ

എം. നന്ദകുമാർ ഐ.എ.എസ് (റിട്ട.)

കേരളത്തിന്റെ പഴയ റവന്യൂഭരണ സമ്പ്രദായത്തെക്കുറിച്ച് 1684ന് ശേഷമുള്ള വിവരങ്ങൾ മാത്രമാണ് ഏതാണ്ട് കൃത്യമായി നമുക്ക് ലഭിച്ചിട്ടുള്ളത്. അശ്വതി തിരുന്നാൾ ആറ്റിങ്ങൽ തമ്പുരാട്ടി എന്നു വിളിച്ചിരുന്ന വേണാട്ട് രാജ്ഞിയായിരുന്ന ഉമയമ്മറാണിക്ക് ശേഷം നാടുഭരിച്ച വീരരവിവർമ്മ (1684-1718)യുടെ കാലത്ത് രാജ്യം ചെറിയ ചെറിയ ഘടകങ്ങളായി തിരിക്കപ്പെട്ടിരുന്നു. ഈ ഭൂപ്രദേശങ്ങളിലെ പ്രമാണിമാർ (അധികാരികൾ) രാജാവ് നിശ്ചയിച്ചിട്ടുള്ള തുക നികുതിയായി(കരം) പിരിച്ചെടുത്ത് ദേവസ്വം-സൈനിക ആവശ്യങ്ങൾ നിറവേറ്റിയ ശേഷം ബാക്കിയുള്ള പണം ഖജനാവിലൊടുക്കുമായിരുന്നു. ഇന്നത്തെ മന്ത്രി, ഹെഡ് അക്കൗണ്ടന്റ്, ഹെഡ് ക്ലർക്ക്, ക്ലർക്കുമാർ, അക്കൗണ്ടന്റുമാർ എന്നിവർക്ക് സമാനമായി അന്നത്തെ വേണാട്ടിൽ ഉണ്ടായിരുന്നത് യഥാക്രമം വലിയ കാര്യക്കാർ, മേലെഴുത്തുപിള്ള, രായസംപിള്ള, പിള്ളമാർ, കണക്കപ്പിള്ളമാർ എന്നിങ്ങനെയുള്ള തസ്തികകളായിരുന്നു.

രവി വർമ്മയ്ക്കുശേഷം, ഉണ്ണിക്കേരള വർമ്മയും, വീരരാമവർമ്മയും രാജ്യം ഭരിച്ചപ്പോഴും ഇതേ സംവിധാനം തന്നെയാണ് റവന്യൂ പിരിവിനും നിയമസമാധാന പരിപാലനത്തിനുമുണ്ടായിരുന്നത്. പട്ടാളമൊഴികെ ബാക്കിയുള്ള റഗുലേറ്ററി ഭരണസംവിധാനങ്ങളും മെയിന്റനൻസ് ഹൗസ്കീപ്പിങ് സംവിധാനങ്ങളുമൊക്കെ റവന്യൂ ഭരണത്തിൻ കീഴിൽ ആയിരുന്നു. കൊല്ലവർഷം 903 ൽ രാമവർമ്മ രാജാവ് മരണമടഞ്ഞതിനു ശേഷം തൃപ്പാപ്പൂർ മൂപ്പനായി രാജ്യഭാരമേറ്റ അനിഴം തിരുന്നാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് (1729-1758)/കൊല്ലവർഷം 904-933) ദേശിംഗനാടും ആറ്റിങ്ങലും ഇളയിടത്തു സ്വരൂപവും കീഴടക്കി സ്വന്തം നിയന്ത്രണത്തിലാക്കി. കൊല്ലവർഷം 923 ൽ തോട്ടപ്പള്ളിയിലും കൊല്ലവർഷം 930ൽ പുറക്കാട്ടും വച്ചുനടന്ന ഉഗ്രയുദ്ധങ്ങളിൽ ചെമ്പകശ്ശേരി (അമ്പലപ്പുഴ), തെക്കുംകൂർ, വടക്കുംകൂർ ഭരണാധികാരികളുടെ സൈനികരെ പരാജയപ്പെടുത്തി, അദ്ദേഹം വേണാടിന്റെ അജയ്യമായ ആധിപത്യം ഉറപ്പിച്ചു. പടയോട്ടങ്ങൾക്കൊടുവിൽ വേണാടിന്റ വർദ്ധിച്ച വിസ്തൃതിക്കനുസരണമായി അതിനു തൊട്ടുമുമ്പ് അമ്പതു വർഷങ്ങളായ നിലനിന്നിരുന്ന റവന്യൂ ഭരണ സംവിധാനത്തിന് കാതലായ മാറ്റങ്ങൾ വരുത്താൻ മാർത്താണ്ഡവർമ്മ നിർബന്ധിതനായി. 1732 ൽ ദളവാസ്ഥാനം ഏറ്റെടുത്ത രാമയ്യൻ ഭരണസംവിധാന മാറ്റങ്ങൾക്കെല്ലാം സൂത്രധാരനായി നിലകൊണ്ടു. അദ്ദേഹത്തിന്റെ കാലത്താണ് സർവ്വാധികാര്യക്കാർ വലിയ സർവ്വാധിയായും, 1741 നു ശേഷം വലിയ സർവ്വാധിയുടെ ഔദ്യോഗിക നാമം ദളവാ എന്നാക്കിയും മാറ്റിയത്. വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്ന സമ്പ്രദായത്തിന് പതിവുകണക്ക് എന്നാണ് മാർത്താണ്ഡവർമ്മയുടെ കാലത്ത് പറഞ്ഞിരുന്നത്.

### ധർമ്മരാജാവും റവന്യൂ ഭരണവും

1758 (കൊല്ലവർഷം 933) 53-ാം വയസ്സിൽ കാലഗതി പ്രാപിച്ച മാർത്താണ്ഡ വർമ്മയ്ക്കുശേഷം 1798 വരെ 40 വർഷം രാജ്യം ഭരിച്ച കാർത്തികതിരുന്നാൾ രാമവർമ്മ മഹാരാജാവ് (ധർമ്മരാജ, കിഴവൻ രാജാവ് എന്നൊക്കെ അറിയപ്പെട്ടിരുന്നു) റവന്യൂ ഭരണകാലത്ത് ശ്രദ്ധേയങ്ങളായ മാറ്റങ്ങൾ വരുത്തി. ദളവാമാരായിരുന്ന അയ്യപ്പൻ മാർത്താണ്ഡപിള്ള, സുബ്ബയ്യൻ, ഗോപാലയ്യൻ, മല്ലയ്യൻ, ചെമ്പകരാമൻ പിള്ള, വടവീശ്വരം സുബ്രഹ്മണ്യൻ, കൃഷ്ണൻ ചെമ്പകരാമൻപിള്ള, രാജാകേശവദാസൻ എന്നിവർ ഈ മാറ്റങ്ങൾക്ക് കാലകാലങ്ങളിൽ ചുക്കാൻ പിടിച്ചു. രാമവർമ്മ മഹാരാജാവിന്റെ കാലത്താണ് ആലങ്ങാടും പറവൂരും തി

രുവിതാംകൂറിനോട് കൂട്ടിച്ചേർത്തത്.

വലിയ ദിവാൻജി എന്നറിയപ്പെട്ടിരുന്ന, 1789 മുതൽ 1799 വരെ ദിവാനായിരുന്ന, രാജാകേശവദാസ് വേണാടിനെ തെക്കുംമുഖം, വടക്കുംമുഖം, പടിഞ്ഞാറുമുഖം എന്നിങ്ങനെ മൂന്നു മുഖങ്ങളാക്കിത്തിരിച്ചു. ഇന്നത്തെ ജില്ലയ്ക്ക് സമാനമായിരുന്നു അന്നത്തെ മൂന്നു മുഖങ്ങൾ. ഇന്നലത്തെ ജില്ലാ കളക്ടർക്ക് പകരം അന്ന് മുഖങ്ങളുടെ പൂർണഭരണച്ചുമതല വഹിച്ചിരുന്നത് വലിയ സർവ്വാധികാര്യക്കാരായിരുന്നു. വലിയ സർവ്വാധിയുടെ നിയന്ത്രണത്തിൻകീഴിൽ സർവ്വാധികാര്യക്കാരന്മാർ നേതൃത്വം നൽകിയിരുന്ന മണിയം, കേൾവി, അധികാരം, പ്രവൃത്തി തുടങ്ങിയ കൊച്ചുകൊച്ചു ഭരണപ്രദേശങ്ങൾ ഉണ്ടായിരുന്നു. 1773 ൽ തിരുവിതാംകൂറിൽ ഒരു സമഗ്ര റവന്യൂ സർവ്വേ നടത്തിയത് കാർത്തികതിരുനാൾ രാമവർമ്മയാണ്.

മണിക്കാരന്മാരും, അധികാരികളും പ്രവൃത്തിക്കാരും (ഇന്നത്തെ വില്ലേജാഫീസർമാർ) സർവ്വാധിയെ സഹായിക്കാനുണ്ടായിരുന്നു. ഇവരെല്ലാം പരമ്പരാഗതമായി അത്തരം ജോലികൾ ചെയ്യാൻ തെരെഞ്ഞെടുക്കപ്പെടുന്നവരായിരുന്നു. കുറച്ചുകാലം മുമ്പുവരെ പരമ്പരാഗത വില്ലേജാഫീസർമാരുണ്ടായിരുന്നുവല്ലോ. നീതിന്യായം, വ്യവസായം, നികുതി ഇവയുടെ പൂർണ്ണ ചുമതല സർവ്വാധികാര്യക്കാർക്കായിരുന്നു. വർഷങ്ങളായി നിലനിന്നിരുന്ന 'ദളവാ' സ്ഥാനം മാറ്റി 'ദിവാൻ' എന്ന സ്ഥാനം കൊണ്ടുവന്നത് കാർത്തിക തിരുന്നാൾ ധർമ്മരാജാവ് ആയിരുന്നു. 1789-ൽ (കൊല്ലവർഷം 964) ആദ്യ ദിവാൻ പദവി കിട്ടിയത് സർവ്വാധികാര്യക്കാരനായിരുന്ന കേശവപിള്ളയ്ക്കായിരുന്നു. 1799 വരെ (കൊല്ലവർഷം 974) അദ്ദേഹം ആ പദവിയിൽ തുടർന്നു. വിഴിഞ്ഞം, ആലപ്പുഴ തുറമുഖങ്ങൾ നിർമ്മിച്ചതും കുളച്ചലിലെ തുറമുഖം പരിഷ്കരിച്ചതും ചാലക്കമ്പോളം കൊണ്ടുവന്നതും രാജാകേശവദാസനെന്ന വലിയ ദിവാൻജിയായിരുന്നു. ഗവർണ്ണർ ജനറലായിരുന്ന മോണിംഗ്ടൺ പ്രഭുവാണ് ഇദ്ദേഹത്തിന് 'രാജാ' എന്ന പദവി നൽകിയത്. രാജസേവകന്മാരായിരുന്ന ഉദിയേരി ജയന്തൻ ശങ്കരൻ നമ്പൂതിരിയുടേയും തോട്ടപ്പായി നമ്പൂതിരിയുടേയും ഉപജാപങ്ങളും ഭീഷണിയും കാരണം ചതയം തിരുന്നാൾ ബാലരാമവർമ്മ രാജാകേശവദാസിനെ 1799 ൽ ദിവാൻ പദത്തിൽ നിന്ന് നീക്കി. 1800 കളുടെ അവസാനം വരെ ധർമ്മരാജാവിന്റെ കാലത്തുണ്ടായിരുന്ന ഭരണസമ്പ്രദായം തന്നയാണ് പഴയ വേണാട്ടിൽ തുടർന്നത്.

**വകുപ്പുകളുടേയും ഉദ്യോഗസ്ഥരുടെയും കർത്തവ്യങ്ങൾ, അധികാരങ്ങൾ എന്നിവ നിശ്ചയിച്ചുറപ്പിച്ചതും ഉത്തരവുകൾ എഴുതിപുറത്തിറക്കുന്ന സമ്പ്രദായം ആവിഷ്കരിച്ച് നടപ്പാക്കിയതും കേണൽ മൺറോ തന്നെയായിരുന്നു. നേപ്പിയർ കാഴ്ച ബംഗ്ലാവ്, മൃഗശാല, എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, കൃഷി, മരാമത്ത് വകുപ്പ്, നക്ഷത്രബംഗ്ലാവ്, സർക്കാർ പ്രസ് ഇവ തുടങ്ങിയത് സ്വാതിതിരുനാൾ മഹാരാജാവായിരുന്നു**

## റവന്യൂ ഭരണവും കേണൽ മൺറോയും

റാണി ഗൗരി ലക്ഷ്മീഭായി (1810 - 1814)യുടെ ഭരണകാലത്ത് അവസാനത്തെ ദളവയായിരുന്ന ഉമ്മിണിത്തമ്പിക്കുപകരം ദിവാനായി നിയമിക്കപ്പെട്ട കേണൽ മൺറോ (1811-1814) റവന്യൂ ഭരണത്തിന് ഏറെ സംഭാവനകൾ നൽകിയ ആളായിരുന്നു. സെക്രട്ടേറിയറ്റ് സംവിധാനം തിരുവിതാംകൂറിൽ നടപ്പാക്കിയത് കേണൽ മൺറോ ആയിരുന്നു. സെക്രട്ടേറിയറ്റ് (ഹജൂർ കച്ചേരി) തലത്തിൽ റവന്യൂ വകുപ്പ് സഞ്ചായം എന്ന പേരിലാണറിയപ്പെട്ടിരുന്നത്. ധനവകുപ്പ് മുളകുമടിശ്ശീല എന്നും കൂടാതെ ഖജനാവ്(ട്രഷറി), നീതിന്യായം, പോലീസ്, സൈന്യം എന്നീ വകുപ്പുകളും. ഓരോ വകുപ്പിനും നേതൃത്വം നൽകാൻ ഇന്നത്തെ സെക്രട്ടറിയ്ക്കു തുല്യമായി സർവ്വാധികാര്യക്കാരും ഉണ്ടായിരുന്നു. 1811 ൽ ചട്ടവരിയോലകൾ എന്ന പേരിൽ ഒരു നിയമസംഹിത മൺട്രോ എഴുതിയുണ്ടാക്കി. വേലുത്തമ്പി 1801 ൽ ദളവയാകുന്നതിനുമുമ്പ് മുളകുമടിശ്ശീല കാര്യക്കാർ (ഇന്നത്തെ ഫിനാൻസ് സെക്രട്ടറി) ആയിരുന്നു. ദളവയുടെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലായിരുന്ന മുളകുമടിശ്ശീല അഥവാ വാണിജ്യവകുപ്പ് മാർത്താണ്ഡവർമ്മയാണ് തുടങ്ങിയത്. സർവ്വാധികാര്യക്കാരുടെ മുകളിൽ ദളവയോ ദിവാനോ ഉണ്ടായിരുന്നു. തിരുവിതാംകൂറിനെ മുപ്പത് മണ്ഡപത്തുംവാതുക്കലുകളായി (ഇന്നത്തെ താലൂക്കാഫീസ്) വിഭജിച്ചതും ഇക്കാലത്താണ്. കാര്യക്കാരന്മാർ (തഹസീൽദാർമാർ) ആണ് ഇവയ്ക്കോരോന്നിനും നേതൃത്വം നൽകിയിരുന്നത്. കാര്യക്കാരന്മാർ കച്ചേരി നടത്തിയിരുന്നത് ക്ഷേത്രമണ്ഡപങ്ങളിലായിരുന്നതിനാലാണ് ഇവ മണ്ഡപത്തും വാതുക്കലുകൾ എന്നറിയപ്പെട്ടത്. കേണൽ മൺറോ ആണ് കാര്യക്കാർ എന്ന പേര് തഹസീൽദാർ എന്നാക്കി മാറ്റിയത്. നികുതി പിരിവും നിയമസമാധാന നിർവ്വഹണവും കാര്യക്കാരന്മാർക്കായിരുന്നു. ഇന്നത്തെ ഹെഡ് അക്കൗണ്ടന്റ്, അക്കൗണ്ടന്റ് എന്നിവർക്കു



തുല്യരായ സമ്പ്രതിപ്പിള്ളമാരേയും കീഴ്ക്കൂട്ടം പിള്ളമാരേയും അന്നത്തെക്കാലത്ത് മൺറോ നിയമിച്ചു. 1803 ൽ തിരുവിതാംകൂറിൽ രാജ്യവ്യാപകമായി കണ്ടെഴുത്ത് നടപ്പാക്കിയത് വേലുത്തമ്പി ദളവ ആയിരുന്നു.

സെക്രട്ടറിയേറ്റിനുള്ളിൽ ഏറ്റവും മുകളിൽ ദിവാൻ, താഴോട്ട് യഥാക്രമം ദിവാൻ പരിഷ്കാർ, ശിരസ്തദാർ, വലിയ മേലെഴുത്ത് പിള്ള, മേലെഴുത്തുപിള്ളമാർ, രായസംപിള്ളമാർ എന്നിങ്ങനെയുള്ള ഉദ്യോഗസ്ഥരേയും അദ്ദേഹം നിയോഗിച്ചു. എട്ടുജില്ലാ കോടതികളും ദിവാന് അപ്പീലുകൾ കേൾക്കാൻ ഒരു സദർ ശന കോടതിയും സ്ഥാപിച്ചത് ദിവാൻ മൺറോയുടെ കാലത്താണ്. പിന്നീട് സ്വാതിതിരുനാൾ മഹാരാജാവാണ് (1829-1847) തിരുവിതാംകൂറിൽ എല്ലായിടങ്ങളിലും മുൻസിഫ് കോടതികളും തിരുവനന്തപുരത്തെ ജില്ലാ കോടതിയും അപ്പീൽ കോടതിയും സ്ഥാപിച്ചത്. തിരുവിതാംകൂർ നിയമം, നിയമസംഹിത കോടതികൾക്കായി സമാഹരിച്ചു പ്രസിദ്ധീകരിച്ചതും സ്വാതിതിരുനാൾ തന്നെ. വധശിക്ഷയ്ക്കും ജീവപര്യന്തം തടവിനും രാജാവിന്റെ അനുമതി വേണമായിരുന്നു. ബാക്കി ശിക്ഷകൾക്ക് കോടതികൾക്ക് പൂർണ്ണാധികാരം ഉണ്ടായിരുന്നു.

വകുപ്പുകളുടേയും ഉദ്യോഗസ്ഥരുടെയും കർത്തവ്യങ്ങൾ അധികാരങ്ങൾ എന്നിവ നിശ്ചയിച്ചുറപ്പിച്ചതും ഉത്തരവുകൾ എഴുതിപുറത്തിറക്കുന്ന സമ്പ്രദായം ആവിഷ്കരിച്ച് നടപ്പാക്കിയതും കേണൽ മൺറോ തന്നെയായിരുന്നു. നേപ്പിയർ കാഴ്ച ബംഗ്ലാവ്, മൃഗശാല, എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, കൃഷി, മരാമത്ത് വകുപ്പ്, നക്ഷത്രബംഗ്ലാവ്, സർക്കാർ പ്രസ് ഇവ തുടങ്ങിയത് സ്വാതിതിരുനാൾ മഹാരാജാവായിരുന്നു. സൈനികരുടെ യൂണിഫോം പരിഷ്കരിച്ചതും സ്വാതിതിരുനാൾ തന്നെ. രാജ്യത്തെ നാലു ഡിവിഷനുകളാക്കി അവയ്ക്കോരോന്നിനും ഓരോ ദിവാൻ പേഷ്കാർമാരെ നിയമിച്ചത് ഉത്രം തിരുനാൾ മഹാരാജാവ് (1847-1860) ആയിരുന്നു. ഓലയ്ക്കു പകരം കടലാസിൽ എഴുത്തുകുത്തുകൾ നടപ്പാക്കിയത് ആയില്യം തിരുനാളാണ് (1860-1880). ശേഷയ്യ ശാസ്ത്രിയാണ് ഇതിനദ്ദേഹത്തെ സഹായിച്ചത്. 1869 ൽ ഗവൺമെന്റ് സെക്രട്ടറിയേറ്റ് കെട്ടിടം ഉദ്ഘാടനം ചെയ്തതും ആയില്യം തിരുനാളിന്റെ കാലത്താണ്. സർവ്വേയും കണ്ടെഴുത്തും തുടങ്ങിയത് വിശാഖം തിരുനാളാണ് (1880-1885) പൂർത്തിയാക്കിയത് ശ്രീമൂലം തിരുനാളും (1886-1924). ശ്രീമൂലമാണ് കൃഷി ഡിപ്പാർട്ട്മെന്റ് തുടങ്ങിയത്. 1865 ലായിരുന്നു ആദ്യ ഭൂനിയമങ്ങളിലൊന്നായ പാട്ടവിളംബരം നടത്തിയത്.

ഉത്രം തിരുനാളിന്റെയും ആയില്യം തിരുനാളിന്റെയും കാലത്ത് ദിവാനായിരുന്ന സർ. ടി. മാധവരായർ (1858-1872), ആയില്യം തിരുനാളിന്റെ കാലത്ത് ദിവാനായിരുന്ന ശേഷയ്യശാസ്ത്രി(1872-1876), വിശാഖം തിരുനാളിന്റെ കാലത്ത് ദിവാനായിരുന്ന നാണുപിള്ള (1880), ദിവാൻ രാമറാവു(1887- 1893), ദിവാൻ ശങ്കരസുബ്ബയ്യൻ (1893-98), ദിവാൻ കൃഷ്ണസ്വാമി റാവു(1898-1904), എന്നീ പ്രഗൽഭർ അതത് രാജാക്കന്മാരുടെ ഭരണപരിഷ്കാര പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണ നൽകിയിരുന്നു. റാണി ഗൗരി ലക്ഷ്മീഭായി ജന്മക്കാർക്ക് പട്ടയം നൽകുന്ന രീതി തുടങ്ങി. ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മയുടെ കാലത്ത് 1936 മുതൽ 1947 വരെ തിരുവിതാംകൂർ ദിവാനായിരുന്ന സർ. സി.പി. രാമസ്വാമി അയ്യർ ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ടങ്ങൾ ഉണ്ടാക്കി. നിയമനത്തിനു മുമ്പ് പോലീസ് രഹസ്യാന്വേഷണം ഏർപ്പെടുത്തിയതും ഇദ്ദേഹം തന്നെ. ട്രാവൻകൂർ സിവിൽ സർവ്വീസ് (ടി.സി.എസ്) തുടങ്ങിയത് സെക്രട്ടേറിയറ്റിന്റെ നവീകരണവും പുന:സംഘടനയും, അഴിമതി തടയാനുള്ള നടപടികൾ സ്വീകരിച്ചത്, പോലീസിന്റെയും സൈന്യത്തിന്റെയും നവീകരണം ഇവയൊക്കെ സി.പി. രാമസ്വാമി അയ്യരുടെ സംഭാവനകളാണ്. ടി.സി.എസ്. ഉദ്യോഗസ്ഥർ പലരും പിൽക്കാലത്ത് ഐ.എ.എസ് ഉദ്യോഗസ്ഥരായി. ജി. ഭാസ്കരൻ നായർ, സി. തോമസ്, സി.പി. രാമകൃഷ്ണപിള്ള എന്നിവർ ഇതിൽപ്പെടുന്നു.

**പൊതുജനാരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ കേരളം കാണിച്ച പ്രശംസനീയമായ ശുഷ്കാന്തിയും അവധാനതയും ഇവിടുത്തെ ഭൗതിക ജീവിത നിലവാര സൂചകങ്ങൾ സ്കാൻഡിനേവിയൻ രാജ്യങ്ങൾ ക്കൊപ്പം എത്തിക്കാൻ നമ്മെ സഹായിച്ചിട്ടുണ്ട്.**

## കൊച്ചിയിലേയും മലബാറിലേയും ഭരണക്രമങ്ങൾ

തിരുവിതാംകൂറിലെ ഭരണസമ്പ്രദായങ്ങൾ വലിയ വ്യത്യാസങ്ങളൊന്നുമില്ലാതെ 1800 കളുടെ അവസാനത്തിൽ കൊച്ചിയിലും നിലവിൽ വന്നു. രാജാക്കന്മാരേക്കാൾ പക്ഷെ ദിവാൻമാരാണ് പുതിയ ഭരണക്രമങ്ങൾക്ക് നടുനായകത്വം വഹിച്ചത്. ശങ്കുണ്ണിമേനോനെയും ശങ്കരവാര്യരേയും പോലുള്ള ദിവാൻമാർ മാറ്റങ്ങൾക്ക് നേതൃത്വം നൽകി. 1972 മുതൽ ബ്രിട്ടീഷ് നിയന്ത്രണം വന്ന മലബാറിൽ, തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളെക്കാൾ വളരെ മുമ്പ് നവീന എക്സിക്യൂട്ടീവ് ജുഡിഷ്യൽ സമ്പ്രദായങ്ങൾ നിലവിൽ വന്നു. 1800 കളുടെ അവസാന കാലമായപ്പോഴേക്കും സ്വർഗ്ഗജാതരുടെ സർവ്വീസ് എന്നറിയപ്പെട്ട ഇന്ത്യൻ സിവിൽ സർവ്വീസിൽ (ഐ.സി.എസ്) പ്പെട്ട ഉദ്യോഗസ്ഥർ മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായ മലബാറിൽ ആധുനിക ഭരണവ്യവസ്ഥകൾ കെട്ടിപ്പടുത്തു. മലബാർ കളക്ടറായിരുന്ന ലോഗനും 'ലോഗൻസ് മാന്വലു' മൊക്കെ പ്രസിദ്ധമാണല്ലോ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മലബാറിലെ ഭരണവ്യവസ്ഥയിൽ പ്രാധാന്യം നൽകിയിരുന്നു.

## കേരളപ്പിറവിക്കുശേഷം

തെക്കൻ തിരുവിതാംകൂറിലെ നെല്ലറകളായിരുന്ന തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകോട് താലൂക്കുകളും ചെങ്കോട്ട താലൂക്കും, തമിഴ്നാടിന് വിട്ടുകൊടുത്ത് പഴയ ദക്ഷിണകന്നഡ ജില്ലയിലെ കാസറകോഡ്, ഹോസ്ദുർഗ്ഗ് താലൂക്കുകൾ സ്വീകരിച്ചു. വിട്ടുകൊടുത്ത നാലു താലൂക്കുകളിലാ

യി 64 പകുതികൾ (വില്ലേജുകൾ) ഉണ്ടായിരുന്നു. ഏറ്റവും കൂടുതൽ നെല്ലും പൂക്കളും വിളഞ്ഞിരുന്ന ഫലപുഷ്ടിയുള്ള പ്രദേശങ്ങളാണ് കേരളത്തിൽ നിന്ന് വിട്ടുപോയത്. ‘ദിഗ്രാനറി ഓഫ് ട്രാവൻകൂർ‘ എന്നാണീ പ്രദേശങ്ങൾ അറിയപ്പെട്ടിരുന്നത്. കന്യാകുമാരിക്ക് യാത്ര ചെയ്യുമ്പോൾ ഇരുവശമുള്ള ഹരിതശോഭയാർന്ന നെൽവയലുകളും നീർച്ചാലുകളും, നമ്മിൽ ഗൃഹാതുരത്വം ഉണർത്തും.

കേരള സംസ്ഥാനം ഉടലെടുത്തതോടെ ഭരണനവീകരണ യത്നങ്ങൾക്ക് വേഗത വർധിച്ചു. എക്സിക്യൂട്ടീവ്(ഭരണ നിർവ്വഹണ വിഭാഗം) ലെജിസ്ലേച്ചർ (നിയമ നിർമ്മാണ സഭ) ജുഡീഷ്യറി (നീതിന്യായ വിഭാഗം) എന്നിവയ്ക്ക് കൂടുതൽ ശക്തിയും പ്രവർത്തനക്ഷമതയും ഉണർവും കൈവന്നു. ഭാരതത്തിനാകമാനം മാതൃകയായായ ഭൂപരിഷ്കരണ നിയമം ‘കൃഷിഭൂമി കർഷകന്’ എന്ന വിപ്ലവകരമായ പരിവർത്തനത്തിനു വിത്തുപാകി.പുതിയ വകുപ്പുകൾ സെക്രട്ടേറിയറ്റിലും പുറത്തു ഫീൽഡുതലത്തിനും ഉണ്ടായി. പഞ്ചായത്ത് നഗരപാലികാ നിയമങ്ങൾ തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടുതൽ മിഴിവും മികവും പ്രദാനം ചെയ്തു. അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണ പ്രക്രിയയും ആവശ്യാധിഷ്ഠിത തദ്ദേശ വികസനത്തിന് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിച്ചു. പൊതുജനാരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ കേരളം കാണിച്ച പ്രശംസനീയമായ ശുഷ്കാന്തിയും അവധാനതയും ഇവിടുത്തെ ഭൗതിക ജീവിത നിലവാര സൂചകങ്ങൾ സ്കാൻഡിനേവിയൻ രാജ്യങ്ങൾക്കൊപ്പം എത്തിക്കാൻ നമ്മെ സഹായിച്ചിട്ടുണ്ട്. ചുരുക്കത്തിൽ നൂറ്റാണ്ടുകൾക്കും മുമ്പ് നിലവിൽ വന്ന യാഥാസ്ഥിതിക റവന്യൂ ഭരണശൈലിക്ക്, ജനാധിപത്യ വ്യവസ്ഥ ശക്തമായതോടെ പുതിയ രൂപഭാവഭേദങ്ങൾ വന്നുചേർന്നു. ധ്വര (കളക്ടർ)യും തുക്കിടിസായ്പും (ഡെപ്യൂട്ടി കളക്ടർ), ജനഹിതപരിപാലകരായ ജനസേവകരായി മാറിക്കഴിഞ്ഞിരിക്കുന്നു, ക്ലാസ് ഭരണ സംസ്കാരം മാസ്സ് ഭരണ സംസ്കാരത്തിന് വഴിമാറിക്കൊടുത്തിരിക്കുന്നു.●

*മുൻ ഗ്രാമവികസന കമ്മീഷണറും പബ്ലിക് റിലേഷൻസ് ഡയറക്ടറുമാണ് ലേഖകൻ*






# അനശ്വര യുവത്വത്തിന്റെ പ്രതീകം

**ഏതുകാലത്തേയും ജ്വലിപ്പിക്കാൻ ശേഷിയുള്ള ധിഷണയുടെയും മൗലികധാരണകളുടെയും സവിശേഷ ലോകം ഉള്ളിലുണ്ടായിരുന്നതിനാലാണ് സ്വാമി വിവേകാനന്ദൻ 'അനശ്വര യുവത്വ'ത്തിന്റെ പ്രതീകമാകുന്നത്.**


**ചിന്താ ജെറോം**

സ്വാമി വിവേകാനന്ദന്റെ 125-ാം ജന്മവാർഷികമാണ്. ഭാരതം ലോകത്തിനു നൽകിയ സമാനതകളില്ലാത്ത യൗവ്വനം സ്വാമി വിവേകാനന്ദന്റേതാണെന്ന് നിസംശയം പറയാം. ദേശീയ യുവജനദിനമായ് സ്വാമി വിവേകാനന്ദന്റെ ജ ദിനമായ ജനുവരി 12 ആചരിക്കുന്നതിന്റെ ഔചിത്യവും അതുതന്നെയാണ്.

നരേന്ദ്രനിൽ നിന്നും ഇന്ത്യൻ ആത്മീയാനുഭവത്തിന്റെ മഹാബിംബമായി വളർന്ന സ്വാമി വിവേകാനന്ദന്റെ ജീവിതകഥ സർവ്വർക്കും സുപരിചിതമാണ്. ഏതുകാലത്തേയും ജ്വലിപ്പിക്കാൻ ശേഷിയുള്ള ധിഷണയുടെയും മൗലികധാരണകളുടെയും സവിശേഷ ലോകം ഉള്ളിലുണ്ടായിരുന്നതിനാലാണ് സ്വാമി വിവേകാനന്ദൻ 'അനശ്വര യുവത്വ'ത്തിന്റെ പ്രതീകമാകുന്നത്. ഏതു കാ

ലത്തേയും ആധുനികനാണ് അദ്ദേഹം. ഉൽപതിഷ്ണുത്വം കൊണ്ട് യാഥാസ്ഥിതികത്വത്തെയും യുക്തിയുടെ ശിരസ്സുകൊണ്ട് അയുക്തിയുടെ ഉപരിപ്ലവതയെയും സ്വാമി വിവേകാനന്ദൻ എല്ലാ കാലത്തിലും അതിജീവിക്കുന്നത് യൗവ്വനത്തിലെ കൊഴിഞ്ഞ എണ്ണപ്പെട്ട വർഷങ്ങളിലെ ജീവിതം കൊണ്ടാണ് എന്നോർക്കുക.

1893 സെപ്റ്റംബർ 11 ന് ചിക്കാഗോവിലെ സർവ്വമത സമ്മേളനത്തിൽ പങ്കെടുത്ത് ആയിരങ്ങളെ അഭിസംബോധന ചെയ്ത വിവേകാനന്ദൻ ഒരർത്ഥത്തിൽ ഭാരതത്തി



ന്റെ മതപരമായ കലർപ്പനുഭവങ്ങളുടെ ചൈതന്യത്തെയാണ് ലോകത്തിനു കാട്ടിക്കൊടുത്തത്. 'അമേരിക്കയിലെ എന്റെ സഹോദരീ സഹോദരൻമാരേ' എന്നാണ് അദ്ദേഹം സദസിനെ അഭിസംബോധന ചെയ്തത്. സഹോദരിയും സഹോദരനുമാവുക എന്നതിനർത്ഥം താദാത്മ്യം പ്രാപിക്കുക എന്നു തന്നെയാണ്. അപരത്വം ഇല്ലാതാകുന്നത് നമുക്കൊരാളെ കൂടെപ്പിറപ്പായി കാണാനാവുമ്പോൾ മാത്രമാണ്. ദേശീയതയുടെ, ഇടുങ്ങിയ പ്രാദേശിക വാദത്തിന്റെ.., യുഗത്തിൽ സ്വാമി വിവേകാനന്ദനെ ഓർക്കുന്നത് ഒരു രാഷ്ട്രീയ പ്രവർത്തനം കൂടിയാണ്. കാരണം സ്വാമി അഭിസംബോധന ചെയ്ത മനുഷ്യർ വർഗ്ഗം കൊണ്ട്, വർണ്ണം കൊണ്ട്, രാഷ്ട്രാതിരുകൾ കൊണ്ട് അപരമായിരുന്നു. 'സഹോദരീ, സഹോദരന്മാരേ' എന്ന വാക്കുകൾ കൊണ്ട് അപരത്വങ്ങളിൽ പോലും ആത്മബന്ധത്തെ കണ്ടെത്താൻ സ്വാമി വിവേകാനന്ദനു കഴിഞ്ഞു. അമേരിക്കയിലും ഇന്ത്യക്കാരനു സഹോദരരാകാമെന്ന് വിവേകാനന്ദൻ ഓർമ്മിപ്പിക്കുകയായിരുന്നു. കുടിയേറ്റ വിരുദ്ധ നയം കൊണ്ട് രാജ്യങ്ങൾ ഇടുങ്ങിയ അതിരുകൾ മാത്രമാകുന്ന കാലത്ത് സ്വാമി വിവേകാനന്ദൻ ഓർമ്മിപ്പിക്കപ്പെടേണ്ടതുണ്ട്. കാരണം ഇന്ത്യയിലെ കോടിക്കണക്കിനു നിസ്വരായ മനുഷ്യരും അദ്ദേഹത്തിന്റെ സഹോദരങ്ങളായിരുന്നു. പാണ്ഡിത്യം ജീവിതഗന്ധിയാകുമ്പോൾ മാത്രം സാധ്യമാകുന്ന ആത്മജ്ഞാനത്താൽ നയിക്കപ്പെട്ട ദാർശനികനായിരുന്നു സ്വാമി വിവേകാനന്ദൻ.

എല്ലാവരും തങ്ങളുടെ മതങ്ങളെ കുറിച്ച് പറഞ്ഞപ്പോൾ സ്വാമി എല്ലാ മതങ്ങളെക്കുറിച്ചും അവരുടെ സത്തയിൽ മുനകൂർപ്പിക്കുന്ന സത്യത്തിന്റെ വെളിച്ചത്തെക്കുറിച്ചും പറഞ്ഞു. ഇന്ത്യയുടെ മതാതീയമായ

**'പല മതസാരവും ഏകമെന്ന' നാരായണ ഗുരുവിന്റെ ദാർശനിക പാഠത്തിന്റെ പൊരുൾ കണ്ടെത്തിയത് സ്വാമി വിവേകാനന്ദനായിരുന്നു എന്ന് നിസ്സംശയം പറയാം.**

സാംസ്കാരിക പാരമ്പര്യത്തെ, മതപരമായി നിലനിൽക്കുമ്പോഴും മതാതീതമായി നാം പലകാലങ്ങളിലായി ജീവിച്ച ജീവിതത്തെയൊക്കെ വിവേകാനന്ദനിലൂടെയാണ് ലോകം അറിഞ്ഞത്. ഹിന്ദുയിസം (നാമിന്ന് ഉപയോഗിക്കുന്ന ഹിന്ദുത്വത്തിൽ നിന്ന് ഭിന്നമായി) കലർപ്പിന്റേതായ സാംസ്കാരികാനുഭവമാണെന്ന് സ്വാമിയാണ് ചരിത്രത്തിലാദ്യമായി ലോകത്തോട് വിളിച്ചു പറഞ്ഞത്.

ക്രിസ്തുവും കൃഷ്ണനും മുത്തുനബിയും സ്വാമിക്ക് അപരമായിരുന്നില്ല. ഒരുവൻ സ്വന്തം മതത്തിന്റെ ഹൃദയത്തിലെത്തുമ്പോൾ മറ്റെല്ലാ മതങ്ങളുടേയും ഹൃദയത്തിലെത്തുന്നു എന്ന് സ്വന്തം ജീവിതം കൊണ്ടാണ് സ്വാമി വിവേകാനന്ദൻ ബോധ്യപ്പെടുത്തുന്നത്. ക്രിസ്തു ജീവിച്ചിരുന്നത് തന്റെ കാലത്തായിരുന്നെങ്കിൽ തന്റെ ഹൃദയാക്ഷരം കൊണ്ട് മഹാത്മാവിന്റെ കാൽപാദം കഴുകുമെന്ന് എളുപ്പത്തിൽ സ്വാമി വിവേകാനന്ദൻ പറയുന്നത് ക്രിസ്തുവും ക്രിസ്തുമതവും അന്വേഷിക്കുന്ന സത്യം സ്വാമിക്ക് അന്യമായിരുന്നില്ല എന്നതിനാലായിരുന്നു. 'പല മതസാരവും ഏകമെന്ന' നാരായണഗുരുവിന്റെ ദാർശനിക പാഠത്തിന്റെ പൊരുൾ കണ്ടെത്തിയത് സ്വാമി വിവേകാനന്ദനായിരുന്നു എന്ന് നിസ്സംശയം പറയാം.

പശു സംരക്ഷണത്തിന് ധനസഹായം തേടിവരുന്നവരോട്, വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടി എന്തു ചെയ്തു എന്നദ്ദേഹം ചോദിക്കുന്ന മാനവികമായ ചോദ്യം ഈ കാലത്ത് കൂടുതൽ പ്രസക്തമാകുന്നു. മനുഷ്യനായിരുന്നു, നിസ്വനും പരമ ദയനീയനുമായ മനുഷ്യനായിരുന്നു വിഷയം. മതം പോലും മനുഷ്യനെ കഴിഞ്ഞിട്ടു മാത്രം വിഷയവൽക്കരിക്കപ്പെട്ടു. പട്ടിണികിടക്കുന്ന മനുഷ്യന് മതമല്ല ഭക്ഷണമാണ് ആവശ്യം എന്ന് സ്വാമി വിവേകാനന്ദൻ ഓർമ്മിപ്പിക്കുന്നത് അതുകൊണ്ടാണ്.

കേരളത്തെ ഭ്രാന്താലയം എന്നാണദ്ദേഹം വിശേഷിപ്പിച്ചത്. കേരളത്തിന്റെ ഇരുണ്ട കാലത്തിനേറ്റ കടുത്ത പ്രഹരമായിരുന്നു അദ്ദേഹത്തിന്റെ വിമർശനം. അദ്ദേഹമെഴുതി 'മലബാറിൽ ഞാൻ കണ്ടെതിനേക്കാൾ കവിഞ്ഞ വിഡ്ഢിത്തം ഇതിനുമുമ്പ് ലോകത്തിലെവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? സവർണ്ണർ നടക്കുന്ന തെരുവുകളിൽ കൂടി പാവപ്പെട്ട പറയനു നടന്നുകൂടാ. പക്ഷേ സങ്കീർണ്ണമായ ഈ ജീവിതം ഹ്രസ്വമാണ്. ലോകത്തിലെ പൊള്ളത്തരങ്ങൾ പെട്ടെന്ന് മങ്ങിമറയുന്നു. മറ്റുള്ളവർക്കു വേണ്ടി ജീവിക്കുന്നവർക്കു മാത്രമേ ജീവിതമുള്ളൂ. ശേഷിക്കുന്നവർ ജീവച്ഛവങ്ങളാണ്.●

*യുവജന കമ്മീഷൻ ചെയർപേഴ്സനാണ് ലേഖിക*



# ഒല്ലൂക്കരയിൽ ക്ലീൻ ആർമിക്കുമുന്നിൽ പ്ലാസ്റ്റിക് മാലിന്യം കീഴടങ്ങുന്നു

തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്ക്പഞ്ചായത്തിൽ 2016-17 വാർഷിക പദ്ധതിക്കാലത്ത് പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനുമായി രൂപം കൊടുത്ത ഒരു പദ്ധതിയാണ് ക്ലീൻ ആർമി. പ്ലാസ്റ്റിക് നിരോധനം എന്നത് എളുപ്പത്തിൽ നേടിയെടുക്കാൻ കഴിയുന്ന ഒരു ലക്ഷ്യമല്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഹരിതഭൂമിയുടെ അന്തകനായികൊണ്ടിരിക്കുന്ന പ്ലാസ്റ്റിക്മാലിന്യത്തെ നേരിടാൻ ഈ പദ്ധതിക്ക് രൂപം കൊടുത്തത്. ഒല്ലൂക്കര ബ്ലോക്കിലെ നാലു ഗ്രാമപഞ്ചായത്തുകളിലേയും 30000 കുടുംബങ്ങൾ മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഉപയോഗശേഷം അലക്ഷ്യമായി വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യം അഴുക്കില്ലാതെ ശേഖരിക്കുകയെന്ന-പറയാൻ എളുപ്പമുള്ളതും എന്നാൽ പൊതുജനങ്ങളുടെ "നടപ്പുശീലത്തെ" വേരോടെ പിഴുതെറിഞ്ഞ് മാത്രം നേടാൻ കഴിയുന്ന ഒരു ദൗത്യമാണ് ക്ലീൻ ആർമിക്കു മുന്നിലുണ്ടായിരുന്നത്. ഇതിലേക്കായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു വാർഡിൽ നിന്നും ഒരു വളണ്ടിയർ എന്ന രീതിയിൽ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ കുടുംബശ്രീ പ്രവർത്തകരെ തെരഞ്ഞെടുക്കുകയും പഞ്ചായത്ത് തലത്തിൽ ഒരു ക്ലീൻ ആർമി ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തു. തുടർന്ന് ഗ്രാമപഞ്ചായത്ത്തല ക്ലീൻ ആർമി ഗ്രൂപ്പുകളുടെ തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ ഉൾപ്പെടുത്തി ബ്ലോക്ക് തലത്തിൽ ഒരു അപെക്സ് ബോഡിയും ഒരു നിയമാവലിയുടെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായി രൂപീകരിച്ചു.

ഒരു സംഘടിത സംവിധാനത്തിലൂടെ മാത്രമേ ഉറവിടത്തിൽ നിന്നും അഴുക്കില്ലാതെ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കാൻ കഴിയൂ എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് ആദ്യഘട്ടത്തിൽ 4 ഗ്രാമപഞ്ചായത്തുകളിലുമായി പ്രവർത്തിച്ചുവരുന്ന 1200 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേനഏകദേശം 15000 കുടുംബങ്ങളെ ലക്ഷ്യമിട്ട് പദ്ധതിക്ക് തുടക്കം കുറിച്ചു. ഇതിലേക്കായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും എല്ലാ അയൽക്കൂട്ട ഭാരവാഹികളേയും ഉൾപ്പെടുത്തി അതിശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശുചിത്വ മിഷന്റെ സഹകരണത്തോടെ ആരംഭിച്ചു. അതോടൊപ്പം ജനപ്രതിനിധികളേയും അംഗൻവാടി പ്രവർത്തകരേയും കച്ചവട സ്ഥാപനങ്ങളുടെ പ്രതിനിധികളേയും പരിശീലനപരിപാടിയിൽ പങ്കാളികളാക്കി

എല്ലാ മാസവും അവസാനത്തെ ഞായറാഴ്ച ചേരുന്ന അയൽക്കൂട്ട യോഗങ്ങളിലേക്ക് കുടുംബശ്രീ അംഗങ്ങൾ അവരവരുടെ വീടുകളിൽ നിന്നും അഴുക്കില്ലാതെ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം കൊണ്ടുവരികയെന്ന തന്ത്രമാണ് അവലംബിച്ചത്. ഓരോ കുടുംബവും പ്രതിമാസം 10 രൂപ യൂസർ ഫീ ഇനത്തിൽ നൽകണമെന്നും വ്യവസ്ഥ ചെയ്തു. ഇക്കാര്യത്തിൽ സമ്മിശ്ര പ്രതികരണമാണ് ഉണ്ടായത്. മലയോര മേഖലകളിൽ യൂസർ ഫീ നൽകുന്നതിന് കടുത്ത എതിർപ്പ് നേരിട്ടപ്പോൾ അർബൻ മേഖലയിൽ 10 രൂപയ്ക്ക് പകരം 50 രൂപ നൽകുന്നതിനും ജനങ്ങൾ തയ്യാറായി. എന്നിരുന്നാലും മാലിന്യം അത് സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്വമാണ് എന്ന തത്വത്തിൽ ഉറച്ചുനിന്നുകൊണ്ട് എതിർപ്പുകളെ സൗമ്യമായി നേരിട്ട് ക്ലീൻ ആർമിയുടെ പ്രവർത്തനം മുന്നോട്ട് നീങ്ങി.

ഇത്തരത്തിൽ മാസാവസാനം ഒരിക്കൽ മാത്രം ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം അത് ശേഖരിച്ചുവച്ച കുടുംബത്തിൽ നിന്നും വാർഡ് തല ക്ലീൻ ആർമി വളണ്ടിയർമാർ മുഖേന24 മണിക്കൂറിനുള്ളിൽ തന്നെ കളക്റ്റ് ചെയ്ത് വാർഡ് തലത്തിൽ ഒരു കേന്ദ്രത്തിൽ ശേഖരിച്ചു. ഇതിനായി വാർഡ്തല വളണ്ടിയർമാർക്ക് 300 രൂപ ഓണറേറിയവും വാഹനവാടകയും നൽകുന്നതിന് വ്യവസ്ഥയുണ്ടാക്കി. അയൽക്കൂട്ടതലത്തിൽ ശേഖരിച്ചിതനാൽ ക്ലീൻ ആർമി വളണ്ടിയർമാർക്ക് ഒരു വാർഡിന്റെ പത്തോ പതിനഞ്ചോ സെന്ററുകളിൽ നിന്നായി കളക്ഷൻ നടത്തുന്നതിന് സാധിക്കും.

അടുത്തഘട്ടം പഞ്ചായത്ത് തല

ശേഖരണമാണ്. ശേഖരിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യം ഒരു ദിവസത്തിൽ കൂടുതൽ സംഭരണ കേന്ദ്രത്തിൽ സൂക്ഷിക്കേണ്ടി വരരുത് എന്ന കർശനവ്യവസ്ഥ ക്ലീൻ ആർമി വളണ്ടിയർമാക്ക് നൽകി. അതുകൊണ്ട് തന്നെ വാർഡ്തലത്തിൽ ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യം അന്നുതന്നെ ബ്ലോക്ക് തല സംഭരണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് സംവിധാനം ഒരുക്കി. ഇതിലേക്കായി പഞ്ചായത്ത് തലത്തിൽ 2 വളണ്ടിയർമാരെ നിയോഗിക്കുകയും പകുതി വാർഡുകൾ വീതം ചുമതല നൽകുകയും ചെയ്തു. ഇവർ അവർക്ക് ചുമതലപ്പെടുത്തിയ വാർഡുകളിൽനിനും പ്ലാസ്റ്റിക് മാലിന്യം ഗുഡ്സ് ഓട്ടോയിൽ ശേഖരിച്ച് നേരിട്ട് ബ്ലോക്ക്തല റിസോഴ്സ് റിക്കവറി സെന്ററിലെത്തിച്ചു.

ആദ്യഘട്ടത്തിൽ കുടുംബശ്രീ അയൽക്കൂട്ട കുടുംബങ്ങൾ മാത്രമായിരുന്ന പദ്ധതിയിൽ പങ്കുചേർന്നതെങ്കിലും പദ്ധതിയുടെ ആശയം ക്രമേണ മറ്റു കുടുംബങ്ങളിലേക്കും വ്യാപിച്ചു. അതുകൊണ്ടുതന്നെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് പുറമെയുള്ള കുടുംബങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കാൻ ആരംഭിച്ചു.മറ്റു കുടുംബങ്ങൾക്ക് 20 രൂപയും കച്ചവട സ്ഥാപനങ്ങൾക്ക് 50 രൂപയും എന്ന തോതിൽ യൂസർ ഫീ നിശ്ചയിച്ചു. പദ്ധതിയുടെ തുടർനടത്തിപ്പിനുള്ള ഫണ്ട് കണ്ടെത്തലും മാലിന്യം ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു പിഴ എന്നതുമാണ് യുസർ ഫീ എന്ന ആശയത്തിൽ ഉറച്ചുനിൽക്കാൻ ക്ലീൻ ആർമിയെ പ്രേരിപ്പിച്ച ഘടകം. പദ്ധതി ആരംഭിച്ച് 2 മാസം പിന്നിട്ടപ്പോൾ തന്നെ ഏകദേശം 20% വീടുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുകയെന്ന ലക്ഷ്യം നേടാൻ കഴിഞ്ഞു. ബ്ലോക്ക്പഞ്ചായത്തിന്റെ സംഭരണകേന്ദ്രം വലിയൊരു പ്ലാസ്റ്റിക് മല തന്നെയായി മാറി.

ഓരോ മാസവും ശേഖരിക്കപ്പെടുന്ന മാലിന്യത്തിന്റെ തോത് അറിഞ്ഞതിനുശേഷം മാത്രം സംസ്കരണത്തിനുള്ള സംവിധാനം മതിയെന്നായിരുന്ന ക്ലീൻ ആർമിയുടെ തീരുമാനം. അതുകൊണ്ടുതന്നെ 2 മാസത്തിനുശേഷം ഷ്രെഡിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു. മാസത്തിലൊരിക്കൽ ശേഖരിക്കുകയും മറ്റു ദിവസങ്ങളിൽ പൊടിച്ചെടുക്കുകയും ചെയ്യുകയെന്നതാണ് പദ്ധതി. 2016-17 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക്പഞ്ചായത്തിന്റെ ഒരു റോഡ് ഏകദേശം 400 മീറ്റർ ദൂരം 170 കിലോഗ്രാം പ്ലാസ്റ്റിക് പൊടിച്ചേർത്ത് ടാർ ചെയ്യുകയുണ്ടായി. ഒരു റോഡ് ടാറിങ്ങിന് പ്ലാസ്റ്റിക് മാലിന്യം 10% എന്ന തോതിൽ ചേർക്കുമ്പോൾ 7% ടാറ് എസ്റ്റിമേറ്റിൽ കുറയ്ക്കുവാൻ കഴിയുമെന്ന് കണ്ടെത്തി. ഇത് പദ്ധതിക്ക് ഏറെ പ്രചോദനം നൽകി.



നിലവിൽ ഈ പ്ലാസ്റ്റിക് മാലിന്യം ബ്ലോക്ക്പഞ്ചായത്തിലേയും അത് ഉൾകൊള്ളുന്ന ഗ്രാമപഞ്ചായത്തുകളുടേയും റോഡുകൾ ടാർ ചെയ്യുന്നതിനുള്ള ലക്ഷ്യം മുന്നിൽ കണ്ടാണ് പ്രവർത്തിക്കുന്നത്.

പദ്ധതിയുടെ പുരോഗതി വിലയിരുത്തിയ സ്ഥലം എം.എൽ.എ. കെ.രാജന്റെ ശ്രമഫലമായി തൃശ്ശൂർ ഈസ്റ്റ് ഉപജില്ല എ.ഇ.ഒ. യുടെ സഹകരണത്തോടെ 47 സ്കൂളുകളിൽനിന്നായി "ജ്വാല" പദ്ധതിയുമായി സംയോജിപ്പിച്ച് വിദ്യാർത്ഥികൾ മുഖേനവീടുകളിലെ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്ന പദ്ധതിക്കും ക്ലീൻ ആർമി തുടക്കം കുറിച്ചു.

പ്ലാസ്റ്റിക് മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും മൂലമുള്ള അതീവ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളെ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ബ്ലോക്ക്പഞ്ചായത്ത് പരിധിയിലെ 4 ഗ്രാമപഞ്ചായത്തുകളിലുമായി 24 കേന്ദ്രങ്ങളിൽ "നമ്മുടെ ഭൂമി" എന്ന തെരുവോര നാടകം സംഘടിപ്പിച്ചു. ജനങ്ങൾ വളരെയധികം ആവേശത്തോടെയാണ് തെരുവുനാടകത്തെ സ്വീകരിച്ചത്. ഇതിന്റെ പ്രതിഫലമെന്നോണം തൊട്ടടുത്ത മാസം പ്ലാസ്റ്റിക് മാലിന്യ ശേഖരണം ഇരട്ടിയിലധികമായി. മാത്രമല്ല മറ്റു സംഘടനകളും ക്ലബ്ബുകളും പദ്ധതിയിൽ പങ്കാളികളായി. 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ക്ലീൻ ആർമിക്ക് പ്ലാസ്റ്റിക് ശേഖരണത്തിനായി ഗുഡ്സ് ഓട്ടോ വാങ്ങി നൽകി.

2016-17 ൽ 19.54 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിയാണ് പ്ലാസ്റ്റിക് മാലിന്യ ശേഖരണ സംസ്കരണ പദ്ധതിയായ ക്ലീൻ ആർമിക്ക് വകയിരുത്തിയത്. അതിൽ ആറ് ലക്ഷം രൂപ ഗ്രൂപ്പിന് വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി നൽകി. 380000 രൂപയ്ക്ക് ഷ്രെഡ്ഡിങ്ങ് മെഷീനും വാഷിങ് മെഷീനും വാങ്ങി. പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് ഓരോ മാസവും കൂടിവരുന്ന സാഹചര്യത്തിൽ 2017-18 ൽ പുതിയ ഒരു ഷ്രെഡിങ് മെഷീൻ കൂടി വാങ്ങി പ്രവർത്തനം വിപുലപ്പെടുത്തി. നിലവിൽ 8 ടൺ പ്ലാസ്റ്റിക് മാലിന്യം ക്ലീൻ ആർമി പ്രവർത്തകർ ശേഖരിച്ചുകഴിഞ്ഞു. 2017 ഡിസംബർ കാലയളവിൽ ഒരു ടൺ പ്ലാസ്റ്റിക് മാലിന്യം പൊടിച്ച് സമീപ ഗ്രാമപഞ്ചായത്തുകൾക്ക് ടാറിങ്ങിനായി വിൽപനനടത്തി. 38000 രൂപ വരുമാനമായി ലഭിച്ചു. നാളിതുവരെ 32000 രൂപ യൂസർ ഫീ ഇനത്തിൽ ഗ്രൂപ്പിന് ലഭിച്ചിട്ടുണ്ട്.

ഒരു വർഷക്കാലം നീണ്ടുനിന്ന അതിശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയാണ് പ്ലാസ്റ്റിക് മാലിന്യം എന്ന ഭീകരതയ്ക്കെതിരെയുള്ള യുദ്ധത്തിൽ പ്രതീക്ഷയുടെ ഒരു വെള്ളിവെളിച്ചം കാണാനായത്.

*സെക്രട്ടറി, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്*



# ഇരിങ്ങാലക്കുട ബ്ലോക്കിൽ മാലിന്യ സംസ്കരണത്തിന് 'ഹരിതം ജീവനം' പദ്ധതി

കേരളസർക്കാരിന്റെ 'ഹരിതകേരളം' ദൗത്യത്തിൽ നിന്ന് പ്രചോദനം സ്വീകരിച്ച് ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് ആരംഭിച്ച 'ഹരിതം ജീവനം' തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യപരിപാലന പ്രവർത്തനങ്ങൾക്ക് മാതൃകയാവുകയാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കാറളം മിനി വ്യവസായ എസ്റ്റേറ്റിലെ അജൈവമാലിന്യ സംസ്കരണ കേന്ദ്രം 2017 സെപ്റ്റംബർ 10-ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെടി ജലീൽ ഉദ്ഘാടനം ചെയ്തു. ഉപയോഗിച്ച് വലിച്ചെറിഞ്ഞ പ്ലാസ്റ്റിക് കാരിബാഗുകൾ, പ്ലാസ്റ്റിക് കുപ്പികൾ മുതലായ ഇവിടെ ശാസ്ത്രീയമായി സംസ്കരിക്കുന്നു.

2016 -17ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് 'ഹരിതം ജീവനം' പദ്ധതിയുടെ പ്രോജക്ട് തയ്യാറാക്കിയത്. ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെട്ട്, 1,80,000 രൂപ ചെലവിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീനും ബെയ്‌ലിംഗ് മെഷീനും വാങ്ങി. ആറ് ലക്ഷം രൂപയോളം ചെലവഴിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി. പ്രസിഡന്റിന്റെ അധ്യക്ഷതയിൽ സർവകക്ഷി യോഗം ചേർന്ന്, ജനങ്ങളെ കാര്യങ്ങൾ ബോധ്യപ്പെടുത്തി. ഒക്ടോബർ ഒന്നിന് സെന്റർ പ്രവർത്തന സജ്ജമായി. കാറളം, കാട്ടൂർ, മൂരിയാട്, പറപ്പൂക്കര എന്നീ ഗ്രാമപഞ്ചായത്തുകളിലെ ഹരിതസേനകൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളാണ് ഇവിടെ സംസ്കരിക്കുന്നത്. മൂന്ന് തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നു. ക്ലീൻ കേരള കമ്പനിയുടെ ഓർഡർ പ്രകാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടും ഇവിടെ നിന്ന്, റോഡ് ടാറിങ്ങിനുള്ള ഷ്രഡ് ചെയ്ത പ്ലാസ്റ്റിക്ക് നിശ്ചിത നിരക്കിൽ വാങ്ങുന്നു.

---

# വടക്കാഞ്ചേരി ബ്ലോക്ക് സമഗ്ര നീർത്തട വികസന മാസ്റ്റർ പ്ലാൻ പ്രകാശനം ചെയ്തു

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്ര നീർത്തട മാസ്റ്റർ പ്ലാൻ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി. ജലീൽ മന്ത്രി എ.സി. മൊയ്തീന് നൽകി പ്രകാശനം ചെയ്തു. മണ്ണും ജലവും ജൈവസമ്പത്തുമടങ്ങിയ സമസ്ത മേഖലകളുടെയും വികസനം വിഭാവനം ചെയ്യുന്ന ഈ മാസ്റ്റർ പ്ലാൻ സംസ്ഥാനത്തെ ഒരു ബ്ലോക്ക് ജിഐഎസ് - ജിപിഎസ് സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് തയ്യാറാക്കിയ ആദ്യത്തെ സമഗ്ര നീർത്തട പ്ലാനാണ്. ഏതാണ്ട് 16700 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്ന ചെറുതും വലുതുമായ 105 നീർത്തടങ്ങളുടെ രൂപരേഖകൾ തയ്യാറാക്കി. ആ പ്രദേശങ്ങളിലെ പരിസ്ഥിതിക പ്രശ്നങ്ങളും വികസന ആവശ്യങ്ങളും, സാധ്യതകളും ശാസ്ത്രീയമായി പഠിച്ച ശേഷമാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.





## മദ്യവിപത്തിനെതിരെ സ്ത്രീജ്വാല

അഴിയൂർ ഗ്രാമപഞ്ചായത്തിന്റെ മദ്യവിരുദ്ധ ബോധവൽക്കരണ പരിപാടിയായ 'സ്ത്രീജ്വാല' 21.1.2018 ന് സംസ്ഥാന എക്സൈസ് വകുപ്പ് മന്ത്രി ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മദ്യപാനം കടുത്ത സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന അഴിയൂർ പഞ്ചായത്തിലെ മാഹി റെയിൽവേ സ്റ്റേഷൻ പരിസരത്ത് വെച്ചാണ് മദ്യവിപത്തിനെതിരെ സ്ത്രീകൾ 'സ്ത്രീജ്വാല' തെളിയിച്ചത്. അഴിയൂരിനെ തൊട്ടുരുമ്മി നിൽക്കുന്ന മദ്യത്തിന്റെ പറുദീസയായ മാഹിയിൽ കഴിഞ്ഞ ഡിസംബർ 31-ന് രണ്ടര കോടി രൂപയുടെ മദ്യം വിറ്റുപോയി. അറുപതോളം മദ്യശാലകൾ പ്രവർത്തിക്കുന്ന ഇവിടേക്ക് മദ്യപിക്കാനെത്തുന്ന ആളുകൾ ആശ്രയിക്കുന്ന റെയിൽവേ സ്റ്റേഷൻ, ബസ്റ്റാന്റ് എന്നിവ സ്ഥിതി ചെയ്യുന്നത് അഴിയൂർ ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിലാണ്. മദ്യപിച്ചു കഴിഞ്ഞാൽ ഇവർ ഉണ്ടാക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ സഹിക്കേണ്ടിവരുന്നതും ഇവിടെയുള്ള ജനങ്ങളാണ്. ഇതിനെതിരെയാണ് അഴിയൂരിലെ സ്ത്രീകൾ രംഗത്തിറങ്ങിയിരിക്കുന്നത്.

## മുഹമ്മ പഞ്ചായത്തിൽ ഉത്തരവാദിത്വ ടൂറിസം

ആലപ്പുഴ ജില്ലയിലെ മുഹമ്മ പഞ്ചായത്തിൽ സംസ്ഥാന ടൂറിസം വകുപ്പിന് കീഴിലുള്ള ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ഇതിന്റെ ഭാഗമായി, അജൈവ മാലിന്യങ്ങൾ സംസ്കരിച്ചു തുടങ്ങി. ഉത്തരവാദിത്വ ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്ത ഗ്രീൻഫീൽഡ് ചാരിറ്റബിൾ ട്രസ്റ്റാണ് ഹരിതസേനാംഗങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ സംസ്ക്കരിക്കുന്നത്. പഞ്ചായത്തിലെ ഹരിത സേനയുടെ പ്രവർത്തകർ ശേഖരിച്ച മാലിന്യങ്ങൾ ട്രസ്റ്റിന് കൈമാറി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഷീന സനൽ കുമാർ പദ്ധതി ഉദ്ഘാടനം ചെയ്തു. മാലിന്യ രഹിതമായ ടൂറിസം കേന്ദ്രങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങളിലൂടെ മുഹമ്മയെ പ്ലാസ്റ്റിക് രഹിത പഞ്ചായത്ത് ആക്കുകയാണ് ലക്ഷ്യമെന്ന് ഉത്തരവാദിത്വ ടൂറിസം മിഷൻ സംസ്ഥാന കോ-ഓർഡിനേറ്റർ രൂപേഷ് കുമാർ പറഞ്ഞു.

## പിഎംഎ വൈ (ഗ്രാമീൺ) വിഇഒമാരുടെ മികവിന് അംഗീകാരം



വി.പി. ലൈജുമോൻ



എം. ഷാഹുൽ ഹമീദ്

പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയുടെ നിർവ്വഹണത്തിൽ മികച്ച നേട്ടം കൈവരിച്ച വെട്ടം ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായ വി.പി. ലൈജുമോൻ, എം. ഷാഹുൽ ഹമീദ് എന്നിവരെ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി ഡോ. കെ.ടി. ജലീൽ ആദരിച്ചു.

ആവാസ് ദിവസ് ആചരണത്തിന്റെ ഭാഗമായി തിരൂർ ബ്ലോക്ക് പഞ്ചായത്തിൽ നടന്ന ചടങ്ങിൽ ഇരുവർക്കും പുരസ്കാരം നൽകി. പിഎംഎവൈ (ഗ്രാമീൺ) ഗുണഭോക്താക്കളുടെ രജിസ്ട്രേഷനിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനത്ത് എത്തിയത് ഇവരാണ്. ഗുണഭോക്താക്കളുടെ ജിയോ- ടാഗിങ് സമയബന്ധിതമായി പൂർത്തീകരിക്കാനും ഇവർക്കായി.




തദ്ദേശ ഭരണ വകുപ്പുകളുടെ ഏകീകരണം ജനങ്ങൾക്കും ജീവനക്കാർക്കും ഗുണകരമാകും.

തദ്ദേശ സ്വയംഭരണ വകുപ്പുകളെ ഒന്നാക്കുകയെന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രഖ്യാപിത നയമാണ്. മാസങ്ങൾക്കുള്ളിൽ, ഇത് നടപ്പിൽ വരും; അതോടെ, സംസ്ഥാനത്തെ തദ്ദേശഭരണം ഇന്ന് നേരിടുന്ന പല പ്രയാസങ്ങൾക്കും പരിഹാരമുണ്ടാവും.

കേരളത്തിലെ ഗ്രാമങ്ങളും നഗരങ്ങളും പരസ്പരം വേർതിരിച്ചറിയാൻ കഴിയാത്ത വിധം കൂടിച്ചേർന്നും ഇടകലർന്നുമാണ് കിടക്കുന്നത്. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഒരുമിച്ചു ചേർന്ന് നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾ നിരവധിയാണ്. തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകീകരണം അതിനുള്ള തടസ്സങ്ങൾ നീക്കും. അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സ്ഥലപരമായ ആസൂത്രണത്തിലെ വൈദഗ്ധ്യം വിവിധ തട്ടുകളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കാൻ ഏകീകരണം സഹായിക്കും. പെർഫോമൻസ് ഓഡിറ്റ് ടീമിനെ പൂർണ്ണമായും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നു തന്നെ നിയമിക്കാനും ഇതിലൂടെ കഴിയും.

ജീവനക്കാരുടെ അഭാവം കൊണ്ടുള്ള പ്രയാസങ്ങൾ ലഘൂകരിക്കാനും, അതോടൊപ്പം, അവർക്ക് സൗകര്യപ്രദമായ സ്ഥലത്ത് നിയമനം നൽകാനും ഇത് സഹായിക്കും.

ഏകീകരണത്തിനുള്ള കരട് വിശേഷാൽ ചട്ടം തയ്യാറാക്കുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഏകീകൃത സർവീസ് രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾക്കായി, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ഏകോപിത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

നിലവിൽ, പഞ്ചായത്തും ഗ്രാമവികസനവും നഗരകാര്യവും നഗര-ഗ്രാമാസൂത്രണവും തദ്ദേശസ്വയംഭരണ എൻജിനീയറിങ്ങും വ്യത്യസ്ത ഭരണ വിഭാഗങ്ങളാണ്. പുതിയ സംവിധാനം വരുന്നതോടെ, ഈ വിഭാഗങ്ങൾ ഒരു പൊതു സർവീസിന്റെ കുടക്കീഴിൽ വരും.അതോടെ, ജീവനക്കാരെ അതതു വിഭാഗങ്ങൾക്കുള്ളിൽ മാത്രം നിയമിക്കണമെന്ന നിഷ്കർഷ ഇല്ലാതാവും. ഒരു വിഭാഗത്തിലെ ജീവനക്കാരെ കൂടുതൽ സൗകര്യപ്രദവും അവരുടെ സേവനം കൂടുതൽ ആവശ്യമുള്ളതുമായ മറ്റൊരു വിഭാഗത്തിലെ സമാന തസ്തികകളിലേക്ക് സ്ഥലം മാറ്റി നിയമിക്കാൻ കഴിയും.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ സേവന ക്ഷമത മെച്ചപ്പെടുത്താൻ സഹായകമാകുന്ന വിധത്തിൽ, വൈദഗ്ധ്യവും പ്രഫഷണൽ - സാങ്കേതിക മികവുമുള്ള ഉദ്യോഗസ്ഥ സംവിധാനത്തിന്റെ ലഭ്യത ഉറപ്പാക്കാൻ ഇത് സഹായിക്കും.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന ഭരണവും സേവനങ്ങളുടെ ഗുണനിലവാരവും മെച്ചപ്പെടുത്തുന്ന വിധത്തിൽ ജീവനക്കാരെ വിന്യസിക്കാൻ ഇതിലൂടെ അവസരമൊരുങ്ങുകയും ചെയ്യും.

തദ്ദേശ സ്വയംഭരണ രംഗത്തെ ഭരണപരമായ ഏകോപനം ശക്തിപ്പെടുത്താൻ ഇതിലൂടെ സാധിക്കും.

സൗകര്യപ്രദങ്ങളായ സ്ഥലങ്ങളിൽ ജോലി ചെയ്യാൻ കൂടുതൽ പേർക്ക് അവസരം നൽകുന്ന പുതിയ സംവിധാനത്തെ ജീവനക്കാരും പ്രതീക്ഷയോടെയാണ് കാണുന്നത്.

January-February 2018
₹ 2/- Annual Subscription Rs. 12.00

GRAMABHOOMI
Bi-Monthly

RN. No. 36116/1980

# ഗ്രാമീണകേരളത്തിന്റെ നേർക്കാഴ്ചയുമായി

## ഗ്രാമഭൂമി



വായിക്കുക,
വരിക്കാരാകുക

ഗ്രാമഭൂമി

2 വർഷത്തേക്ക് ₹24 മാത്രം

മണിയോർഡർ അയയ്ക്കേണ്ട വിലാസം
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ, ആറാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം 695 003

Printed and Published by Ajitha Das, Chief Officer, Rural Information Bureau, Owned by K. Ramachandran IAS, Commissioner of Rural Development, Government of Kerala, Printed at Government Press, Mannanthala, Thiruvananthapuram. Published from Rural Information Bureau, 6th Floor, Swaraj Bhavan, Nandancode, Kawadiar PO, Thiruvananthapuram, Kerala-695 003. Chief Editor: Ajitha Das